# ആത്മീയ വിഭവങ്ങൾ

ജൂലൈ 2011

## ഉള്ളടക്കം


1 **ഒരു ജീവിതം പ്രാപിക്കുക**- ഒരു വ്യക്തിപരമായ ജീവിത ദർശനം ഉണ്ടാക്കുകയും പരിപാലിക്കയും ചെയ്യുന്നത്
**മാർക്ക് ബെറ്റേഴ്സൺ**

2 **കർത്താവിന്റെ പ്രാർത്ഥന-** ആദ്യനൂറ്റാണ്ടിലെ യൂദായിസത്തിന്റെ പശ്ചാത്തലത്തിൽ യേശുക്രിസ്തുവിന്റെ മാതൃകാ പ്രാർത്ഥനയുടെ അന്തസത്ത
**മാർക്ക് ടർണേജ്**

3 **യേശുവെപ്പോലെ പ്രാർത്ഥിക്കുന്നത്** - പ്രാർത്ഥനയ്ക്ക് ഒരു ഉത്തമവഴി- 1
**ജോർജ്ജ് ഒ. വുഡ്സ്**

4 **ദൈവവവുമായുള്ള സംസാരം-** ദൈവത്തിന്റെ വേദപുസ്തകപരമായ നാമം ഉപയോഗിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നതിന് സഭയെ പ്രോത്സാഹിപ്പിക്കുന്ന പ്രായോഗിക ആശയങ്ങളും തത്വങ്ങളും. 1
**ഡഗ് ഓസ്**

5 **വിശുദ്ധിക്കുവേണ്ടിയുള്ള പ്രാർത്ഥന**- ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതെ എന്ന വാക്യത്തിന്റെ പ്രാധാന്യത്തെ മനസിലാക്കേണമെങ്കിൽ പരീക്ഷകൾ എപ്രകാരമുണ്ടുകുന്നുവെന്ന് നാം മനസിലാക്കേണം. അതായത് ശോധനയുടെ പ്രക്രിയാ രീതി. 2
**ജെയിംസ് റ്റി. ബ്രഡ് ഫോർഡ്**

6 **ആത്മാവിൽ പ്രാർഥിക്കുന്നതും അന്യഭാഷാ വരവും -** 2
**ജോസഫ് എൽ കാസിൽബറി**

7 **അവിടെ മുകളിൽ ഇവിടെ താഴെ നമുക്കു നടുവിൽ എനിക്കുള്ളിൽ** - കർത്താവിന്റെ പ്രാർത്ഥന ദൈവത്തെക്കുറിച്ചുള്ളതും മറ്റുള്ളവരെക്കുറിച്ചുള്ളതുമായ നമ്മുടെ വാഞ്ഛകളെ ക്രമീകരിക്കുന്നു. മാത്രമല്ല, അത് നമുക്കുള്ളിലുള്ള തികവിനെയും നേരിനെയും സംബന്ധിച്ച അറിവിനെയും ക്രമീകരിക്കുന്നു. ജോർജ്ജ് പോൾ വുഡ്സ്




Life Publishers International

മൈക്കിൾ ഏൻജലോ എന്ന പ്രസിദ്ധ കലാകാരന്റെ ജീവിതത്തിന്റെ അടിസ്ഥാനത്തിൽ ഇർവിംഗ് സ്റ്റോൺ ഒരു രചന എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം ദാവീദിന്റെ അത്ഭുത പ്രതിമ എപ്രകാരമാണ് ഉണ്ടായത് എന്ന് എഴുതിയിട്ടുണ്ട്. ഇറ്റലിയിലുള്ള ഫ്ലോറൻസിലെ ഒരു മാർബിൾ കടയിൽ ചെന്ന് മൈക്കിൾ ഏൻജലോ ഒരു നീളമുള്ള മാർബിൾ കല്ല് കണ്ടുവെച്ചു. 17 അടി നീളമുള്ള അതിന്റെ നടുവിൽ ഒരു പിളർപ്പുണ്ടായിരുന്നു. ആ കല്ല് അവിടുന്ന് എടുത്താൽ അതു പൊട്ടിപോകുമോ എന്നുള്ള ഭയം നിമിത്തം മറ്റു കലാകാരന്മാർ ആ കല്ല് വാങ്ങുവാൻ താല്പര്യപ്പെട്ടില്ല.

എന്നാൽ മൈക്കിൾ ഏൻജലോ ആ കല്ല് തന്റെ ശില്പശാലയ്ക്ക് എടുത്തുകൊണ്ടുപോയി. ആ കല്ലിന്റെ നടുവിൽ ദാവീദ് ഇരിക്കുന്നത് തന്റെ കലാവൈഭവമുള്ള കണ്ണുകൊണ്ട് അദ്ദേഹം കണ്ടിരുന്നു. ഒരു വൈഭവമുള്ള കലാകാരനു മാത്രമേ അതിൽ നിന്നു ദാവീദിനെ വെളിയിൽ കൊണ്ടുവരുവാൻ കഴിയുകയുള്ളൂ. ഫ്ലോറൻസിലുള്ള ആ മാർബിൾ കല്ലിന് മൈക്കൾ ഏജിലോയുടെ കലാവൈഭവം തനിക്ക് ആവശ്യമായിരുന്നുവെന്നത് തനിക്ക് അറിയത്തില്ലായിരുന്നു. എന്നാൽ എന്റെ ജീവിതത്തെ പ്രയോജനമുള്ളതാക്കി മാറ്റുവാൻ ദൈവത്തോടു പ്രാർത്ഥിക്കുവാൻ എനിക്കു കഴിയും. കുറവുള്ള എന്നെ ഊനമില്ലാത്ത അവിടുത്തെ ഛായയിൽ ആക്കുവാൻ അവിടുത്തേക്കു കഴിയും.

**ജോർജ് ഒ വുഡ്സ്**

# A Psalm in your heart


## Life Publishers International



© Copyright Life Publishers 2009



Published by Life Publishers, Springfield, Missouri USA



All rights reserved.


എൻറിച്ചുമെന്റ് ജേർണൽ ഇപ്പോൾ നിങ്ങൾക്ക് 12 ഭാഷകളിൽ ഓൺ ലൈനിൽ വായിക്കാവുന്നതാണ്. എൻറിച്ചുമെന്റ് ജേർണലിന്റെ വെബ് സൈറ്റിൽ ചെന്ന് യോജ്യമായ പതാകയിൽ ക്ലിക്ക് ചെയ്യുക. മലയാളം, തമിഴ്, ബംഗാളി, ഹിന്ദി,ഫ്രഞ്ച്, റഷ്യൻ, റുമേനിയൻ, ഹംഗേറിയൻ,ക്രൊയേഷൻ, ജർമ്മൻ, സ്പാനിഷ്, ഉക്രേനിയൻ, എന്നിങ്ങനെ 12 ഭാഷാ തെരഞ്ഞെടുപ്പുകൾ അവിടെ ലഭ്യമാണ്.

ഇങ്ങനെ നിങ്ങൾക്ക് ഓൺ ലൈനിൽ ജേർണലുകൾ വായിക്കുവാനും സൗകര്യാർത്ഥം ഡൗൺലോഡ് ചെയ്യുവാനും സാദ്ധ്യമാണ്. കടുതൽ വിവരങ്ങൾക്ക് : http://www.enrichmentjournal.ag.org സന്ദർശിക്കുക. EnrichmentJournal@lifePublishers.org. എന്ന ഈമെയിലിൽ ഞങ്ങളുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.



# ഒരു ജീവിതം പ്രാപിക്കുക

## ഒരു വ്യക്തിപരമായ ജീവിത ദർശനം ഉണ്ടാക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്

മാർക്ക് ബെറ്റേഴ്സൺ

# നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിന്റെ ദർശനം മനസിലാക്കി അതിനെ നിർവചിക്കുവാൻ ഉതകുന്ന പത്തു തത്വങ്ങൾ

ഒരു ഭർത്താവായും ഒരു പിതാവായും ഒരു എഴുത്തുകാരനായും ഈ പ്രസ്താവന എന്റെ ജീവിതത്തിൽ ഒരു സ്വാധീന ശക്തിയായി മാറുന്നു. താലന്ത് അഥവാ കഴിവ് എന്നത് ദൈവത്തിന്റെ ദാനമാണ്. എന്നാൽ അതുകൊണ്ട് നാം എന്തു ചെയ്യുന്നു എന്നുള്ളത് നാം ദൈവത്തിനു കൊടുക്കുന്ന ദാനവുമാണ്. ദൈവത്താൽ തങ്ങൾക്കു നൽകപ്പെട്ട കഴിവിനെ അഥവാ താലന്തിനെ കാര്യ വിചാരം ചെയ്യുന്നതിൽ മറ്റുള്ളവർക്ക് സഹായകമായി തീരുന്നതാണ് എന്റെ ബലം.

നിങ്ങൾക്ക് ഒരു വ്യക്തിപരമായ ജീവിത ദർശനമുണ്ടോ ? നിങ്ങളുടെ സഭയെക്കുറിച്ചു മാത്രമല്ല, സഭയ്ക്കു വെളിയിലുള്ള മറ്റു പ്രവർത്തനങ്ങളെക്കുറിച്ചുനിങ്ങൾക്ക് ഒരു വ്യക്തിപരമായ ജീവിത ദർശനമുണ്ടോ ? മാത്രമല്ല, നിങ്ങളുടെ വിവാഹ ജീവിതത്തെക്കുറിച്ച് നിങ്ങൾക്കൊരു ദർശനമുണ്ടോ? നിങ്ങൾ ആരായിരിക്കുന്നുവെന്നും എന്തു ചെയ്യുന്നുവെന്നുമുള്ള അറിവ് നിങ്ങൾക്കുണ്ടോ ? രാവിലെ നിങ്ങളെ ഉണർത്തുന്നതും രാത്രിയിൽ നിങ്ങളെ ഉറക്കിളപ്പിക്കുന്നതുമായ സംഗതി എന്താണ് ?

## നിങ്ങളും നിങ്ങളായിത്തന്നെ ആയിരിക്കുക

നാഷണൽ കമ്മ്യൂണിറ്റി ചർച്ചിൽ ഞാൻ പാസ്റ്ററായിരിക്കുമ്പോൾ യഥാർത്ഥമായും ഒരു പാസ്റ്ററായിരിക്കുവാൻ ഞാൻ കഴിയുന്നത്ര ശ്രമിച്ചു. പതിനാലു വർഷങ്ങൾക്കു ശേഷം ഞാൻ ഞാനായിരിക്കുവാൻ ശ്രമിക്കുകയാണ്. ഇതിൽ ഒരു വലിയ വ്യത്യാസമുണ്ട്. നിങ്ങൾ നയിച്ചുകൊണ്ടുപോകുന്ന ഏതു വിഷയത്തിനും നിങ്ങളുടെ തനിമയെ അതിനു പുറത്തായി കാണുന്നത് അപകടകരമായ കാര്യമാണ്. നിങ്ങളുടെ ശുശ്രൂഷ നിങ്ങളുടെ തനിമയെ വെളിപ്പെടുത്തുന്നതായിരിക്കണം.

ഒരു വാരാന്ത്യത്തിന്റെ അവിധി ദിവസത്തിൽ ഞാൻ സഭ വിട്ട് പുറത്തായിരിക്കുന്ന സമയത്ത് ഈ വെളിപാട് എന്നെക്കുറിച്ചും എന്റെ ജീവിതത്തെക്കുറിച്ചും നാഷണൽ കമ്മ്യൂണിറ്റി ചർച്ചിനെക്കുറിച്ചും എന്റെ കാഴ്ചയ്ക്ക് വ്യത്യാസമുണ്ടാക്കി. അത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസങ്ങളായിരുന്നു.ഒരു പ്രത്യേക നിമിഷം എന്റെ മനസ്സിൽ നിന്നും മായാതെ നിൽക്കുന്നു. വളരെ മഞ്ഞു പെയ്തുകൊണ്ടിരിക്കുന്ന ഒരു സമയത്ത് ഞാനും എന്റെ മകനും വൈദ്യുതി കസേരയിൽ മലമുകളിലേക്ക് പൊയ്ക്കൊണ്ടിരുന്നു. അപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തമായ ബോധനം ഞാൻ കേട്ടു. ആ സമയത്ത് പത്തു വർഷങ്ങളിൽ അധികമായി നാഷണൽ കമ്മ്യൂണിറ്റി ചർച്ചിനെ ചുറ്റിപറ്റി എന്റെ ജീവിതം ആയിരിക്കുന്നത് ഞാൻ മനസിലാക്കി. നിങ്ങൾ ഒരു സഭയെ സ്ഥാപിക്കുമ്പോൾ നിങ്ങൾ മുഴു ഹൃദയത്തോടും മുഴു ആത്മാവോടുംകൂടെ അതിൽ പ്രവർത്തിക്കണമെന്നുള്ളത് നേരായ കാര്യമാണ്. അതിനുവേണ്ടി നാം ത്യാഗം ചെയ്യേണ്ടതായി വരും. എന്നാൽ സഭയ്ക്കു പുറത്തായി എനിക്ക് ഒരു ജീവിതമില്ലെന്നുള്ളത് നാം മനസിലാക്കി. ഒരു ജീവിതം പ്രാപിച്ചുകൊൾക എന്ന് പരിശുദ്ധാത്മാവ് പറയുന്നതുപോലെ എനിക്കു മനസിലായി.

മിക്ക സഭാശുശ്രൂഷകരും സഭയ്ക്കു വെളിയിൽ അവർക്കൊരു ജീവിതം ഇല്ലാത്തവരാണെന്ന് ഞാൻ മനസിലാക്കുന്നു. അതായത് അവർക്ക് വിനോദങ്ങളോ ബന്ധങ്ങളോ താല്പര്യങ്ങളോ ലാക്കുകളോ അതിരുകളോ ഒന്നുമില്ലാത്തൊരവസ്ഥ. ശുശ്രൂഷയെക്കുറിച്ച് നാം എന്തുകൊണ്ടാണ് മാനീസഭാരമുള്ളവരായിരിക്കുന്നത്. നമ്മുടെ പ്രശ്നങ്ങൾ നമ്മെ മാനസീകമായി തളർത്തുന്നതിനെ നാം ഭയപ്പെടുന്നു. ഒരു ജീവിതത്തെ അഥവാ ജീവിത ദർശനത്തെ പ്രാപിക്കുക എന്നു ഞാൻ നിങ്ങളെ ഉൽബോധിപ്പിക്കുകയാണ് . നിങ്ങൾ വ്യക്തിപരമായ ജീവിത ദർശനത്തെ മനസിലാക്കി അതിനെ വളർത്തിയെടുക്കുന്നതിന് സഹായകമായ അഞ്ചു തത്വങ്ങൾ ഞാൻ നിങ്ങൾക്കു പറഞ്ഞു തരുവാനാഗ്രഹിക്കുകയാണ്.

**അത് ഒരു സാധാരണ സണ്ടേസ്ക്കൂൾ ക്ലാസ്സായിരുന്നു. അന്ന് പഠിപ്പിച്ചതാരാണെന്നും ഏതു വിഷയമാണ് പഠിപ്പിച്ചതെന്നും എനിക്കോർമ്മയില്ല. എന്നാൽ അത് എന്റെ ജീവിതത്തിലെ ഒരു നിർണായകനിമിഷങ്ങളായിരുന്നു. എന്റെ വ്യക്തി ജീവിതത്തിലെ ദർശനമായി മാറാൻ പോകുന്ന ഒരു വിഷയത്തെക്കുറിച്ചു ഞാൻ സംസാരിച്ചു. ഇത് ഞാനാരിക്കുന്നു എന്നതിനെ സംബന്ധിച്ചും ഞാൻ എന്തു ചെയ്യുന്നു എന്നുള്ളതിനെ സംബന്ധിച്ചുമുള്ള വെളിച്ചം നൽകുന്നതായിരുന്നു. ദൈവസേനകൾ ഹല്ലേലുയ്യ പാടുന്നത് ഞാൻ കേട്ടിട്ടില്ല. എന്നാൽ ഞാൻ എന്റെ ജീവിത ലക്ഷ്യം എന്തെന്ന് കണ്ടു പിടിച്ചു. ,, മറ്റുള്ളവർ ദൈവത്താൽ അവർക്കു നൽകപ്പെട്ടിട്ടുള്ള താലന്തുകളെ വർധിപ്പിക്കുന്നതിന് അവർക്കു സഹായകമായിരിക്കുകയാണ് എന്റെ ലക്ഷ്യം എന്നു ഞാൻ പറഞ്ഞു.**

## ഒരു വരമ്പ് ഉണ്ടാക്കുക

പലപ്പോഴും ജോലിഭാരം എന്നെ വളരെയധികം തളർത്തിയിട്ടുണ്ട്. ഞാൻ എന്തു ചെയ്യുന്നുവോ അതു ഞാൻ വളരെ താല്പര്യപൂർവം ചെയ്യുന്നുവെന്നുള്ളത് ഇതിനൊരു കാരണമാണ്. എന്നാൽ നിങ്ങൾ കരുതലോടുകൂടെ മുമ്പോട്ടു പോകാതിരുന്നാൽ നമ്മുടെ ജോലി നമ്മെ തളച്ചിടുന്ന അവസ്ഥയിലായിപ്പോകും. പലപ്പോഴും നാം നമ്മുടെ കുടുംബത്തെപ്പോലും മറന്നുപോകുന്ന അവസ്ഥയുണ്ടാകുന്നു.

അതുകൊണ്ട് നാം നമ്മുടെ കുടുംബത്തെ ഉപേക്ഷിച്ചു കളയണം എന്ന് അതിന് അർത്ഥമില്ല. നിങ്ങളുടെ കുടുംബത്തിനു മുഖ്യസ്ഥാനം കൊടുക്കണമെന്ന് പലപ്പോഴും ഞാൻ എന്റെ ഓഫീസിൽ പറയാറുണ്ടായിരുന്നു. എന്നാൽ ഞാൻ പറയുന്നതുപോലെ എനിക്കു പ്രവർത്തിക്കാനായി എന്ന് എനിക്കു പറയാനാവില്ല. ഇതു മനസിലായപ്പോഴാണ് എന്റെ ജീവിതത്തിലെ ചില വരമ്പുകൾ പണിയുന്ന തീരുമാനത്തിലേക്ക് ഞാൻ എത്തിച്ചേർന്നത്.

ഒന്നാമതായി ഞാൻ ആഴ്ചയിൽ ഒരു രാത്രി സഭയ്ക്കുവേണ്ടി ചെലവഴിക്കുമെന്ന് തീരുമാനിച്ചു. എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ കുടുംബത്തിന് മുൻഗണന കൊടുക്കേണ്ടത് ആവശ്യമാണ്. കുഞ്ഞുങ്ങളുടെ ഗൃഹപാഠം ചെയ്യുന്നതിന് ഞാൻ അവരെ സഹായിക്കേണം. കുഞ്ഞുങ്ങൾക്കു വേണ്ട ശിക്ഷണം നൽകേണം. അതു ചെയ്യാതിരുന്നിട്ട് എനിക്ക് മറ്റ് ആരെയും പഴിചാരുവാൻ കഴിയുകയില്ല.

രണ്ടാമതായി, ഞാൻ എന്റെ പകൽ സമയത്തെയും പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചു. ഞാൻ എന്റെ കുടുംബത്തോട് കടപ്പാടുള്ളവനായി നിലകൊണ്ടു. ഞാൻ എന്റെ സഭയോടും ഉത്തരവാദിത്വമുള്ളവനായിരിക്കുന്നു. ഞാൻ എല്ലാദിവസവും ജോലി ചെയ്യുന്നതിനെക്കാൾ ഒരു പ്രത്യേക ദിവസങ്ങൾ അതിനായി വേർതിരിക്കുമ്പോൾ ഞാൻ കൂടുതൽ പ്രയോജനമുള്ളവനായി തീരുന്നത് എനിക്കു മനസിലാക്കുവാൻ കഴിയുന്നു. എന്റെ പ്രസംഗ സമയം 36 വാരാന്ത്യങ്ങളായി കുറയ്ക്കുകയും വേദപുസ്തകം പഠിപ്പിക്കുന്ന ഒരു സംഘത്തെ ഞാൻ ഉരുവാക്കുകയും ചെയ്തു.

മൂന്നാമതായി , എന്റെ യാത്രാദിനങ്ങളെ ഞാൻ പരി

# ജീവിതദർശനം നേടുവാനുള്ള 10 പടികൾ

ലോക ചതുരംഗകളിക്കാരനായ കാസ്പറോവ് തന്റെ ഹൗലൈഫ് ഇമറ്റേഴ്സ് ചെസ്സ് എന്ന പുസ്തകത്തിൽ ചതുരംഗകളിയിൽ നിന്ന് ജീവിത സംബന്ധിയായ ചില തത്വങ്ങളെ വിളിച്ചറിയിക്കുന്നു. പത്തുമുതൽ 20വരെ നീക്കൾക്കുശേഷം ചതുരംഗപലകയിലുള്ള കരുക്കൾ ഏതെല്ലാം സ്ഥലങ്ങളിൽ വരും എന്നുള്ളതിനെ പ്രതീക്ഷിച്ച് ചതുരംഗത്തിൽ നിപുണന്മാരായവർ കരുക്കൾ നീക്കുന്നു. ഇത് ലാക്കിലെത്തുന്നതിനെ സംബന്ധിച്ച് ഒരു ചിത്രീകരണമാണ്. ഇന്നുമുതൽ പത്ത് അഥവാ ഇരുപത് ആണ്ടുകൾക്കുശേഷം നിങ്ങളുടെ ജീവിതം എപ്രകാരം ആയിരിക്കണമെന്ന് നിങ്ങൾ ആയിരിക്കുന്നവോ അതിന്റെ അടിസ്ഥാനത്തിലുള്ള ലാക്കുകൾ ഇപ്പോൾ തന്നെ പദ്ധതി ഇടേണം.



### ഞാൻ എപ്രകാരമാണ് തുടങ്ങേണ്ടത്?

ഞാൻ മുപ്പതു വയസ്സോടെ അടുത്ത സമയത്ത് എന്റെ ആദ്യത്തെ ജീവിത ലക്ഷ്യപട്ടിക തയ്യാറാക്കി. സഭയുടെ ഒരു ധ്യാന പ്രാർത്ഥനയിൽ ഞാൻ പങ്കെടുത്തി. അവിടെ ലക്ഷ്യപ്രാപ്തിയിലെത്തുന്നതിനാവശ്യമായ പരിശീലനം കൊടുത്തിരുന്നു. എന്റെ ആദ്യത്തെ പട്ടികയിൽ 25 ലക്ഷ്യങ്ങൾ ഉണ്ടായിരുന്നുവെന്നാണ് എനിക്കു തോന്നുന്നത്. വർഷങ്ങൾ കഴിഞ്ഞപ്പോൾ ലക്ഷ്യങ്ങളുടെ പട്ടിക നൂറിലും അധികമായി. ഇപ്പോഴും ഞാൻ ഈ പട്ടികയെ തിരുത്തി എഴുതിക്കൊണ്ടിരിക്കുകയാണ്. നിങ്ങളും പഴയ ലക്ഷ്യങ്ഹളെ മാറ്റി പുതിയ ലക്ഷ്യങ്ഹൾ ഇടുമ്പോൾ അത് തിരുത്തി എഴുതേണ്ടി വരുന്നു.

### ലാക്കുകൾ എന്തുകൊണ്ടാണ് പ്രാധാന്യമുള്ളവകളായിരിക്കുന്നത്?

നിങ്ങൾ വയ്ക്കാത്ത ലക്ഷ്യങ്ങൾക്ക് എത്തിച്ചേരുവാൻ കഴിയുകയില്ല. ലക്ഷ്യങ്ഹൾ ഇല്ലാതിരുന്നാൽ നാം വരുംകാലത്തെക്കുറിച്ച് ചിന്തിക്കാതെ കഴിഞ്ഞ കാലങ്ങളുടെ ആവർത്തനവുമായി തടരും. ലാക്കുകളില്ലായെങ്കിൽ നാം ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നവരായിത്തീരും (എബ്രാ. 11 1). വിശ്വാസമെന്നതോ ആശിക്കുന്നതിന്റെ കാര്യത്തിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു എന്ന് എഴുതിയിരിക്കുന്നു. അതായതീശ്വാസമെന്നത് നിങ്ങൾ പ്രാപിക്കുവാൻ പോകുന്ന ലക്ഷ്യത്തിന്റെ സ്പഷ്ടമായ ചിത്രമാണ്.

### ജീവിതലക്ഷ്യം പ്രാപിക്കുവാനുള്ള പത്തു പടികൾ

1-പാർത്ഥനയോടെ ആരംഭിക്കുക.

2- നിങ്ഹളുടെ പപ്രവർത്തന ലക്ഷ്യങ്ങളെ ശരിയാക്കുക

3- മറ്റുള്ളവരുടെ അടുക്കൽ നിന്നും ആശയങ്ങൾ കൈക്കൊള്ളുക.

4- വിവേചിച്ചു ചിന്തിക്കുക.

5-വ്യക്തമായി എഴുതുക.

6-നിങ്ങളുടെ ലക്ഷ്യങ്ങൾ എഴുതി വയ്ക്കുക.

7-മറ്റുള്ളവരെയും പങ്കാളികളാക്കുക

8- ആഘോഷിക്കുക

9-ദൂരവ്യാകമായി ചിന്തിക്കുക.

10- ദൈവം കാണുന്നതുപോലെയുള്ള സ്വപ്നങ്ങൾ കാണുക.

കൂടുതൽ വിവരങ്ങൾക്ക്
www.chasethegoose.com

മിതപ്പെടുത്തി. ഞങ്ങളുടെ സഭയിലെ കാര്യവിചാരകരോട് ഞാൻ ഉത്തരവാദിത്വമുള്ളവനായി വർത്തിച്ചു.

അങ്ങനെ ഈ അതിർവമ്പുകൾ സഭയ്ക്ക് പുറത്തുള്ള എന്റെ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന് സഹായകമായിത്തീർന്നു. സഭയുടെ ചുവരുകൾക്കു പുറത്ത് ഒരു നല്ലബന്ധം സ്ഥാപിക്കുന്നതിന് അത് എന്നെ അനുവദിച്ചു. കൂടുതൽ താൽപര്യ ജനകമായ പ്രസംഗങ്ങൾ ഉണ്ടാക്കുവാൻ അത് എനിക്കു സഹായകമായിത്തീർന്നു. അത് എനിക്ക് വായനയിലുള്ള കൗതുകം വർദ്ധിപ്പിച്ചു . ഈ അതിർ വരമ്പുകൾ ഒരു നേതാവെന്ന നിലയിലല്ല, പിന്നയോ ഒരു വ്യക്തി എന്ന നിലയിൽ വളരുവാൻ എനിക്കു സഹായകമായി.

## അനുദിന ജീവിത ശൈലിക്ക് മാറ്റമുണ്ടാക്കണം

ഞാൻ എഴുതിയ എന്റെ പുസ്തകങ്ങളിൽ ഒന്നായ *വൈൽഡ് ഗൂസ് ചെയ്സ്* എന്ന പുസ്തകത്തിൽ ഞാൻ ഈ സൂത്രവാക്യം എഴുതിയിട്ടുണ്ട്. വേഗതയിലുള്ള മാറ്റവും സ്ഥലത്തിലുള്ള മാറ്റവും ഒന്നിച്ചു ചേർന്നാൽ കാഴ്ചപ്പാടിലുള്ള മാറ്റമുണ്ടാകും. നമ്മുടെ അനുദിന ജീവിതശൈലി എന്നുള്ളത് വളരെ നല്ല



കാര്യമാണ്. നമ്മൾ എല്ലാവരും രാവിലെ കുളിക്കുകയും പെർഫ്യൂം അടിക്കുകയും ചെയ്യുന്നതൊക്കെ പതിവാണ്. നമ്മുടെ കൂട്ടുകാർക്കും കുടുംബക്കാർക്കുമൊക്കെ അത് നല്ലതുമാണ്. പ്രതിദിന ജീവിതശൈലി നമ്മുടെ ആത്മീയ വളർച്ചക്കുള്ള കാരണങ്ങളിൽ ഒന്നാണ്. നാം അവയെ ആത്മീയ ശിക്ഷണം എന്നു വിളിക്കുന്നു. എന്നാൽ ഒരിക്കൽ നിങ്ങളുടെ പ്രതിദിന ജീവിതശൈലി ഒരു ചടങ്ങായി മാറുമ്പോൾ നിങ്ങൾ അതിനു വത്യാസം വരുത്തേണ്ടത് ആവശ്യമാണ്. ഞാൻ ആത്മീകമായി ക്ഷീണിതനായിരിക്കുമ്പോൾ എന്റെ അന്നന്നുള്ള ജോലികളെ വ്യത്യാസപ്പെടുത്തി ക്രമീകരിക്കുവാൻ ശ്രമിക്കുന്നു. ചില സമയങ്ങളിൽ ഞാൻ വായിച്ചുകൊണ്ടിരിക്കുന്ന വേദപുസ്തക തർജ്ജിമ മാറ്റി മറ്റൊരു തർജ്ജിമ വായിക്കുന്നതായിരിക്കാം അത്. അല്ലെങ്കിൽ ഒരു നാല്പതു ദിവസത്തെ ഉപവാസമാവാം. എന്തായാലും നിങ്ങൾ ആത്മീകമായി ബലപപെട്ടിരിക്കേണ്ടുന്ന മാർഗങ്ങൾ കണ്ടെത്തേണം. അതായത് നമ്മുടെ യഥാർത്ഥ വിളിയുടെ അനുഭവങ്ങളിലേക്ക് നാം മടങ്ങിയെത്തേണം. ഞങ്ങൾ ശുശ്രൂഷ സങ്കല്പത്തിൽ നിന്നല്ല, പിന്നയോ ഓർമ്മയിൽ നിന്നു ചെയ്യുവാൻ ആഗ്രഹിക്കുന്നു എന്നു പറയുന്നത് നേതൃത്വത്തെ ബാധിച്ചിരിക്കുന്ന വലിയ അപകടമാണ്. നാം ഭാവി ഉരുവാക്കുന്നതിനു പകരം കഴിഞ്ഞ കാലത്തെ ആവർത്തിക്കുന്നു. അത ് നേതാക്കന്മാരുടെ അറുതിയുടെ തുടക്കമാണ്. ഞങ്ങളുടെ മതിപ്പ് കേന്ദ്രീകൃതമായിതീർന്നിരിക്കുന്ന നാഷണൽ കമ്മ്യൂണിറ്റി ചർച്ചിൽ നിന്ന് ഞങ്ങൾക്ക് വലിയ സഹായം ലഭ്യമായിട്ടുണ്ട്. എല്ലാം ഒരു പരീക്ഷണത്തിന്റെ ഭാഗമാണ്. നാം ചെയ്യുന്നതൊക്കെയും ഒരു പരീക്ഷണമാണെന്നുള്ളത് നമ്മുടെ സത്യസന്ധമായ വീക്ഷണമാണ്. അത് ഫലവത്താകുന്നില്ലായെങ്കിൽ തൽപ്രവർത്തിയെ നാം നിർത്തി വെയ്ക്കുന്നു . അത് നമ്മുടെ സന്തോഷത്തെ പലപ്പോഴും ഇല്ലാതെയാക്കുന്നു. ഒരു നേതാവ് എന്ന നിലയിൽ നിങ്ങൾക്ക് അത് വലിയ വ്യാപ്തി നൽകുന്ന ഒന്നാണത്. നിങ്ങളുടെ ദർശനത്തെ ആളുകൾ എതിർക്കുകയാണെങ്കിൽ അത് ഒരു പരീക്ഷണം മാത്രമാണെന്ന് അവരോടു പറഞ്ഞ് അവരെ ഓർമ്മിപ്പിക്കാൻ കഴിയും. നമുക്ക് മിക്കപ്പോഴും പരാജയപ്പെട്ടുപോയിട്ടുള്ള അനേകം പരീക്ഷണങ്ങൾ ഉണ്ട്. അത്തരത്തിലുള്ളത് നാം പിന്നീട് ആവർത്തിക്കാറില്ല. എന്നാൽ നാം െ തറ്റുകൾ ചെയ്യുവാൻ ഒരിക്കലും ഭയപ്പെടുന്നില്ല. നിങ്ങൾ തെറ്റു ചെയ്യുവാൻ ഭയപ്പെടുന്നുവെങ്കിൽ പുതിയ കാര്യങ്ങക്കുവേണ്ടി നിങ്ങൾ ശ്രമിക്കുന്നില്ല എന്നർത്ഥം.

## പ്രാർത്ഥിക്കുക,പ്രാർത്ഥിക്കുക പ്രാർത്ഥിക്കുക

പ്രാർത്ഥന ഒരു തരം സ്വപ്നം കാണലാണ്. പ്രാർത്ഥന പോലെ നിങ്ങളുടെ ജീവിതത്തെ സാഹസപ്പെടുത്തുന്ന മറ്റൊന്നില്ല. പ്രാർത്ഥന ഒരു ജീവിതശൈലി ആക്കിയാൽ ജീവിതം വെറുമൊരു ചടങ്ങായിരിക്കുന്നതിൽ നിന്നും മാറ്റമുണ്ടാകും. അവിടെയാണ് നാം ദൈവത്തിന്റെ ആശയങ്ങൾ പ്രാപിക്കുന്നത്. ആയിരം നല്ല നല്ല ആശയങ്ങളെക്കാൾ ദൈവത്തിന്റെ ഒരു ആശയമാണ് ഞാൻ ഏറെ മാനിക്കുന്നത്. പ്രാർത്ഥനാനേരം ലക്ഷ്യങ്ങൾ മെനയുന്ന നേരങ്ങളാണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനം ഞാൻ അനുഭവിച്ചറിയുന്ന സന്ദർഭങ്ങളാണവ. പരിശുദ്ധാത്മാവിന്റെ അത്തരം പ്രചോദനങ്ങൾക്ക് അനുസരണമുള്ളവരായിത്തീരുന്നത് നമ്മുടെ ജീവിത ദർശനത്തെ നിലനിർത്തുന്നതിന് ഹേതുകമാണ്. സെൽറ്റിക് ക്രിസ്ത്യാനികൾ പരിശുദ്ധാത്മാവിനെ കുറിക്കുവാൻ ഉപയോഗിക്കുന്ന പേര് എന്നെ വളരെ ആകർഷിച്ചു. *കാട്ടുവാത്ത്* എന്നാണ് അവർ പരിശുദ്ധാത്മാവിനെ വിളിക്കുന്നത്. ആ സാങ്കല്പിക അർത്ഥത്തെ എനിക്കു വളരെ ഇഷ്ടപ്പെട്ടു. പരിശുദ്ധാത്മാവിന്റെ മർമ്മ പ്രധാനമായ സ്വഭാവത്തെ അതു വെളിപ്പെടുത്തുന്നു. കാട്ടുവാത്തിനെപ്പോലെ പരിശുദ്ധാത്മാവിനെ പിടിച്ചടക്കുവാനോ മെരുക്കുവാനോ കഴിയുകയില്ല. അപകടത്തിന്റെയും മുൻകൂട്ടി പറയാനാവാത്ത സ്വഭാവത്തിന്റെയും ഉടമയാണ് പരിശുദ്ധാത്മാവ്. ഇന്നത്തെ നാമധേയ ക്രിസ്ത്യാനികൾ കാണാത്ത ഒന്നിനെ സെൽറ്റിക് ക്രിസ്ത്യാനികൾ മനസിലാക്കി. നാം കാട്ടു

വാത്തിന്റെ ചിറകുകൾ മുറിച്ചുവിട്ട് അതിനെ ബലഹീനമാക്കിയിരിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ദൈവം യഥാർത്ഥമായി ലക്ഷ്യമിട്ടിരുന്ന ആത്മീക സാഹസപ്രക്രിയ കാണുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. നിങ്ങൾ കാട്ടുവാത്തിനെ ഓടിച്ചു ചെസല്ലുമ്പോൾ അത് നിങ്ങൾ ഒരിക്കലും ചെന്നിട്ടില്ലാത്തതും ചിന്തിച്ചിട്ടില്ലാത്തതുമായ വഴികളിലൂടെ നിങ്ങളെ പുതിയ വഴിയിലേക്കു കൊണ്ടു ചെല്ലും. *കാറ്റ് ഇഷ്ടമുള്ളിടത്തേക്കു വീശുന്നു. നീ അതിന്റെ ശബ്ദം കേൾക്കുന്നുവെങ്കിലും അത് എവിടെനിന്നു വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ പറയുക സാദ്ധ്യമല്ല. ആത്മാവിൽ നിന്നു ജനിച്ച ഏതൊരു വ്യക്തിയും അങ്ങനെ തന്നെ* (യോഹ. 3: 8).

ഞാൻ പറഞ്ഞു വരുന്ന കാര്യം ഇതാണ്- പ്രാർത്ഥനയ്ക്കു പകരമായി മറ്റൊന്നില്ല. നിങ്ങളുടെ ജീവിതത്തിലെ വൻ കാര്യങ്ങൾക്ക് കാരണമായി തീരുന്നത് പ്രാർത്ഥനയല്ലാതെ മറ്റൊന്നല്ല. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് അനുസരിച്ച് നിങ്ങളുടെ ദർശനം വർദ്ധിക്കും.

## ജീവിതലക്ഷ്യങ്ങൾ ഉണ്ടാക്കിയെടുക്കുക

ഞാൻ അടുത്തയിടെ ഒരേ ആഴ്ചയിൽതന്നെ മൂന്ന് ജീവിതലക്ഷ്യങ്ങൾക്കു പദ്ധതിയിട്ടു. ഞാനും എന്റെ മകനും ചേർന്ന് ഗ്രാന്റ് കാന്യൻ താഴ്‌വരയുടെ വഴുവഴുപ്പിലൂടെ ചുറ്റിക്കൊണ്ടിരിക്കുകയായിരുന്നു. കോവർ കഴുതയിൽ കയറി താഴ്‌വരയുടെ വിളുമ്പിലൂടെ ചുറ്റിവരികയായിരുന്നു. മാത്രമല്ല, കാന്യനിന്റെ മുകളിലൂടെ ഞങ്ങൾ എലികോപ്റ്ററിലൂടെ പറന്നു പോവുകയും ചെയ്തു.

എന്നാൽ അത് ഒരു വെറും നേരംപോക്കായിരുന്നില്ല. അത് ഒരു ആത്മീയവും പരിശുദ്ധവുമായ നേരംമ്പോക്കായിരുന്നു. എന്റെ മകളുടെ പന്ത്രണ്ടാമത്തെ ദിവസം മൂന്നുവെല്ലുവിളികളടങ്ങിയ ഒരു ശിഷ്യത്വ ഉടമ്പടിയിൽ ഞങ്ങൾ കൈയ്യൊപ്പിട്ടു. ആത്മീയ പരിജ്ഞാന സംബന്ധിയായതും ശരീരപ്രകാരമായതുമായ വെല്ലുവിളികളായിരുന്നു അവ. ഞങ്ങൾ ഇപ്രകാരം വെച്ച ലക്ഷ്യങ്ങളിൽ എത്തിച്ചേർന്നതിന്റെ സന്തോഷത്തിലായിരുന്നു മേൽപ്പറഞ്ഞ യാത്ര നടത്തിയത്. നമ്മിൽ മിക്കപേരും ജീവിതത്തിൽ നാം താല്പര്യപ്പെടുന്നത് എന്തുകൊണ്ട് പ്രാപിക്കുന്നില്ല ? നമുക്ക് എന്താണ് ആവശ്യമെന്ന് അറിയാതിരിക്കുന്നതാണ് അതിനു കാരണം. നിങ്ങൾ പദ്ധതിയിടാത്ത ലക്ഷ്യങ്ങളിലേക്ക് നിങ്ങൾക്ക് ഒരിക്കലും ചെന്നെത്തുവാൻ കഴിയുകയില്ല. നിങ്ങളുടെ വ്യക്തിപരമായ ജീവിത ലക്ഷ്യത്തെ കാത്തുകൊള്ളുവാൻ നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ ചില ജീവിത ലക്ഷ്യങ്ങൾക്കായി നിങ്ങൾ പദ്ധതിയിടേണം. *വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു* എന്നാണ് വേദപുസ്തകം പറയുന്നത്. ഇടയ ശുശ്രൂശഷയ്ക്കു വെളിയിലായി ഒരു ജീവിതം കെട്ടിപ്പടുക്കുവാൻ എനിക്കു കഴിഞ്ഞത് എന്റെ ജീവിതലക്ഷ്യം നിമിത്തമാണ്. എനിക്ക് കുടുംബസംബന്ധമായ ലക്ഷ്യങ്ങൾ, സ്വാധീന ലക്ഷ്യങ്ങൾ, ശാരീരക ലക്ഷ്യങ്ങൾ, പ്രയാണലക്ഷ്യങ്ങൾ ഇങ്ങനെ പലവിധത്തിലുള്ള ലക്ഷ്യങ്ങളുണ്ട്. എന്നാൽ ഇവയൊക്കെയും ആത്മീയ ലക്ഷ്യങ്ങളാണ്. എന്നാൽ ഈ ലക്ഷ്യങ്ങളൊക്കെയും ദൈവനാമത്തെ മഹത്വപ്പെടുത്തുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

## വിശപ്പോടും വിഡ്ഢിത്തത്തോടുംകൂടെ ആയിരിക്ക

അധികമായ അറിവുള്ള ഒരുവനെയൊ പഠിക്കുവാൻ ദാഹമുള്ള ഒരുവനെയോ തെരഞ്ഞെടുക്കേണ്ടി വന്നാൽ പഠിക്കുവാൻ ദാഹമുള്ളവനെ തെരഞ്ഞെടുക്കും. ജീവിതത്തിനുവേണ്ടിയുള്ള ദാഹം , സാഹസത്തിനുവേണ്ടിയുള്ള ദാഹം, പ്രകൃത്യാതീതമായിതിനുവേണ്ടിയുള്ള ദാഹം, ദൈവ വചനത്തിനുവേണ്ടിയുള്ള ദാഹം എന്നിത്യാദി പരിശുദ്ധമായ അനേക ദാഹങ്ങൾ നമുക്ക് അറ്റുപോയിരിക്കുന്നു. ഒരു ജീവിത ലക്ഷ്യം നിലനിർത്തിക്കൊണ്ടുപോകേണമെങ്കിൽ ദൈവീക കാര്യങ്ങൾക്കു വേണ്ടിയുള്ള ഒരു പരിശുദ്ധദാഹം നിങ്ങൾക്കുണ്ടാണേം.

ഒരു ദർശനം നിലനിർത്തിക്കൊണ്ടു പോവുക എന്നാൽ ദാഹത്തോടെ നിലകൊള്ളുക എന്നർത്ഥം. പെട്ടകം പണിതപ്പോൾ നോഹയും ഗൊല്യാത്തിനെ നേരിട്ടപ്പോൾ ദാവീദും തങ്ങൾ വിഡ്ഢികളാണെന്നു ചിന്തിച്ചിരിക്കാം എന്നാണു ഞാൻ കരുതുന്നത്. യെരിഹോ മതിലുനു ചുറ്റും നടന്ന യിസ്രായേൽ മക്കൾ വിഡ്ഢികളാണെന്നു അവർക്കു തോന്നിയിരിക്കാം. നക്ഷത്രത്തിനു പിമ്പെ പോയ വിദ്വാന്മാർ തങ്ങൾ വിഡ്ഢിത്വമാണ് കാട്ടുന്നതെന്ന് ചിന്തിച്ചിട്ടുണ്ടാവാം. പടകിൽ നിന്നും പുറത്തിറങ്ങുന്നത് മണ്ടത്തരമാണെന്ന് പത്രൊസ് ചിന്തിച്ചിട്ടുണ്ടാവാം. എന്നാൽ വിശ്വാസം എന്നത് മൂഢത്വമെന്നു തോന്നുന്ന കാര്യങ്ങളെ ചെയ്യെടുക്കുവാനുള്ള മനസ്സാണ്. നോഹ ജലപ്രളയത്തിൽ നിന്നും രക്ഷപ്രാപിച്ചു. ദാവീദ് ഗോലിയാത്തിനെ ജയിച്ചു. യിസ്രായേൽ മക്കൾ യെരിഹോവിനെ കീഴടക്കി. വിദ്വാന്മാർ മശിഹായെ കണ്ടുമുട്ടി. പത്രൊസ് വെള്ളത്തിന്മീതെ നടന്നു. യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തു. വിഡ്ഢിത്വമെന്നു തോന്നുന്ന കാര്യങ്ങളെ ചെയ്യെടുക്കുവൻ മുന്നോട്ടു വരാതിരുന്നാൽ നിങ്ങൾ വിഡ്ഢിയായിതീരും.

സ്റ്റൻഫോഡ് യൂണിവേഴ്സിറ്റിയിൽ സ്റ്റിവ് ജോബ്സ് ചെയ്ത ഒരു തുടക്ക പ്രസംഗം കേൾക്കുവാനിടയായി. വിരോധാഭാസമെന്തെന്നാൽ സ്റ്റീവ് കോളേജിൽ നിന്നും ബിരുദം എടുത്ത ആളല്ല എന്നതാണ്. അദ്ദേഹം ഉപസംഹരിച്ച ആഹ്വാന വാക്കുകൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. “എന്റെ ചെറുപ്രായത്തിൽ, എന്റെ തലമുറയിൽ വേദപുസ്തകം പോലെ കരുതിയിരുന്ന ഒരു പ്രസിദ്ധീകരണമാണ് *ദി ഹോൾ എർത്ത് കാറ്റലോൺ* കാവ്യാത്മകമായ ഈ കൃതി മെൻലോ പാർക്കിനടുത്തു വസിച്ച സ്റ്റിവ ബ്രാണ്ടിന്റേതാണ്. ആധുനിക സൗകര്യങ്ങളൊന്നും കൂടാതെ ടൈപ്പ്റൈറ്റർകൊണ്ടും പൊളാറോയിൽ ക്യാമറകൾകൊണ്ടും 1960-ൽ പ്രസിദ്ധീകരിച്ചതാണ്. പേപ്പർ ബാക്ക് രൂപത്തിലുള്ള ഗൂഗിൾ നെറ്റുവർക്കുപോലെയായിരുന്നു അത് . അങ്ങനെ തുടർന്നുകൊണ്ടിരിക്കയിൽ 1970-ൽ അതിന്റെ അവസാന ഇഷ്യു ഇറക്കുവാനിടയായി. അന്ന് ഞാൻ നിങ്ങളുടെ പ്രായക്കാരനായിരുന്നു. ആ അവസാന പ്രതിയുടെ പുറംപേജിൽ ഉണ്ടായിരുന്ന പടം പ്രഭാത കിരണങ്ങൾ വീശുന്ന ഒരു നാട്ടുവഴിയുടേതായിരുന്നു. ആ പടത്തിന്റെ കീഴിൽ ഇപ്രകാരം എഴുതിയിരുന്നു . വിശപ്പോടും വിഡ്ഢിത്വത്തോടുംകൂടെ ആയിരിക്കുക. ആതായിരുന്നു അവരുടെ വിടപറയൽ സന്ദേശം. എന്നെക്കുറിച്ചും ഞാൻ പലപ്പോഴും അങ്ങനെതന്നെ ചിന്തിക്കുമായിരുന്നു. ഞാൻ നിങ്ങൾക്കുവേണ്ടിയും അപ്രകാരം അഭിലഷിക്കുന്നു.”

നിങ്ങളുടെ ജീവിതലക്ഷ്യം നിലനിൽക്കേണമെങ്കിൽ വിശപ്പോടും വിഡ്ഢിത്വത്തോടുംകൂടെയായിരിക്കേണം.



**മാർക്ക് ബെറ്റേഴ്സൺ** വാഷിംഗ്ടണിലുള്ള നാഷണൽ കമ്മ്യൂണിറ്റി ചർച്ചിന്റെ പാസ്റ്ററായിരുന്നു.




# കർത്താവിന്റെ പ്രാർത്ഥന

ആദ്യനൂറ്റാണ്ടിലെ യൂദായിസത്തിന്റെ പശ്ചാത്തലത്തിൽ യേശുക്രിസ്തുവിന്റെ മാതൃകാ പ്രാർത്ഥനയുടെ അന്തസത്ത

മാർക്ക് ടർണേജ്



**ഇക്കാലത്തെ അനുവാചകർ കർത്താവിന്റെ പ്രാർത്ഥനയെ അതിന്റെ ഭാഷാപരവും സാംസ്ക്കാരികവുമായ പശ്ചാത്തല ത്തിൽ മനസിലാക്കുമ്പോൾ നാം യേശുവിനെക്കുറിച്ചും അവി ടുത്തെ വിശ്വാസത്തെക്കുറിച്ചും തന്നെ അനുഗമിക്കുന്നവരെ ക്കുറിച്ച് അവിടുന്ന് ആഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഗഹ നമായി മനസിലാക്കുവാൻ കഴിയും.**

യേശുവിന്റെ ലോകം അവിടുത്തയെ രൂപപ്പെടുത്തി. അത് അവിടുത്ത യെ നിർവചിച്ചു. അവിടുന്ന് ഒന്നാം നൂറ്റാണ്ടിലെ യഹൂദനായിരുന്ന തുകൊണ്ട് അവിടുത്തെ വിശ്വാസവും സന്ദേശവും ആദ്യനൂറ്റാണ്ടി ലെ യഹൂദ മതത്തിന്റെ മണമുള്ളതായിരുന്നു. ശിഷ്യന്മാരെ പ്രാർത്ഥി ക്കുവാൻ പഠിപ്പിച്ചപ്പോൾ (മത്താ. 6 :9-13; ലൂക്കൊ. 11 :22-24) അക്കാലത്ത് യഹൂദ പ്രാർത്ഥനയുടെ സമകാലീക പശ്ചാത്തലത്തി ൽ അവിടുന്നു പഠിപ്പിച്ചു. ഈ പ്രാർത്ഥന മൂലം ദൈവത്തെയും മനു ഷ്യനെയും കുറിച്ചുള്ള തന്റെ വീക്ഷണം പ്രകടമാക്കുന്നു. സഭയുടെ തുടക്കം മുതൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം കർത്താ വിന്റെ പ്രാർത്ഥന സുപരിചിതമെങ്കിലും ഒരു ചിലർ മാത്രമേ യേശു വിനെയും ആദ്യനൂറ്റാണ്ടിലെ യഹൂദമതസംസ്ക്കാരത്തിന്റെയും ചരിത്രത്തിന്റെയും പശ് ചാത്തലത്തിൽ ഈ പ്രാർത്ഥനയെ മന സിലാക്കിയിട്ടുള്ളു. കർത്താവിന്റെ പ്രാർത്ഥനയ്ക്ക് അനേക വ്യാഖ്യാ നങ്ങൾ നൽകുന്നതിനിടെ നസ്രേത്തുകാരനായ യേശു അതിനു നൽ കുന്ന വ്യാഖ്യാനത്തെ നാം അവഗണിച്ചു കളയുന്നു.

യേശുക്രിസ്തുവിന്റെ ലളിതമായ വാക്കുകളെ മനസിലാക്കുന്നത് ആത്മീക ഉൾക്കാഴ്ചയോ വെളിപ്പെടുത്തപ്പെട്ട ജ്ഞാനത്തെയോ സംബ ന്ധിക്കുന്ന കാര്യമല്ല. പിന്നെയോ നാം അതിന്റെ ഭാഷയും സംസ്ക്കാര വും സംബന്ധിച്ച പശ്ചാത്തലത്തിന് ചെവികൊടുക്കുമ്പോൾ യേശു വിന്റെ വിശ്വാസത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ വീക്ഷണത്തെ സംബന്ധിച്ച അറിവും നമുക്കു ലഭിക്കുവാനിടയാകും. ദൈവത്തോട് അടുക്കുന്നത് എപ്രകാരം എന്നതിനെക്കുറിച്ച് അവിടു ന്ന് നമുക്ക് ഉത്ബോധനം നൽകുന്നതിനെയും നാം മനസിലാക്കും.

യേശുവിനുവേണ്ടി സംസാരിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. മാത്രമല്ല, വായനക്കാരൻ യേശുവിന്റെ പാദപീഠത്തിലിരുന്നു പഠിക്കുകയും കർത്താവിന്റെ പ്രാർത്ഥനയുടെ വേദശാസ്ത്രപരമായ ആഴ ങ്ങളിലേക്ക് എത്തുകയും ചെയ്യട്ടെ എന്നുള്ളതും ഈ ലേഖനത്തിന്റെ ഉദ്ദേശ്യമാണ്. അവിടുത്തെ ലോകത്തിലേക്കു കടന്നുചെന്ന് അവിടുത്തെ ശബ്ദം കേൾക്കുമ്പോൾ നമ്മുടെ ലോകത്തിലേക്ക് അവിടുന്നു കടന്നു വരു വാനും അവിടുത്തെ സന്ദേശത്തെ സ്പഷ്ടമായി നമുക്കു പകർന്നു തരുവാ നും ഇടയാകും.

## പുരാതന യൂദമതത്തിലെ പ്രാർത്ഥന

ബാബിലോണ്യ പ്രവാസത്തിൽ നിന്നും യഹൂദന്മാർ മടങ്ങിവന്ന ശേഷം ( ബി . സി 6-ാം നൂറ്റാണ്ടിൽ) പ്രാർത്ഥന, തോറായിൽ നിന്നുള്ള വായന എന്നിവ ഉൾപ്പെട്ട പൊതു വഴിപാടുകൾ വളരെ പ്രാധാന്യമുള്ളതും യഹൂദ ജനതയുടെ മതചിന്തയെ ഊട്ടിവളർത്തുന്നതുമായിരുന്നു. തോറയുടെ മതപരമായ പ്രാധാ ന്യം വർദ്ധിച്ചപ്പോൾ അതിനായി യഹൂദന്മാർ സിനഗോഗുകൾ സ്ഥാപിച്ചു. സിന ഗോകുകൾ എപ്പോഴാണ് സ്ഥാപിക്കപ്പെട്ടത് എന്ന് ഉറപ്പിച്ചു പറയാനാവില്ലായെങ്കി ലും ബി. സി മൂന്നാം നൂറ്റാണ്ടിലാണെന്നു കരുതപ്പെടുന്നു.

ഗ്രീക്ക് റോമൻ കാലയളവിൽ ഉള്ള യഹൂദ സാഹിത്യങ്ങൾ വെളിവാക്കുന്നത നുസരിച്ച് യഹൂദ സമുദായത്തിലെ വ്യക്തികൾ പ്രാർത്ഥനയ്ക്കും നിശ്ചിതസമയം

കണ്ടെത്തുകയും അതിന് അതിപ്രാധാന്യം കൊടുത്തിരുന്നതായും മനസിലാക്കുവാൻ കഴിയും. (ഉദാഹരണമായി ചാവുകടൽ ചുരുളുകളും റബ്ബിസാഹിത്യവും) ഇങ്ങനെ മനഃപാഠം ചെയ്ത പ്രാർത്ഥനകൾ വെറും ചടങ്ങായി മാറ്റുന്ന അവസ്ഥയിലേക്ക് എത്തരുതെന്ന് റബ്ബിമാർ മുന്നറിയിപ്പു കൊടുത്തു. ആരാധനാ ചടങ്ങുകളിൽ പ്രാർത്ഥന ഒരു യാന്ത്രികമായ ഒന്നായി തീരരുതെന്ന് റബ്ബിമാർ ആഗ്രഹിച്ചു. ഇങ്ങനെ ആയാൽ ഉ ള്ളത്തിന്റെ ഉള്ളിലുള്ള ഭയഭക്തി അത് ഇല്ലാതെയാക്കും. ഇതു നിമിത്തം സ്വകാര്യ പ്രാർത്ഥനയിലായാലും പൊതുപ്രാർത്ഥനയിലായാലും ഹൃദയത്തിന്റെ അവസ്ഥയ്ക്കാണ് മുഖ്യത്വം കൊടുത്തിരുന്നത് (ലൂക്കൊ. 18 :9-14).

ഗ്രീക്ക് റോമൻ കാലഘട്ടത്തിൽ തുടങ്ങിയ മനഃപാഠ പ്രാർത്ഥനയിൽ പ്രാധാന്യമായത് ഇപ്പോഴും റോമൻ സമുദായങ്ങളിൽ പ്രചുരപ്രചാരമുള്ള *ഷേമനേ എസ്രേ* എന്ന പ്രാർത്ഥനയാണ് (*18 അനുഗ്രഹ പ്രാർത്ഥനകൾ എന്നർത്ഥം*) ഈ പ്രാർത്ഥനയിൽ 18 പ്രാർത്ഥനാ അനുബന്ധങ്ങളുണ്ട്. ക്രിസ്തുവിനു പിൻപ് 90 മുതൽ 100 വരെ ആണ്ടുകൾക്കുള്ളിലാണ് ഈ പ്രർത്ഥന ഇപ്പോഴുള്ള രൂപത്തിലായിത്തീർന്നത്. അതിന്റെ പല ഭാഗങ്ങളും ക്രിസ്തുവിനു പിൻപ് ആദ്യത്തെ നൂറ്റാണ്ട് അല്ലെങ്കിൽ രണ്ടാമത്തെ നൂറ്റാണ്ടിലുള്ളവയാണ്.

ക്രിസ്തുവിന്റെ സമകാലികനായ എലിയേസർ എന്ന റബ്ബി *അമിദാ* എന്ന ചടങ്ങിനുവേണ്ടി ഒരു ചുരുക്ക പ്രാർത്ഥന എഴുതിയിട്ടുണ്ട്. അത് ഇപ്രകാരമാണ്-*അവിടുത്തെ ഹിതം മുകളിൽ സ്വർഗങ്ങളിൽ നിവർത്തിയാകട്ടെ. കീഴെ നിന്നെ ഭയന്നവർക്ക് മനസ്സിൽ സമാധാനം അരുളേണമേ. നിന്റെ കൺകളിൽ നന്നായ കാര്യങ്ങളെ ചെയ്യുന്ന ദൈവമേ പ്രാർത്ഥനയ്ക്കു മറുപടി തരുന്നവനെ നിനക്കു സ്തോത്രം.* ഈ പ്രാർത്ഥനയ്ക്കും യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയ്ക്കും സാമ്യമുള്ളതായി കാണുന്നു. യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച ഈ പ്രാർത്ഥനയ്ക്ക് താനും തന്റെ ശിഷ്യന്മാരും അറിഞ്ഞ യഹൂദപ്രാർത്ഥനയുടെ സ്വാധീനമുണ്ടെന്നുള്ളതിൽ സംശയമില്ല.

## സ്വാർഗസ്ഥനായ ഞങ്ങളുടെ പിതാവേ

കർത്താവിന്റെ പ്രാർത്ഥന തുടങ്ങുന്നത് *സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ* എന്ന സംബോധനയോടുകൂടെയാണ് (മത്താ. 6 :19) കർത്താവിനെ പുരാതന യഹൂദ പ്രാർത്ഥനയിൽ സംബോധന ചെയ്യുന്ന ഒരു സാധാരണ വാക്കാണിത്. പഴയ നിയമത്തിലും മറ്റു പ്രവചനത്തിലും കാവ്യങ്ങളിലും കർത്താവിനെ പിതാവ് എന്ന് കൂടെക്കൂടെ സംബോധന ചെയ്യുന്നതു കാണാം. കർത്താവിനെ പിതാവ് എന്ന് സംബോധന ചെയ്യുന്നതിലൂടെ നാം അവന്റെ സൃഷ്ടികളാണ് എന്ന് വേദപുസ്തക രചയിതാക്കൾ നമ്മെ ഓർമ്മിപ്പിക്കുകയാണ്. അവിടുത്തെ മക്കളായ നാം അവിടുത്തയെ അനുസരിച്ച് അവിടുത്തെ വഴികളെ പിൻപറ്റുവാൻ ഉത്തരവാദിത്വപ്പെട്ടവരാണ് ( ആവർ. 32: 6; മലാ. 1 :6).

നീതിമാന്മാരായിരുന്നാലും ശരി അല്ലെങ്കിലും ശരി ഓരോ മനുഷ്യന്റെയും പ ിതാവാണു ദൈവമെന്ന് *ഞങ്ങളുടെ പിതാവേ* എന്ന് സംബോധനയിലൂടെ യേശു വെളിപ്പെ



**മറ്റ് ആരെയും കാട്ടിലും അധികമായി സ്വർഗരാജ്യം എന്ന ശൈലി യേശു പ്രയോഗിച്ചിട്ടുണ്ട്. എന്നാലും ചരിത്രം നോക്കുമ്പോൾ ക്രിസ്തീയ മതത്തിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു വിഷയമാണിത്.**

ടുത്തുന്നു. *അയൽക്കാരെ സ്നേഹിക്കേണമെന്നും ശത്രുവിനെ വെറുക്കേണമെന്നും കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ , നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ, നിങ്ങളെ പീഢിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ അങ്ങനെ നിങ്ങൾ സ്വർഗസ്ഥനായ പിതാവിന്റെ മ ക്കളായിത്തീരുന്നു. അവിടുന്ന് ദുഷ്ടരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിയുള്ളവരുടെമേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കുകയും ചെയ്യുന്നുവല്ലോ.* യേശുവിനെ സംബന്ധിച്ചിടത്തോളം യാതൊരു മനുഷ്യനോ സംഘത്തിനോ ദൈവവുമായി വിശേഷ ബന്ധമില്ല. എല്ലാവരും അവിടുത്തെ മക്കളായിരിക്കുന്നു. അയോഗ്യരെങ്കിലും തന്റെ മക്കളെ ഒക്കെയും പരിപാലിക്കുന്ന ഒരു നല്ല പിതാവാണ് ദൈവം. (മത്താ. 6 :25-34; 7: 7-11; ലൂക്കൊ.11: 9-13; 12 :22-32) എന്നാലും അവിടുന്ന് തന്റെ സ്നേഹത്താലും കരുണയാലും അവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു (സദൃ.3: 11,12; എബ്രാ. 12: 5-11).

## നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ

*സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടേണമേ* . എന്നാൽ പൊതുവായി കർത്താവിന്റെ പ്രാർത്ഥനയുടെ പൊരുൾ മനസിലാക്കുമ്പോൾ യേശു പറഞ്ഞ അർത്ഥം വെളിപ്പെടാറില്ല. ഇത് വാഴ്ത്തലിന്റെയോ പുകഴ്ത്തലിന്റെയോ വാക്കുകളല്ല. നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ എന്നാണ് യവന സുവിശേഷത്തിലുള്ള ഈ എബ്രായ ശൈലി അർത്ഥമാക്കുന്നത്. പഴയ നിയമത്തിൽ യെശ. 6 :3-ൽ ദൈവത്തെ വിശുദ്ധീകരിക്കുന്നതിനെക്കുറിച്ചുള്ള വചന ശകലം നമുക്കു കാണു

വാൻ കഴിയും. യെഹസ്ക്കേലിന്റെ പുസ്തകത്തിലും നാം ഇപ്രകാരം കാണുന്നു. *"ഇങ്ങനെ ഞാൻ എന്റെ മഹത്വവും വിശുദ്ധിയും കാണിക്കും. അനേക ജനങ്ങൾക്ക് ഞാൻ എന്നെ തന്നെ വെളിപ്പെടുത്തും. അപ്പോൾ ഞാൻ യഹോവയെന്ന് അവർ അറിയും "* (യെഹ. 38: 23) എന്റെ വിശുദ്ധിയെ ഞാൻ കാണിക്കും എന്നുള്ളതും അവിടുന്ന് വിശുദ്ധീകരിക്കപ്പെടേണമേ എന്നുള്ളതും ചേർത്തു വായിക്കുക.

യെഹെസ്കിയേൽ പറയുന്നതനുസരിച്ച് ദൈവം തന്റെ ക്രിയകളിൻമൂലം തന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. പഴയ നിയമവും പുരാതന യഹൂദ സാഹിത്യങ്ങളും ദൈവത്തിന്റെ മക്കൾ തങ്ങളുടെ ക്രിയകളാൽ ദൈവത്തെ പരിശുദ്ധപ്പെടുത്തുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യർ ദൈവത്തിന്റെ കല്പനകൾക്ക് അനുസരണം കാട്ടുമ്പോഴെല്ലാം അവിടുത്തെ നാമം പരിശുദ്ധപ്പെടുത്തുകയാണു ചെയ്യുന്നത്. നമ്മുടെ അനുസരണം നിമിത്തം ദൈവത്തെ പരിശുദ്ധപ്പെടുത്തുന്നതിനു വിരോധമായി നമ്മിൽ അനുസരണക്കേടു വ്യാപിക്കുകയും അവിടുത്തെ നാമത്തിന് ദൂഷ്യം ഉണ്ടാക്കുകയും ചെയ്യുന്നു (സംഖ്യ. 20 :12). ദൈവമക്കൾ തങ്ങളുടെ ക്രീയകളിലൂടെ ദൈവനാമത്തെ വെളിപ്പെടുത്തുന്നതുകൊണ്ട് വിജാതീയരുമായി ക്രമമില്ലാത്ത ധനമിടപാടുകൾക്ക് യഹൂദ പ്രമാണികൾ വിലക്കു കല്പിച്ചിരുന്നു. യെഹസ്കേൽ 36-ന്റെ 23-ൽ പറഞ്ഞതുപോലെ റോമർ 2 :23,24 വാക്യങ്ങളിലും ദൈവത്തിന്റെ നാമം വിജാതിയരുടെ നടുവിൽ ദുഷിക്കപ്പെടാതിരിക്കതക്കവണ്ണം യഹൂദന്മാർ അവർക്കിടയിൽ പരിശുദ്ധമുള്ള ജീവിതം ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. ദൈവം എപ്രകാരമാണ് പ്രവർത്തിക്കുന്നത് അഥവാ നാം എപ്രകാരമാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ നാമം പരിശുദ്ധമാക്കപ്പെടുന്നു. അനുസരണമില്ലായ്മയും മറ്റുള്ളവരോടൊപ്പമുള്ള നമ്മുടെ ജീവിതശൈലിയുടെ വഷളത്വവും അവിടുത്തെ നാമത്തെ ദുഷിപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കാലംവരെയും അതിന്റെ ശേഷവും യഹൂദന്മാർ ദൈവത്തിന്റെ കല്പനകളെ അനുസരിക്കുവാൻ കടപ്പെട്ടവരാകയാൽ ആ വിഷയത്തിനുവേണ്ടി അധികമായി പാടുപെടേണ്ടിയിരുന്നു. അങ്ങനെ നാമത്തെ വിശുദ്ധീകരിക്കുക എന്നത് രക്തസാക്ഷിമരണത്തെക്കുറിച്ച് ആകുന്നു പറഞ്ഞരിക്കത് എന്നു പറയാം. അതായത് ദൈവഭക്തിക്കുവേണ്ടി മരിക്കുവാനും അവർ ഒരുക്കമായിരിക്കേണം എന്നു സാരം.

മറ്റു യഹൂദ ഗുരുക്കന്മാർ ചെയ്തതുപോലെ കർത്താവിന്റെ പ്രാർത്ഥന യേശു പഠിപ്പിച്ച ഒരു ചെറു പ്രാർത്ഥനയാണെന്നു നാം കണ്ടുവല്ലോ. യഹൂദന്മാരുടെ പ്രാർത്ഥനയായ *അമിദാവിന്റെ* മൂന്നാം ഭാഗത്ത് *കെതുസാ* എന്ന പേരിൽ ഒരു പ്രാർത്ഥനയുണ്ട്. പരിശുദ്ധമാക്കപ്പെടുക എന്നാണ് ആ വാക്കിന്റെ അർത്ഥം. ഇത് കർത്താവിന്റെ പ്രാർത്ഥനയിലുള്ള അപേക്ഷയോടെ സാമ്യമായുള്ളതാണ്. പരമണ്ഡലങ്ങളിൽ അവിടുത്തെ നാമം പരിശുദ്ധമായിരിക്കുന്നതുപോലെ ഈ ലോകത്തിലും ഞങ്ങൾ നിന്റെ നാമത്തെ പരിശുദ്ധപ്പെടുത്തട്ടെ, നിന്റെ നാമം പരിശുദ്ധപ്പെടേണമേ. നിന്റെ ഹിതം സ്വർഗത്തിലെന്നതുപോലെ ഭൂമിയിലും നിവർത്തിക്കപ്പെടുമാറാകട്ടെ. കർത്താവിന്റെ പ്രാർത്ഥനയിലെ ആദ്യത്തെ മൂന്ന് അപേക്ഷകളായ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ.. നിന്റെ രാജ്യം വരേണമേ.. നിന്റെ ഹിതം സ്വർഗത്തിൽ പ്രാവർത്തികമാകുന്നതുപോലെ ഭൂമിയിലും പ്രാവർത്തികമാകേണമേ...എന്നിവ ഒരു കാവ്യഭംഗിയോടെ ഒന്നിച്ചിരിക്കുന്നു. സ്വർഗത്തിലും സൈന്യങ്ങൾ അനുസരണമുള്ളവരായിരിക്കുന്നതുപോലെ തന്റെ ശിഷ്യന്മാർ ദൈവത്തിന് കീഴ്പ്പെടുന്നതുമൂലം അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടേണമെന്ന അപേക്ഷയോടെ യേശു തന്റെ പ്രാർത്ഥന ആരംഭിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഹിതം ചെയ്യപ്പെടുമ്പോഴെല്ലാം അവിടുത്തെ നാമം പരിശുദ്ധമാക്കപ്പെടുകയാണ്.

## അവിടുത്തെ രാജ്യം വരേണമേ

മറ്റ് ആരെയും കാട്ടിലും അധികമായി സ്വർഗ രാജ്യം എന്ന ശൈലി യേശു പ്രയോഗിച്ചിട്ടുണ്ട്. എന്നാലും ചരിത്രം നോക്കുമ്പോൾ ക്രിസ്തീയ മതത്തിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു വിഷയമാണിത്. പാരമ്പര്യമായി വേദശാസ്ത്രജ്ഞരും പണ്ഡിതന്മാരും സ്വർഗരാജ്യം എന്ന ശൈലി താഴെ പറയുന്ന രണ്ടിൽ ഏതെങ്കിലും ഒന്നാണെന്നു കരുതുന്നു.

1- ഇത് കാലാവസാനത്തിങ്കൽ സംഭവിക്കേണ്ടതോ വെളിപ്പെടുത്തപ്പെടുന്ന വിഷയമോ ആണെന്നാണ് ഒരു പക്ഷം.

2- ഒരു മശിഹൈക രാജ്യത്ത് ഭൂമിയിൽ നിലനിർത്തേണമെന്നുള്ള േ യശുവിന്റെ വാഞ്ഛയാണിത് എന്ന മറ്റൊരു പക്ഷം.

സ്വർഗ രാജ്യം എന്ന ശൈലി റബ്ബികളുടെ സാഹിത്യത്തിലല്ലാതെ മറ്റ് യാതൊരു യഹൂദ സാഹിത്യത്തിലും കാണുവാൻ കഴിയുകയില്ല. അന്ത്യകാലങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്ന സാഹിത്യങ്ങളിൽപോലും ഈ പദപ്രയോഗം കാണ്മാനില്ല. ഇതിൽ പ്രയോഗപ്പെടുത്തിയിട്ടുള്ള ഭാഷ നിമിത്തം ക്രിസ്ത്യാനികളെ ഇത് ചില ഉപദേഷ്ടാക്കന്മാർ തെറ്റായി പഠിപ്പിക്കുന്നു. ഒന്നാമതായി സ്വർഗരാജ്യം അഥവാ ദൈവരാജ്യം എന്നത് ഒരു സ്ഥലത്തെക്കുറിക്കുന്നതല്ല. പിന്നെയോ റോമൻ ഗ്രീക്ക് കാലഘട്ടങ്ങളിൽ (ക്രിസ്തുവിനു മുമ്പ് മൂന്നാം നൂറ്റാണ്ടു മുതൽ ക്രിസ്തുവിനു പിൻപ് മൂന്നാം നൂറ്റാണ്ടുവരെ) യഹൂദന്മാർ ദൈവത്തിന്റെ പേർ അഥവാ ദൈവികനാമം പ്രയോഗിക്കുന്നത് ഒഴിവാക്കുമായിരുന്നു. സ്വർഗം ,മഹത്വം , സർവവ്യാപി,മുതലായ ഭാഷാശൈലി കൊണ്ട് അവർ ദൈവത്തെ സൂചിപ്പിച്ചിരുന്നു. ഇങ്ങനെ സ്വർഗരാജ്യവും ദൈവരാജ്യവും വ്യത്യസ്തമല്ല എന്ന് നമുക്കു മനസിലാക്കുവാൻ കഴിയും (ലൂക്കൊസ് ദൈവരാജ്യം എന്ന ഭാഷാപ്രയോഗമാണുപയോഗിച്ചിരുന്നത്)

രണ്ടാമതായി രാജ്യം എന്ന പേര് മലയാളത്തിൽ ഒരു സ്ഥലത്തെയാണ് കുറിക്കുന്നത്. എന്നാൽ എബ്രായ ഭാഷയിൽ രാജ്യം എന്നതിന് ഉപയോഗിക്കപ്പെട്ടിട്ടുള്ള പദം ഒരു ക്രീയാനാമമാണ്. എന്തായിരുന്നാലും അതിനെ ഭരണം എന്ന് തർജ്ജിമ ചെയ്യുന്നത് ശരിയായിരിക്കും. കർത്താവിന്റെ പ്രാർത്ഥനയിൽ *അങ്ങയുടെ രാജ്യം വരേണമേ* എന്നത് ഭാവികാലത്തിൽ ദൈവത്തിന്റെ ഭരണം വരണമേ എന്ന് സൂചിപ്പിക്കുന്നതായി നമുക്കു മനസിലാക്കാം. എന്നാൽ അതിന്റെ യവനപദം രാജാവിനെ ആക്കിവെയ്ക്കുക എന്നോ ഒരുവനെ രാജാവായി നിയോഗിക്കുക എന്നോ അർത്ഥമാക്കുന്നു. അങ്ങനെ അവിടുന്ന് അവിടുത്തെ രാജ്യം ഭരിക്കേണ്ടതിന് അഥവാ അവിടുത്തെ ഭരണം നടത്തേണ്ടതിന്

ഇടയാകട്ടെ എന്നാണതിനർത്ഥം. അവിടുത്തെ രാജ്യം വരണമേ എന്നു പറയുന്നതിനു പകരം അവിടുത്തെ ഭരണത്തിന്റെ സ്ഥാപനം തുടരട്ടെ എന്നു പറയുന്നതായിരിക്കും കൂടുതൽ സ്പഷ്ടം.

ശാസ്ത്രിമാർക്കിടയിൽ പരലോകരാജ്യം എന്ന ശൈലി ദൈവം ഈ ലോകത്തിലുള്ള എല്ലാവരെയും ഭരിക്കുന്ന ഒരു ഭാവികാലത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഈ സമയത്ത് ദൈവംയിസ്രയേലിലിരുന്നുകൊണ്ട് മറ്റു ഭരണങ്ങളുടെ നുകം തകർക്കും. ഒരു ചിലർ ദൈവരാജ്യത്തിന്റെ വെളിപ്പെടൽ എന്നത് സാത്താന്റെയും സൈന്യത്തിന്റെയും പരാജയത്തിന്റെ അടയാളമാണെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാലത്ത് ദൈവത്തിന്റെ കല്പനയ്ക്കു കീഴ്പ്പെടുന്നവർ അവരുടെമേൽ ദൈവത്തിന്റെ ഭരണമുണ്ടെന്നുള്ളത് അംഗീകരിക്കുന്നു. ഇങ്ങനെ സ്വർഗരാജ്യത്തെക്കുറിച്ചുള്ള ബോധ്യമുണ്ടാകുന്നു.

ഈ ലോകത്തിൽ സ്വർഗരാജ്യത്തെക്കുറിച്ചുള്ള ബോധ്യം യിസ്രായേൽ മക്കളെ സംബന്ധിച്ചിടത്തോളം ദൈവത്തോടുള്ള അനുസരണവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ അനുസരണക്കേടിന്റെ കാരണത്താലാണ് യിസ്രയേൽ മക്കൾ അന്യഭരണത്തിൻകീഴിലായിരിക്കുന്നത് എന്നുള്ളത് അവർ ഉറപ്പിക്കുകയാണ്. “*തങ്ങളിൽ ആരെയാണ് ഏറ്റവും ശ്രേഷ്ഠനായി കരുതേണ്ടത് എന്നൊരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. യേശു അവരോടു പറഞ്ഞു വിജാതീയരുടെ രാജാക്കന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നു, അവരുടെ മേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു വിളിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങളോ അങ്ങനെയല്ല ചെയ്യേണ്ടത് .നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആയിരിക്കേണം* (ലൂക്കൊ.22: 24-27) യിസ്രയേൽകുലം ന്യായപ്രമാണത്തെ ലംഘിക്കുന്നവരായിത്തീർന്നാൽ അന്യജാതികൾ അവരെ ഭരിക്കും, അവർ ന്യായപ്രമാണത്തെ കൈക്കൊണ്ടാൽ വിലാപങ്ങളും പാടുകളും നിലവിളിയും അവരുടെ ഇടയിൽ നിന്ന് നീങ്ങിപ്പോകും. എരിവുകാർ എന്ന ഒരു സംഘക്കാർ റോമാസാമ്രാജ്യത്തെ പരാജയപ്പെടുത്തി ഇവിടെ ദൈവീക ഭരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തു.

കാണപ്പെടുന്ന ഒരു സ്വർഗരാജ്യത്തിന്റെ മുമ്പായി തന്നെ ദൈവത്തെ അനുസരിക്കുന്നവരുടെ ഇടയിൽ ഇപ്പോൾതന്നെ ദൈവത്തിന്റെ ഭരണം വെളിപ്പെട്ടു വരുന്നുണ്ട്. സ്വർഗരാജ്യം ബലാൽക്കാരം ചെയ്യപ്പെടുന്നു എന്ന് യേശു പറഞ്ഞു (മത്താ. 11 : 12,ലൂക്കൊ. 17 :20,21). നാം ദൈവത്തിന്റെ കല്പനകൾക്ക് അനുസരണയുള്ളവരായിതീർന്നപ്പോൾ സ്വർലോകരാജ്യത്തിൽ വസിക്കുന്നവരോടൊപ്പം നാം താദാത്മ്യം പ്രാപിക്കുന്നു (മത്താ. 5 : 20).

കർത്താവിന്റെ പ്രാർത്ഥനയിൽ യേശു തന്റെ ശിഷ്യന്മാരെ - അവിടുന്ന് അവിടുത്തെ ഭരണം തുടർന്നും നിലനിർത്തേണമേ ( അതായത് നമ്മുടെ അനുസരണത്തിലൂടെ) എന്ന് പ്രാർത്ഥിക്കുവാനാവരെ പഠിപ്പിക്കുകയായിരുന്നു. തുടക്കത്തിൽ നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണം എന്നു പറഞ്ഞതിനോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു.



**കർത്താവിന്റെ പ്രാർത്ഥന യഹൂദ സംസ്ക്കാരത്തിന്റെ മണ്ണിൽ നിന്നും ഒന്നാം നൂറ്റാണ്ടിലെ ഭയഭക്തിയിൽ നിന്നും ഉരുവായി വളർന്നതാണ്.**

## നിന്റെ ഹിതം സ്വർഗത്തിലേതുപോലെ ഭൂമിയിലും ആകേണമേ

*അമിദാ* എന്ന പ്രാർത്ഥനയിൽ സ്വർഗത്തിൽ നിന്റെ നാമം വിശുദ്ധമായിരിക്കുന്നതുപോലെ ഭൂമിയിലും നിന്റെ നാമത്തെ വിശുദ്ധീകരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ യേശു ഇപ്രകാരം പറഞ്ഞു. *നിന്റെ ഇഷ്ടം സ്വർഗത്തിലേതുപോലെ ഭൂമിയിലും ആകേണമേ* . ആദ്യനൂറ്റാണ്ടിലെ യഹൂദന്മാർക്കിടയിൽ ദൈവഹിതം എന്നതിനെക്കുറിച്ച് വിവിധ തർക്കങ്ങളും ഉണ്ടായിരുന്നു. ഈ ധാരണയ്ക്ക് വലിയ പ്രാധാന്യവും അക്കാലത്തുണ്ടായിരുന്നു. 1-ാം നൂറ്റാണ്ടിലെ യഹൂദ ചരിത്രകാരനായ യോസീഫസ് പറയുന്നതനുസരിച്ച് ദൈവീക ദാനം അഥവാ ദൈവത്തിന്റെ ഹിതം എന്നതിനെ സംബന്ധിച്ച് യഹൂദന്മാർക്കിടയിൽ മൂന്ന് വെവ്വേറെ സംഘങ്ങളായി മൂന്നുവിധ ധാരണകളായിരുന്നു ഉണ്ടായിരുന്നത്. പരീശന്മാർ സാദൂക്യർ എസനീസുകൾ എന്നിവരായിരുന്നു ആ സംഘങ്ങൾ. പരീശന്മാരെക്കുറിച്ച് യോസീഫസ് ഇപ്രകാരമാണ് പറയുന്നത് .,, അവർ പറയുന്നത് ചില സംഭവങ്ങൾ വിധിയാണെന്നും എന്നാൽ എല്ലാകാര്യങ്ങൾ അങ്ങനെയല്ലന്നുമാണ്. മറ്റുള്ള സംഭവങ്ങൾ സംഭവിക്കുമോ ഇല്ലയോ എന്നത് നമ്മെ സംബന്ധിതച്ചുള്ള കാര്യമാണ് എന്ന് അവർ പറയുന്നു. നന്മയായതും തിന്മയായതുമായ പ്രവർത്തനങ്ങൾ ഇതിന് കാരണമായിരിക്കുന്നു.

പരീശന്മാർക്കു വിരീതമായി എസ്സനിസ്സുകൾ എല്ലാം ദൈവഹിതപ്രകാരം മുമ്പെ തീരുമാനിക്കപ്പെട്ടിരിക്കുന്നു

എന്നു വിശ്വസിക്കുന്നു. യോസിഫസ് പറയുന്നത് വിധിയാണ് എല്ലാറ്റിനും കാരണമെന്നും വിധിക്ക് അനുസരണമായി ആണ് എല്ലാം നടക്കുന്നതെന്നും അവർ വിശ്വസിക്കുന്നു. എസ്സനിസ്സുകാരുടെ അഭിപ്രായത്തിൽ ദൈവത്തിന്റെ ഹിതമാണ് ഭൂമിയിൽ എല്ലാ കാര്യവും നിറവേറ്റുന്നത്.

ശാസ്ത്രിമാർ യിസ്രയേലിന്റെ വീണ്ടെടുപ്പിന്റെ പ്രതീക്ഷയെ അവരുടെ അനുസരണവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. മാനസാന്തരത്തിലൂടെ ദൈവത്തെ അനുസരിക്കുന്നതിന് സ്വർഗരാജ്യത്തിലേക്കു പ്രവേശനവുമായി യേശു ബന്ധപ്പെടുത്തിയിരിക്കുന്നു (ലൂക്കൊ. 4 :16-30, മത്താ. 4: 17,യെശ. 58 : 6-9, യെശ. 61:1,2).യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത് സ്വർഗത്തിൽ ദൂതന്മാർ ദൈവത്തെ അനുസരിക്കുന്നതുപോലെ നാം ഭൂമിയിൽ ദൈവത്തെ അനുസരിച്ചാൽ ഭൂമിയിൽ ദൈവഹിതം നിറവേറപ്പെടും എന്നാണ്.

### ഞങ്ങാംക്ക് അന്നന്നു വേണ്ടുന്ന അപ്പം നൽകേണമേ

ഞങ്ങൾക്കു അന്നന്നു വേണ്ടുന്ന അപ്പം നിരന്തം തരേണമേ എന്നാണ് ലൂക്കൊസിന്റെ ഭാഷാശേലിയിൽ നിന്നും മനസിലാക്കുവാൻ കഴിയുന്നത്. അനുദിന ജീവിത ചിന്തയെക്കുറിച്ച് യേശു പറയുന്നത്. അപ്രകാരം ആകുലപ്പെടുന്നവരെക്കുറിച്ച് യേശു അല്പവിശ്വാസി എന്നാണ് വിളിക്കുന്നത്. മത്താ. 6 :30,31 ) സാധാത്മകമായ ചിന്തയും ദൈവത്തിലുള്ള അചഞ്ചലമായ ചിന്തയുമാണ് നാളയെക്കുറിച്ചുള്ള ചിന്താകുലങ്ങളിൽ നിന്നു നമ്മെ വിടുവിക്കുന്നത്. നാം എന്തു തിന്നും എന്തു കുടിക്കും എന്നതിനെക്കുറിച്ച് ആകുലപ്പെടരുത് എന്നു യേശു പറഞ്ഞു. നാളെയെക്കുറിച്ചുള്ള ചിന്തവിട്ട് ഇന്നു ജീവിക്കുന്നതിനെക്കുറിച്ച് നമ്മെ ചിന്തിപ്പിക്കുന്നതാണ് യേശുവിന്റെ വാക്കുകൾ. ആകുലപ്പെടാതെ ദൈവരാജ്യം അന്വേഷിക്കുക എന്നതാണ് യേശുവിന്റെ ഉപസംഹാര വാക്കുകൾ (ലൂക്കൊ. 12 :31,മത്താ. 6 : 31).

### ഞങ്ങാം ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കേണമേ

പ്രതിഫലേച്ഛകൂടാതെ നിരുപാധികം ദൈവത്തെ സേവിക്കുക എന്ന ഒരു മതചിന്തയിലേക്ക് ഒന്നാം നൂറ്റാണ്ടായപ്പോഴേക്കും യഹൂദ ജാതികൾ എത്തിച്ചേർന്നു. ഈ പുതിയ മതചിന്ത രണ്ട് വേദപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ ഉരുവാകപ്പെട്ടതാണ്. നിങ്ങൾ ദൈവത്തെ സ്നേഹിക്കേണം. അതുപോലെ നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കേണം എന്നിവകളാണ് അവ. ലേവ്യ 19 :18 ,ആവർ. 6 : 5) അതായത് ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതിനാൽ ഏതൊരു വ്യക്തിയും വിലപ്പെട്ടവനാണ്. കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും എന്ന് യേശു പഠിപ്പിക്കുന്നു (മത്താ. 5 : 7). *നിങ്ങളോട് പാപം ചെയ്യുന്ന മനുഷ്യരോട് നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും. എന്നാൽ മനുഷ്യരോട് , അവരുടെ പാപങ്ങൾ നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ പാപങ്ങളും ക്ഷമിക്കയില്ല.*(മത്താ. 6: 14,15)

### പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കാതെ ദുഷ്ടനിൽ നിന്നു ഞങ്ങളെ വീണ്ടുകൊള്ളേണമേ

യഹൂദ കവിതകൾപോലെതന്നെ യഹൂദ പ്രാർത്ഥനകളും ഒരു വരി അടുത്ത വരിയോട് യോജിക്കുന്ന തരമായിരുന്നു. ഒരു വാചകം അടുത്ത വാചകത്തെ ഉറപ്പിക്കുന്ന തരമായിരുന്നു. കർത്താവിന്റെ പ്രാർത്ഥനയിലുള്ള *അവിടുത്തെ നാമം പരിശുദ്ധമാക്കപ്പെടേണമേ , അവിടുത്തെ രാജ്യം വരേണമേ, അവിടുത്തെ ഹിതം നിറവേറപ്പെടേണമേ* എന്നീ ശൈലികൾ ഇതിനുദാഹരണമാണ്. ചില പുതിയ നിയമ പരിഭാഷകളിൽ ദുഷ്ടനിൽ നിന്നു ഞങ്ങളെ കാത്തുകൊള്ളേണമേ എന്നു കാണുന്നു. മറ്റു ചിലതിൽ പരീക്ഷയിൽ ഞങ്ങളെ അകപ്പെടുത്തരുത് എന്നും കാണുന്നു. രണ്ടാമത്തെ ശലിയാണ് ശരിയായ പരിഭാഷ. എബ്രായ ഭാഷയിൽ സാത്താനെ കുറിക്കുവാൻ ദുഷ്ടൻ എന്ന വാക്ക് പ്രയോഗിച്ചിട്ടില്ല. തന്റെ ശിഷ്യന്മാർ സാത്താന്റെ അടുക്കൽനിന്നും രക്ഷപ്രാപിക്കണമെന്നതായിരുന്നു കർത്താവിന്റെ ഇംഗിതമെങ്കിൽ കർത്താവ് അവിടെ സാത്താൻ എന്ന വാക്യപ്രയോഗം പ്രയോഗിച്ചേനേം.സമകാലിക യഗൂദ പ്രാർത്ഥനകളിൽ ഇത്തരത്തിലുള്ള അപേക്ഷകൾ കാണുവാൻ കഴിയുന്നുണ്ട്. എന്നാൽ ഈ വാക്യങ്ങളിലെ തുടർച്ച നോക്കുമ്പോൾ ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുത് എന്നതിന് തിന്മയിൽ നിന്നു ഞങ്ങളെ വീണ്ടുകൊള്ളേണമെ എന്നതാണ് ശരിയായ തുടർച്ച.

തിന്മയുടെ ആഗ്രഹം മനുഷ്യനെ ഭരിക്കുന്നതുകൊണ്ട് ് അവർ മിക്കപ്പോഴും പ്രലോപിക്കപ്പെടുന്നു എന്ന് യേശു വിശ്വസിച്ചു. ദുഷ്ടതാല്പര്യങ്ങളിൽ നിന്നും ദൈവം നമ്മെ വിടുവിക്കുമെങ്കിൽ അവിടുന്ന് പ്രലോഭനങ്ങളുണ്ടാക്കുന്ന ദുഷ്ടതയിൽ നിന്ന് നമ്മെ കാക്കുകയും ചെയ്യും 1 കൊരി. 10 11).

### ഉപസംഹാരം

മത്തായുടെസുവിശേഷത്തിന്റെ ചില കൈയ്യെഴുത്തു പ്രതികൾ രാജ്യവും ശക്തിയും മഹത്വവും എന്നെന്നേക്കും നിനക്കുള്ളതാകുന്നു അമേൻ എന്ന വാക്യം ഇല്ല. എന്നാലും യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയുടെ ഭാഗമായിരിക്കയില്ല. അതു പിന്നീട് കൂട്ടിച്ചേർത്തതാകാം.

കർത്താവിന്റെ പ്രാർത്ഥന യഹൂദ സംസ്ക്കാരത്തിന്റെ മണ്ണിൽ നിന്നും ഒന്നാം നൂറ്റാണ്ടിലെ ഭയഭക്തിയിൽ നിന്നും ഉരുവായി വളർന്നതാണ്. ഇത് ഒന്നാം നൂറ്റാണ്ട് യഹൂദ മതത്തിനുള്ളിൽ പ്രത്യേകിച്ചും ശാസ്ത്രിമാരാൽ വെളിപ്പെടുത്തപ്പെട്ട ഭയഭക്തി യേശു നങ്കൂരമിടുന്നതായി കാണാം. ഇതേ സമയംതന്നെ കർത്താവിന്റെ പ്രാർത്ഥന നിമിത്തം അവിടുത്തെ ശിഷ്യന്മാർ അവിടുത്തെ വിശ്വാസം ദൈവത്തെ സംബന്ധിച്ച അവിടുത്തെ വീക്ഷണം. അവിടുത്തോടുള്ള നമ്മുടെ ബന്ധം നമുക്കു ം മറ്റുള്ളവർക്കും ദൈവത്തിനും ഇടയിലുള്ളബന്ധം എന്നിത്യാദികളെക്കുറിച്ച് തെളിവായി മനസിലാക്കുവാൻ കർത്താവിന്റെ ഈ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ.



**മാർക്ക് ടർമ്മേജ്** സ്പ്രിംഗ് ഫീൽഡിലുള്ള അസംബ്ലീസ് ഓഫ് ഗോഡിന്റെ സെന്റർ ഫോർ ഹോളി ലാന്റസ് സ്റ്റഡീസിന്റെ ഡയറക്ടറാണ്.



പ്രാർത്ഥനയ്ക്ക് ഒരു ഉത്തമവഴി–

# യേശുവെപ്പോലെ പ്രാർത്ഥിക്കുന്നത്

ജോർജ്ജ് ഒ. വുഡ്ഡ്

ഒരു ഭൂതഗ്രസ്തനെ വിടുവിക്കുവാൻ പ്രാർത്ഥനയ്ക്കു മാത്രമേ കഴിയുമെങ്കിൽ നാം ലേക്തതിനുവേണ്ടിയും ,ദേശത്തിനുവേണ്ടിയും ,സഭയ്ക്കുവേണ്ടിയും നമ്മുടെ സമുദായം അഭിമുഖീകരിക്കുന്ന ബഹുലമായ ആവശ്യങ്ങൾക്കുവേണ്ടിയും **നാം എത്രയധികം പ്രാർത്ഥിക്കേണ്ടതുണ്ട് ?**

മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണമെന്ന് ശിഷ്യന്മാർക്കു കാണിച്ചു കൊടുക്കുവാൻ യേശു ഒരു ഉപമ പറഞ്ഞു (ലൂക്കൊ. 18 1). സംഭവിക്കാനുള്ളതെല്ലാം ദൈവത്തിനറിയാവുന്നതുകൊണ്ട് എന്റെ പ്രാർത്ഥനകൊണ്ട് എന്തു വ്യത്യാസമാണുണ്ടാകുന്നത്? അതുകൊണ്ട് ഞാൻ എന്തിനാണ് പ്രാർത്ഥിക്കുന്നത് ? പലപ്പോഴു ം ആളുകൾ എന്നോടു ചോദിക്കാറുള്ള ചോദ്യമാണിത് ? അടിസ്ഥാനപരമായി ഈ ചോദ്യത്തിനുള്ള മറുപടി യേശു നമ്മോട് പ്രാർത്ഥിക്കാൻ പറഞ്ഞു എന്നതാണ്. അവിടുന്ന് ചെയ്യാത്തത് ചെയ്യുവാൻ അവിടുന്ന് നമ്മോട് ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല.

നാലു സുവിശേഷരചയിതാക്കളും യേശു പ്രാർത്ഥിച്ച നിമിഷങ്ങളെക്കുറിച്ച് ചിത്രീകരിച്ചിട്ടുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ ഒൻപതു പ്രാവശ്യവും മർക്കൊസിന്റെ സുവിശേഷത്തിൽ 8 പ്രാവശ്യവും ലൂക്കൊസിന്റെ സുവിശേഷത്തിൽ 11 പ്രാവശ്യവും യോഹന്നാന്റെ സുവിശേഷത്തിൽ 5 പ്രാവശ്യവും പ്രസ്തുത വിഷയം പരാമർശിച്ചിരിക്കുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ മൂന്നു വർഷത്തെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവ് അവിടുത്തെ പ്രാർഥനാ ജീവിതത്തെ തുറന്നു കാട്ടിയ 23 രംഗങ്ങളുണ്ട്.

## സുപ്രധാന നിമിഷങ്ങൾ

**അവിടുത്തെ സ്നാന സമയം** - ലൂക്കൊസ് ഇപ്രകാരം കുറിക്കുന്നു. *ജനങ്ങൾ എല്ലാവരും സ്നാനമേറ്റുകൊണ്ടിരുന്നപ്പോൾ യേശുവും സ്നാനമേറ്റു. അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ സ്വർഗം തുറന്നു* (3 : 21.) ഈ പ്രാർത്ഥനാ നിമിഷങ്ങളിൽ പരിശുദ്ധാത്മാവ് അദ്ദേഹത്തിന്റെമേൽ ഒരു പ്രാവുപോലെ ഇറങ്ങിവന്നു. നീ എന്റെ പ്രീയപുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നുവെന്ന് സ്വർഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി. നാം പ്രാർത്ഥിക്കുമ്പോൾ സ്വർഗം തുറക്കുകയോ പരിശുദ്ധാത്മാവ് രൂപമെടുത്ത് ഇറങ്ങിവരികയോ ചെയ്തില്ലെങ്കിൽപോലും പരിശുദ്ധാത്മാവ് നമ്മുടെമേൽ വന്ന് ആവസിക്കും. മാത്രമല്ല, പ്രാർത്ഥനയിൽ പിതാവ് അവിടുത്തെ സ്നേഹം നമുക്ക് ഉറപ്പിച്ചു തരികയും ചെയ്യും.

**12 പേരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ്** - പിറ്റെ ദിവസം ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് യേശു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് മലമുകളിൽ സമയം ചെലവഴിച്ചു. (ലൂക്കൊ. 6: 12-16) മത്തായിയുടെ സുവിശേഷം ഇതിലേക്ക് കൂടുതൽ വെളിച്ചം വീശുന്നു. അപ്പൊസ്തൊലന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് കൊയ്ത്തിന്റെ യജമാനനോട് തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കുവാൻ അപേക്ഷിപ്പീൻ എന്നു പറഞ്ഞു. (മത്താ. 9: 38). അതിനുശേഷം 12 പേരെ തെരഞ്ഞെടുക്കുന്നതായി മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. മത്തായിയുടെ സുവിശേഷം 9 :38 ഉം 10 :1 ഉം തമ്മിൽ ഒരു ബന്ധമില്ലായിരുന്നുവെങ്കിൽ എങ്ങനെ ഇരുന്നേനേം എന്നു ഞാൻ പലപ്പോഴും വിസ്മയിച്ചിട്ടുണ്ട്. യേശുവിന് 12 ലധികം അനുഗാമികളുണ്ടായിരുന്നു എന്നുള്ളത് നമുക്ക് അറിയാവുന്ന കാര്യമാണ്. ലൂക്കൊ. 10 1-ൽ 72 പേരെക്കുറിച്ചും അപ്പൊസ്തൊലപ്രവർത്തിയിൽ 1 15-ൽ 120 പേരെക്കുറിച്ചും 1 കൊരിന്ത്യർ 15 6-ൽ 500 പേരെക്കുറിച്ചും പറഞ്ഞിരിക്കുന്നു. എന്നാൽ ഈ പന്ത്രണ്ടുപേരെക്കുറിച്ച് എടുത്തു പറഞ്ഞിരിക്കുന്നതിന്റെ കാരണമെന്താണ്. സാരമായി പ്രാർത്ഥിക്കണമെന്നുള്ള യേശുവിന്റെ അപേക്ഷ ഏറ്റെടുത്തവരായിരിക്കാം എന്നു ഞാൻ സംശയിക്കുന്നു. യേശുക്രിസ്തു രാത്രികാലങ്ങളിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ അവരും അവനോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സുവിശേഷീകരണത്തിൽ നാം ഫലപ്രദരായിത്തീരേണമെങ്കിൽ പ്രാർത്ഥനയ്ക്കു പ്രഥമസ്ഥാനം നൽകിയേ തീരൂ.

**കോരസിൻ ,ബദ്സൈദ ,കഫർന്നഹൂം എന്നീ സ്ഥലങ്ങളിൽ അവിടുന്ന് അവഗണിക്കപ്പെട്ടതിനുശേഷം** (മത്താ. 11: 20-26). ഈ മൂന്നു പട്ടണങ്ങളിലും യേശുക്രിസ്തു വളരെ ശക്തമായ അത്ഭുതപ്രവൃത്തികൾ ചെയ്തു. പത്രൊസും അന്ത്രയൊസും പീലിപ്പൊസും ബദ്സയദയിൽ നിന്നുള്ളവരാണ്. യാക്കോബും യോഹന്നാനും മത്തായിയും കഫർന്നഹൂംകാരാണ്. ഈ പട്ടണത്തിൽചെയ്ത അത്ഭുതപ്രവൃത്തികൾ കൂടാതെതന്നെ ശിഷ്യന്മാരിൽ പകുതിയോളം ഈ പട്ടണത്തിൽ നിന്നുള്ളവരാണെന്ന് പ്രത്യേകിച്ച് എടുത്തു പറയേണ്ട കാര്യമാണ്. എന്നിട്ടും അവർ യേശുവിനെ അവഗണിച്ചു.

**ആളുകൾ നമ്മെ അവഗണിക്കുമ്പോൾ നാം എങ്ങയൊണ് പ്രതികരിക്കാറുള്ളത്.** ദുഷ്ക്കരമായ പരിതസ്ഥിതികളിൽ നമ്മുടെ പ്രതികരണം എന്താണ് ? യേശു ചെയ്തതുപോലെ നാമും പ്രാർത്ഥിക്കേണം. ദൈവത്തോടു നാം സംസാരിക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം പുനഃക്രമീകരിക്കപ്പെടുന്നു. അവിടുത്ത് അംഗീകാരമാണ് ഏറ്റവും പ്രധാനമായുള്ളത് എന്നു നാം മനസിലാക്കുന്നു.

**അവിടുത്തയെ തിരിച്ചറിഞ്ഞ ആ പ്രത്യേക നിമിഷത്തിൽ** - ശിഷ്യന്മാർ യേശുവിനോടൊപ്പം രണ്ടുവർഷത്തോളം സഞ്ചരിച്ച് അവിടുന്ന് ആരെന്നു മനസിലാക്കുവാനുള്ള സമയമെത്തി. േ യേശുക്രിസ്തു ഒരു രാഷ്ട്രീയ മശിഹയാണെന്നുള്ള അവരുടെ മുൻധാരണമാറ്റി യേശുവിനെക്കുറിച്ചുള്ള അവിടുത്തെ വെളിപാടിനെ അംഗീകരിക്കുവാൻ തയ്യാറായോ ? കൈസരിയിലുള്ള ഫിലിപ്യയിൽവെച്ചാണ് ഇതിന് ഉത്തരം ലഭിച്ചത്. യേശു അവരോട് സ്വകാര്യമായി ഇപ്രകാരം ചോദിച്ചു. ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത് ? നിങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നു ? (ലൂക്കൊ. 9:18). മറ്റുള്ളവർ ക്രിസ്തുവിങ്കലേക്കുവാരുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം ക്രിസ്തുവിന്റെ മാതൃക കൊണ്ടുവരണം. നാം ക്രിസ്തുവിനെക്കുറിച്ചു സാക്ഷിപറയുന്ന വ്യക്തികൾ ജീവിതത്തിന്റെ കുറുക്കു വഴികളിലെത്തുമ്പോൾ, ഇഹലോകത്തിലെയും വരും ലോകത്തിലെയും ലക്ഷ്യത്തെക്കുറിച്ച് തീരുമാനമെടുക്കേണ്ടി വരുമ്പോൾ നാം ആ നമിഷങ്ങളിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കേണം.

**വെളിപ്പാടിന്റെ ആ ഉന്നത നിമിഷത്തിൽ**- ശിഷ്യന്മാർ തന്നെ ഏറ്റുപറഞ്ഞതിന് എട്ടു ദിവസങ്ങൾക്കുശേഷം യേശു പത്രൊസി

നെയും യോഹന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്ക് പ്രാർത്ഥനക്കായി പോയി. അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ മറുരൂപമായിത്തീർന്നു. അവിടുത്തെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. അവിടുത്തെ വസ്ത്രം മേഘം പോലെ വെണ്മയായി തീർന്നു. (മത്താ. 17 2,ലൂക്കൊ. 9 28,29). തന്റെ ഇഹലോകശുശ്രൂഷയിൽ ഈ ഒരു സമയത്തു മാത്രമാണ് തന്റെ ദൈവീകത്വം മാനുഷീക ശരീരത്തിൽ വെളിപ്പെട്ടത്.

പ്രാർത്ഥാനേരത്ത് ദൈവീക സാന്നിദ്ധ്യത്തിന്റെ തീവ്രമായ സന്തോഷം നമുക്കനുഭവിക്കുവാൻ കഴിയും. പരിശുദ്ധാത്മാവിന്റെ സ്ഥാനം അപ്രകാരമുള്ള ഒരു സമയമാണ്. അപ്പോൾ നമ്മുടെ ഉള്ളിലുള്ള സന്തോഷം നാം അറിയാത്ത വാക്കുകളിലൂടെ വെളിപ്പെടുന്നു.

**മറ്റുള്ളവർക്ക് അധികമായ ആവശ്യമുണ്ടാകുന്ന അവസരത്തിൽ** - തങ്ങളുടെ സഹോദരനായ ലാസറിന്റെ മരണം മാർത്തയെയും മറിയയെയും അധികമായി ദുഖത്തിലാഴ്ത്തി. യേശുവിന്റെ വരവിനു താമസം ഉണ്ടായപ്പോൾ അവരുടെ ദുഖം അധികരിച്ചു.യേശുവിനെ അവർ കല്ലറയ്ക്കലേക്കു കൊണ്ടുപോയി .കല്ലുനീക്കുവാൻ പറഞ്ഞിട്ട് അ വിടുന്ന് പ്രാർത്ഥിക്കുവാൻ തുടങ്ങി യോഹ. 11 41,42). നാമും ദുഃഖത്തിലാഴ്ന്ന വല്ലാത്ത നിമിഷങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. നാം പലപ്പോഴും അങ്ങനെയുള്ള സമയങ്ങളിൽ യേശുവോട് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. കർത്താവേ നീ എപ്പോഴും എന്റെ പ്രാർത്ഥന കേൾക്കുന്നു എന്നു ഞാൻ അറിയുന്നു. എന്നാൽ യേശുവിന്റെ പ്രാർത്ഥനയ്ക്കു ലഭിച്ച ഉത്തരമായിരിക്കയില്ല നമുക്കു ലഭിക്കുന്നത്. അത് നമുക്കൊരു മർമ്മമാണ്. എന്നാൽ അവിടുന്ന് നമുക്ക് എപ്പോഴും പക്ഷവാതം ചെയ്യുന്നു( എബ്രായ. 7: 25).



ചില കാര്യങ്ങൾ പ്രാർത്ഥനയിലൂടെ അല്ലാതെ ചെയ്യെടുക്കുവാൻ സാദ്ധ്യമല്ല ദൈവം നമ്മുടെ പ്രാർത്ഥനയിലൂടെ അവിടുത്തെ പ്രവൃത്തി ചെയ്യെടുക്കുവാനാഗ്രഹിക്കുന്നു.

**അന്ത്യ അത്താഴ നേരത്ത്** - യേശുഒറ്റിക്കൊടുക്കപ്പെടുന്ന വിധിനിർണായക നേരത്ത് തന്നോട് അടുത്തവരുമായി ഒരുമിച്ച് കർത്താവ് ഒരു അത്താഴമൊരുക്കി. തനിക്കു മുമ്പിൽ എന്താണ് വെച്ചിരിക്കുന്നതെന്ന് അറിഞ്ഞുകൊണ്ടു തന്നെ അവിടുന്ന് പാനപാത്രമെടുത്ത് നന്ദി പറഞ്ഞു (മത്താ. 26: 26,27).

പ്രതികൂലങ്ങളെ നേരിടുമ്പോൾ നാം എങ്ങനെയായിരിക്കേണമെന്നുള്ളതിന്റെ ഒരു പാഠമാണിത്. ദുഃഖത്തിന്റെ പാനപാത്രം കുടിക്കുമ്പോൾ നന്ദിയുള്ള ഹൃദയത്തോടെ അതിനെ അഭിമുഖീകരിക്കുവാൻ നമുക്കാകും. പെസഹയുടെ സമയത്താണ് യേശു തന്റെ പ്രശസ്തമായ മദ്ധ്യസ്ഥപ്രാർത്ഥന ചെയ്തത് (യോഹ. 17) . അവിടുന്ന് അവിടുത്തേക്കുവേണ്ടി പ്രാർത്ഥിച്ചു (വാ.1-5) അവിടുത്തെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. (6 -19). അവിടുന്ന് നമുക്കു വേണ്ടിയും പ്രാർത്ഥിച്ചു (വാ. 20 -26). യേശുവിനോട് അടുത്തിരുന്നവരും മറ്റു ശിഷ്യന്മരും ഒരിക്കലും ഈ പ്രാർത്ഥന മറക്കുകയില്ല.

**ഗത്ശമനയിൽ** - ഗത്ശമനയുടെ അർത്ഥം ഒലിവ് ആട്ടുന്ന സ്ഥലം എന്നാണ്. യേശു വലിയ സമ്മർദ്ദത്തിലായിത്തീർന്നു. ദുഃഖം നിമിത്തം തന്റെ വിയർപ്പ് വലിയ രക്തതുള്ളികൾ ആയി പുറത്തു വന്നെന്ന് ലൂക്കൊസ് പറയുന്നു (ലൂക്കൊ. 22: 41- 44). അവിടുന്ന് മൂന്നു പ്രാവശ്യം പിതാവേ അവിടുത്തെ ഹിതം നിറവേറപ്പെടേണമെന്ന് പ്രാർത്ഥിച്ചു. (മത്താ. 26: 36 -44). ലാസറനെ ചില ദിവസങ്ങൾക്കു മുൻപേ ഉയിർപ്പിച്ചവൻ കൊടൂരമായ മരണത്തിൽ നിന്ന് തന്നെ രക്ഷിക്കുവാൻ ആഗ്രഹിച്ചില്ല. ഒലിവു മലകളുടെ കിഴക്കു ഭാഗത്തേക്കു നടന്ന് യെഹൂദമരുഭൂമിയിൽ എവിടെയെങ്കിലും അപ്രത്യക്ഷമാകാമായിരിന്നിട്ടും അവിടുന്ന് നമുക്കുവേണ്ടി നിലകൊണ്ടു.

പലപ്പോഴും നമ്മുടെ സ്വന്ത സുഖവും ഇംഗിതവും അനുസരിച്ചു മുന്നേറുവാൻ നാം സ്വതന്ത്രരല്ലാത്ത അവസ്ഥകളുണ്ടാകും. എന്നാൽ പ്രാർത്ഥനാ ജീവിതം ഒന്നുമാത്രമാണ് നമ്മെ നിലനിർത്തുന്നത്.

**കുരുശിൽ** -യേശു കുരിശിൽ നിന്ന് ഏഴു മൊഴികൾ മൊഴിഞ്ഞെന്നാണ് സുവിശേഷം നമ്മോടു പറയുന്നത്. അതിൽ ഒന്നാമത്തേതും നാലാമത്തേതും പ്രാർത്ഥനകളായിരുന്നു.

ക്ഷമിക്കേണമേ എന്നായിരുന്നു പ്രാർത്ഥനയുടെ തുടക്കം (ലൂക്കൊ. 23 34) അവിടുന്ന് പ്രതികാരദാഹം കാണിച്ചില്ല. എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് എന്നതായിരുന്നു രണ്ടാമത്തെ പ്രാർത്ഥന(മർക്കൊ. 15: 34). കൈവിടപ്പെട്ടതിന്റെ നിലവിളിയായി നാം പലപ്പോഴും ഇതിനെ വിളിക്കുന്നു. 22-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്കുകളാണ് അവിടുന്ന് ഉദ്ധരിച്ചത്. ആ സങ്കീർത്തനം അവസാനിക്കുന്നത് വലിയ ജയത്തോടെയാണ്. തന്റെ മരണത്തോടടുത്തപ്പോൾ അവിടുന്ന് തിരുവചനാനുസൃതമായി പ്രാർത്ഥിക്കുകയായിരുന്നു. ദൈവം നമ്മെ ഉപേക്ഷിച്ചു കളഞ്ഞു എന്നുള്ള ചിന്തയിലേക്ക് നാം ഒരിക്കലും പോകരുത്. അന്ധകാരത്താൽ മൂടപ്പെട്ട അവസ്ഥകൾ നമുക്കുണ്ടാവാം. എന്നാൽ അവിടുന്ന് നമ്മെ ഒരിക്കലും ഉപേക്ഷിച്ചു കളയുകയില്ല(എബ്ര. 13: 5) .പിതാവേ അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ തരുന്നു എന്നുള്ളതാണ് അവസാനത്തെ പ്രാർത്ഥനാ വാചകം (ലൂക്കൊ. 23: 46). ഓരോ യഹൂദബാലനും പഠിച്ചു വളരുന്ന പ്രാർത്ഥനാ വാചകമാണിത്. മരണത്തിലും ജീവിതത്തിലും നാം അവനുള്ളവനായിരിക്കയാൽ നമുക്ക് അവനിൽ ആശ്രയം വെയ്ക്കാം.

**മറ്റു സമയങ്ങൾ** - യേശു തന്റെ ശുശ്രൂഷയുടെ നിർണയക ഘട്ട

ങ്ങലിൽ മാത്രമല്ല മറ്റു സമയങ്ങളിലും പ്രാർത്ഥിച്ചു. അവൻ ഇരുട്ടുന്നതുവരെയും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അയ്യായിരംപേരെ പോഷിപ്പിച്ചതിനു ശേഷം അവിടുന്ന് രാത്രി മുഴുവനും പ്രാർത്ഥനാ നിരതനായിരുന്നു. ലൂക്കൊ. 6 12) മറ്റ് യോതൊരു ശല്യവുമില്ലാതെ പിതാവുമായി ബന്ധപ്പെടുവാനാഗ്രഹിച്ചതുകൊണ്ട് പലപ്പോഴും താൻ പ്രാർത്ഥനയ്ക്കായി തനിയെ പോകുമായിരുന്നു. അവിടുന്ന് ശിശുക്കളെ കരങ്ങളിലെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിച്ചു (മത്താ. 19 13). അവിടുന്ന് തന്റെ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിനുവേണ്ടി പ്രാർത്ഥിച്ചു (യോഹ. 14 16). തന്റെ ശിഷ്യന്മാരുടെ വിശ്വാസം നഷ്ടമായിപ്പോതകാതിരികകുവാൻ അവിടുന്ന് പ്രാർത്ഥിച്ചു (ലൂക്കൊ. 22 31,32). മൂന്നു പ്രാവശ്യം അവിടുന്ന് കണ്ണുനീർ വാർത്തു. 1-ലാസറിന്റെ കല്ലറയ്ക്കൽ വെച്ച്(യോഹ. 11 35) . 2- യെരുശലേം നഗരത്തോടടുത്തപ്പോൾ അവിടുന്നു കരഞ്ഞു. ഒ ടുവിലായി എബ്രായലേഖനക്കാരൻ ഇങ്ങനെ പറയുന്നു,, *ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് തന്നെ മരണത്തിൽ നിന്നു രക്ഷിക്കുവാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷകളും യാചനകളും കഴിച്ചു.* എബ്ര. 5 7). അവിടുന്ന് പലപ്പോഴും വ്യക്തികൾക്കുവേണ്ടിയും നഗരങ്ങൾക്കുവേണ്ടിയും ദൈവഹിതത്തോടുള്ള തന്റെ സമർപ്പണത്തെ ഓർത്തും കണ്ണീരൊഴുക്കി.

**പ്രാർത്ഥനയെ സംബന്ധിച്ച യേശുവിന്റെ നിർദ്ദേശങ്ങൾ**

തന്റെ അനുയായികളോട് എന്തു പ്രാർത്ഥിക്കണമെന്ന് നിർദ്ദേശം നൽകി. കൊയ്ത്തിനുള്ള വേലക്കാർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അവിടുന്നു പറഞ്ഞു. ക്രിസ്തുവിങ്കലേക്കു വരുന്ന ആളുകളുടെ ദുർലഭമല്ല, പിന്നയോ ക്രിസ്തുവിങ്കലേക്ക് ആളുകളെ കൊണ്ടുവരുന്ന വേലക്കാരുടെ ദൗർലഭ്യമാണ് പ്രശ്നം. പ്രാർത്ഥനയിലൂടെ നാം ഈ ദൗർലഭ്യത്തെ സന്ധിക്കേണ്ടതുണ്ട്. നാം മറ്റുള്ളവരുമായി ഒത്തൊരുമിച്ചു പ്രാർത്ഥിക്കുവാൻ അവിടുന്നു പറഞ്ഞു (മത്താ. 18 19,20). അവിടുത്തെ നാമത്തിൽ പ്രാർത്ഥിക്കുവാൻ അവിടുന്നു നമ്മോടു പറഞ്ഞു (യോഹ. 14 13, 15 7, 16 23-26).അവിടുത്തെ നാമത്തിലുള്ള പ്രാർത്ഥന നമ്മുടെ പ്രാർത്ഥനയെ ഉപാധികമാക്കുന്നു. നാം ആരുടെ നാമത്തിൽ പ്രാർത്ഥിക്കുന്നുവോ ആ നാമക്കാരന്റെ സ്വഭാവഗുണങ്ങളെ നമുക്ക് അറിയാവുന്നതുകൊണ്ട് അതിന്റെ ദൈവീക പ്രതികരണം നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. വിശ്വാസത്തോടുകൂടെ പ്രാർത്ഥിക്കുവാൻ അവിടുന്ന് നമ്മോട് അരുളി ചെയ്യുന്നു (മർക്കൊ. 11 22 -26). ചില കാര്യങ്ങൾ പ്രാർത്ഥനയിലൂടെ അല്ലാതെ ചെയ്യെടുക്കുവാൻ സാദ്ധ്യമല്ല (മർരക്കൊ. 9 29). ദൈവം നമ്മുടെ പ്രാർത്ഥനയിലൂടെ അവിടുത്തെ പ്രവൃത്തി ചെയ്യെടുക്കുവാനാഗ്രഹിക്കുന്നു. ദൈവം സർവാധിപതിയാകയാൽ അവിടുത്തെ പ്രകൃതത്തിനൊത്ത് എന്തും ചെയ്യുവാൻ അവിടുന്നു കഴിയും. എന്നാൽ ചില വിഷയങ്ങ്ഹൾ നാം പ്രാർത്ഥിക്കാതെ അവിടുന്നു ചെയ്യുകയില്ല. യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു പ്രാർത്ഥനയിലല്ലാതെ ഇത്തരം പിശാച് ഒഴിഞ്ഞു പോവുകയില്ല.

**ഉപസംഹാരം**

നാം പ്രവർത്തിക്കിടാത്തോളം ദൈവത്തെക്കൊണ്ട് ചില കാര്യങ്ങൾ ചെയ്യാനാവില്ല. അവൻ മലകളെ പളുങ്കുകല്ലുകൊണ്ട് നിറക്കുന്നു. എന്നാൽ അവിടുന്ന് കത്തീഡ്രൽ ഉണ്ടാക്കിയിട്ടില്ല. അവിടുന്ന് ഇരുമ്പ് ധാതുക്കളാൽ മലകളെ നിറച്ചിരിക്കുന്നു. എന്നാൽ ഒരു മൊട്ടു സൂചിയെയൊ മറ്റൊരു ആയുധത്തെയൊ അവിടുന്ന് ഉണ്ടാക്കിയിട്ടില്ല. അതുചെയ്യെടുക്കുവാൻ അവിടുന്ന് നമ്മോട് ആവശ്യപ്പെടുകയാണ് ദൈവം പലകാര്യങ്ങളും മനുഷ്യന്റെ ചിന്തക്കും അവന്റെ പ്രവർത്തനത്തിനും വിട്ടു കൊടുത്തിരിക്കുന്നു.



**യേശു ചെയ്യതുപോലെ നാമും പ്രാർത്ഥിക്കേണം. ദൈവത്തോടു നാം സംസാരിക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം പുനഃക്രമീകരിക്കപ്പെടുന്നു. അവിടുത്ത് അംഗീകാരമാണ് ഏറ്റവും പ്രധാനമായുള്ളത് എന്നു നാം മനസിലാക്കുന്നു.**

എന്തുകൊണ്ടാണ് അവിടുന്നു ചില കാര്യങ്ങൾ മനുഷ്യന്റെ പ്രാർത്ഥനയ്ക്ക് ഒത്തവിധം ചെയ്യെടുക്കുന്നത് . യാചിപ്പീൻ എന്നാൽ നിങ്ങൾക്കു കിട്ടുമെന്നുള്ളതാണ് ദൈവത്തിന്റെ കല്പന. നാം ചോദിക്കാതെ ദൈവം ചില കാര്യങ്ങൾ ചെയ്യുകയില്ല. നമുക്കുള്ള വാഗ്ദത്തങ്ങൾ നാം പ്രാർത്ഥിച്ചെങ്കിൽ മാത്രമേ നമുക്കു ലഭിക്കയുള്ളൂ എന്ന് ഹറോൾഡ് ലിൻസൺ പറഞ്ഞിട്ടുണ്ട്.

കൊയ്ത്തിന്റെ യജമാനൻ തന്റെ വയലിലേക്ക് വേലക്കാരെ അയക്കേണ്ടതിന് പ്രാർത്ഥിപ്പീൻ എന്ന് യേശു പറഞ്ഞു (മത്താ. 9 38). മറ്റുള്ളവരോട് എന്ത് ആവശ്യപ്പെട്ടുവോ അത് അവിടുന്ന് ചെയ്തു കാണിച്ചു. അപ്പൊസ്തൊലന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് യേശു പ്രാർത്ഥനാ നിരതനായി തീർന്നു. (ലൂക്കൊ. 6 12-16). പത്രൊസ് മച്ചിൻ പുറത്തു പോയിരുന്ന് പ്രാർത്ഥിക്കുവാൻ തുനിഞ്ഞില്ലായിരുന്നുവെങ്കിൽ ജാതികളിലേക്കുള്ള സുവിശേഷച്ചിന്റെ വാതിലുകൾ തുറക്കുകയില്ലായിരുന്നു. പത്രൊസിനെ കൊർന്നെല്യോസിന്റെ വീട്ടിലേക്കു നയിച്ചതും ആ പ്രാർത്ഥനയാണ് (അപ്പൊ.പ്ര. 13 1-3). കൊലൊസ്യ സഭക്കാരോട് പൗലോസ് ഇപ്രകാരം അഭ്യർത്ഥിക്കുന്നു. എന്റെ ബന്ധനത്തിന്റെ കാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിക്കുവാൻ വേണ്ടി ദൈവം ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു തരേണ്ടതിന് ... പ്രാർത്ഥിക്കുവിൻ (കൊലൊ. 4 3,4) എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന് യേശു പറഞ്ഞു (യോഹ. 15 5).



**ജോർജ് ഒ . വുഡ്** സ് പ്രിംഗ് ഫീൽഡിലുള്ള അസംബ്ലീസ് ഓഫ് ഗോഡിന്റെ സൂപ്പർവൈസറാണ്.

# ദൈവവവുമായുള്ള സംസാരം

ഡഗ് ഓസ്

ദൈവത്തിന്റെ വേദപുസ്തകപരമായ നാമം ഉപയോഗിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നതിന് സഭയെ പ്രോത്സാഹിപ്പിക്കുന്ന പ്രായോഗിക ആശയങ്ങളും തത്വങ്ങളും

**ലൂക്കൊസ് 11: 2 അടിസ്ഥാനപ്പെടുത്തി, പ്രാർത്ഥന പിതാവിനോടും പുത്രനോടുമുള്ള നമ്മുടെ ബന്ധത്തിൽ എപ്രകാരം പ്രകടമാകുന്നു.**



മുഖവുര

**വേദപുസ്തകത്തിൽ കൊടുക്കപ്പെട്ടിട്ടുള്ള എല്ലാ പ്രാർത്ഥനകളിലും ഒരു പ്രാർത്ഥന മറ്റുള്ള പ്രാർത്ഥനകൾക്കെല്ലാം ഉപരിയായിരിക്കുന്നു.** യേശു എല്ലാ വിശ്വാസികൾക്കുംവേണ്ടി ഈ മാതൃകാ പ്രാർത്ഥന പഠിപ്പിച്ചു. തന്റെ ശിഷ്യന്മാർ എപ്രകാരമാണു പ്രാർത്ഥിക്കേണ്ടതെന്നു ചോദിച്ചപ്പോൾ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ (ലൂക്കൊ. 11 2) എന്നു പറഞ്ഞുകൊണ്ട് പഠിപ്പിക്കുവാൻ തുടങ്ങി. സഭാചരിത്രത്തിൽ ഇത് വളരെ പ്രാധാന്യമുള്ള ഒരു പ്രാർത്ഥനയാണ്. ഇത് *കർത്താവിന്റെ പ്രാർത്ഥന* എന്ന പേരിലറിയപ്പെടുന്നു. പ്രാർത്ഥനയിലൂടെ പിതാവിനോട് വളരെ അടുപ്പമുള്ള ഒരു ബന്ധം പ്രാപിക്കുന്ന വഴി കർത്താവിന്റെ പ്രാർത്ഥന അവിടുത്തെ ശിഷ്യന്മാർക്കു കാട്ടിക്കൊടുക്കുന്നു. (ലൂക്കൊ. 11 1-4, മാത്താ.6 9-13)

കർത്താവിന്റെ പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ ഇന്നത്തെ സഭയുടെ പ്രാർത്ഥനാ ജീവിതത്തെ വിവക്ഷിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. പ്രത്യേകിച്ചും അവിടുത്തെ നാമം മഹത്വപ്പെടേണമേ എന്നതിന്റെ മുഖ്യത്വത്തെക്കുറിച്ച് നാം ചിന്തിക്കുന്നതാണ്. ഈ പ്രാർത്ഥനാ ശകലത്തെയും പ്രാർത്ഥനയിൽ അതിന്റെ പ്രാധാന്യത്തെയും കുറിച്ച് ചർച്ച ചെയ്തശേഷം ദൈവത്തിന്റെ വേദപുസ്തക നാമം എടുത്തുരച്ച് പ്രാർത്ഥിക്കുന്നതിന് സഭയെ പ്രചോദിപ്പിക്കുന്നതിനാവശ്യമായ ആശയങ്ങളെ ശുശ്രൂഷകന്മാർക്ക് നൽകുവാനാഗ്രഹിക്കുന്നു.

**പിതാവിന്റെ പരിശുദ്ധനാമവും കർത്താവിന്റെ പ്രാർത്ഥനയും**

വളരെ അടുപ്പം തോന്നിക്കുന്ന പിതാവേ എന്ന പേര് ഉപയോഗിച്ച് ഉള്ള ഈ പ്രാർത്ഥനയുടെ തുടക്കംതന്നെ അത്ഭുതകരമാണ്. പിതാവ് എന്ന് ദൈവത്തെ നേരിട്ടുവിളിക്കുന്നത് ഒരു പിതാവും മകനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഇപ്രകാരം കർത്താവിന്റെ പ്രാർത്ഥനയുടെ തുടക്കം ശിഷ്യന്മാർ ആരോടു പ്രാർത്ഥിക്കുന്നുവോ അവിടുത്തെ സ്വഭാവത്തെ വെളിപ്പെടുത്തുന്നതായിരിക്കുന്നു. അവിടുന്ന് തന്റെ മക്കളുടെ ആവശ്യങ്ങളെ മാനിക്കുന്ന ദയയുള്ള , ഉൽക്കണ്ഠയുള്ള , മറുപടിതരുന്ന ഒരു പിതാവായിരിക്കുന്നു.

ദൈവത്തിന്റെ പിതൃസ്നേഹത്തെ അംഗീകരിക്കുന്നതിന് അവിടുത്തയെ പിതാവേ എന്നു വിളിക്കുന്നത് അവിടത്തോടുള്ള ബഹുമാനം നമുക്ക് ഇല്ലാതെയാക്കുന്നില്ല. യഥാർത്ഥത്തിൽ കർത്താവിന്റെ പ്രാർത്ഥനയിൽ ഈ പ്രഥമ പ്രാർത്ഥന ദൈവത്തിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണം എന്നാണു പറഞ്ഞിരിക്കുന്നത്. മനുഷ്യരുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ നാമമാണ് മതിക്കപ്പെടുന്നത്. എന്നാൽ അത് സാരാംശത്തിൽ ദൈവത്തെയാണ് സൂചിപ്പിക്കുന്നത് മനുഷ്യൻ ദൈവത്തെക്കുറിച്ച് യോജ്യമായ മര്യാദയോടും ബഹുമാനത്തോടും കൂടെ സംസാരിക്കേണം


el shaddai
el sadday
el elyon
el olam
el roi
yahweh
el elyon
el shaddai
el sadday
el elyon
el olam
el roi
yahweh
el olam
YAHWEH
el shaddai

എന്ന് മാഷൽ സരിയാക്ക് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ നാമം അവിടുത്തെ വ്യക്തിത്വത്തെയും അവിടുത്തെ സ്വഭാവത്തെയും കുറിക്കുന്നു. ഉദാഹരണത്തിന് ഒരുവൻ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു എന്നു പറയുമ്പോൾ അവൻ പ്രാർത്ഥിക്കുന്നവൻ യേശുവിന്റെ അധികാരത്തെയും ശക്തിയെയും കൂട്ടുപിടിക്കുകയാണ് ചെയ്യുന്നത്. കർത്താവിന്റെ മുഴു അധികാരത്തെ പ്രയോഗപ്പെടുത്തി പ്രാർത്ഥിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

കർത്താവിന്റെ പ്രാർത്ഥനയ്ക്ക് പുരാതന യഹൂദ പ്രാർത്ഥനാലയങ്ങളിൽ ഉപയോഗിക്കപ്പെട്ട ഉപയോഗിക്കപ്പെട്ട ചടങ്ങുകൾക്കുമിടയിലുള്ള ചിന്താധാരയിൽ ഭാഷാപരമായ ബന്ധവും ബോക്ക് എന്ന പണ്ഡിതൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദൈവത്തിന്റെ പേര് എടുത്തു പറയുന്നത് അവിടുത്തെ ആത്വത്തെ എടുത്തു പറയുന്നതുപോലെയാണ്. അവിടുത്തെ നാമം പരിശുദ്ധമാക്കപ്പെടേണമേ എന്ന് അപേക്ഷിക്കുന്നത് ദൈവം തന്റെ പ്രത്യേക തനിമയെ നമുക്ക് ഉറപ്പിച്ചു കാണിക്കേണമേ എന്നു പ്രാർത്ഥിക്കുകയാണ്. കാട്ടീഷ് എന്ന പേരിലറിയപ്പെടുന്ന യഹൂദ പ്രാർത്ഥന പുരാതന സിനഗോഗുകളിൽ ഉപസംഹാരമായി പ്രാർത്ഥിക്കുന്നു.

അവിടുന്ന് തന്റെ ഹിതത്തിൻ പ്രകാരം
സൃഷ്ടിച്ച ലോകത്തിൽ അവിടുത്തെ
മഹിമയുള്ള നാമം ഉയർത്തപ്പെട്ട്
വിശുദ്ധീകരിക്കപ്പെടുമാറാകട്ടെ !
നിങ്ങളുടെ ജീവിതകാലത്തും
നിങ്ങളുടെ നാളുകളിലും
സമസ്ത യിസ്രയേൽ ഗൃഹത്തിന്റെ
ജീവിതനാളുകളിലും
വേഗമായും ത്വരിതമായും
അവിടുത്തെ രാജ്യം
ഭരണം നടത്തുവാൻ ഇടയാട്ടെ !

സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്ന സ്രഷ്ടാവായ ദൈവം ഭരണം നടത്തുന്നതാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. അവിടുത്തെ മഹത്വം എല്ലാവർക്കും സ്പഷ്ടമാണ്. ദൈവം തന്നെ അവിടുത്തെ മഹത്വത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തും എന്ന വിശ്വാസത്തോടെ ശിഷ്യൻ തന്റെ പ്രാർത്ഥന ആരംഭിക്കുകയാണ് എന്ന് ബോക്ക് എഴുതിയിരിക്കുന്നു.

അതായത് പുരാതന യിസ്രായേൽ മക്കളുടെ പ്രാർത്ഥനാ രീതിയിൽ പ്രാർത്ഥിക്കുവാൻ യേശു തന്റെ അനുയായികളെ പഠിപ്പിച്ചു. എന്നാൽ അവിടുന്ന് പിതാവ് എന്ന് വളരെ അടുപ്പത്തോടെ വിളിക്കുന്നു. ദൈവം നമ്മുടെ പിതാവായി നമ്മുടെ നന്മയെക്കുറിച്ച് ചിന്തിക്കുന്നവനായിരിക്കുന്നു. യഥാർത്ഥത്തിൽ അവിടുന്ന് നമ്മാൽ ഗ്രഹിക്കുവാൻ കഴിയാത്തത്ര വലിയവനാണ്. എന്നാൽ അവിടുന്ന് അപ്രകാരമുള്ളവനായി മാത്രമല്ല, അനന്തനും അപ്രമേയനുമായ ദൈവം അൻപു നിറഞ്ഞ പിതാവുമായും തന്നെ നമുക്കു വെളിപ്പെടുത്തി കാട്ടിയിരിക്കുന്നുവെന്നത് ചൂണ്ടിക്കാണിക്കുന്നതുകൊണ്ട് കർത്താവിന്റെ പ്രാർത്ഥന എടുത്തു പറയത്തക്ക ഒന്നായി തീർന്നിരിക്കുന്നു. കൂടാതെ യേശു പ്രാർത്ഥനയെക്കുറിച്ച് ലൂക്കൊസ് 11: 5-11 വരെയുള്ള വാക്യങ്ങളിൽ പഠിപ്പിക്കുമ്പോൾ, അവിടുന്ന് ഒരുവന്റെ മാനുഷിക പിതാവിനെയും സ്വർലോകപിതാവിനെയും സാമ്യപ്പെടുത്തി കാണിക്കുന്നു. പിതാവായ ദൈവം നമ്മുടെ ആവശ്യങ്ങൾക്ക് മറുപടി തരുന്നവനായും നമ്മുടെ മാനുഷിക പിതാക്കന്മാരെക്കാൾ വല്ലഭനായും ജീവിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിക്കുന്നു. ( വാ. 11- 13)

ദൈവം പിതാവായി വർത്തിക്കുന്നുവെന്നത് പഴയനിയമത്തിൽ അവിടത്തേക്ക് നൽകപ്പെട്ടിട്ടുള്ള നാമത്തിൽ നിന്ന് മനസിലാക്കുവാൻ കഴിയും. ദൈവത്തിന്റെ ഓരോ നാമവും അവിടുത്തെ പ്രകൃതത്തെ പ്രകീർത്തിക്കുന്നു. നമ്മുടെ കർത്താവ് പ്രാർത്ഥിക്കുവാൻവേണ്ടി നമ്മെ പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നമ്മുടെ നിത്യ പിതാവോട് നമ്മെ അടുപ്പിക്കുന്നുവെന്ന് അവിടുന്ന് നമ്മോട് പറയുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ചില ദൈവനാമങ്ങളെക്കുറിച്ച് നമുക്കു നോക്കാം.

**ദൈവത്തിന്റെ പേരിന്റെ അടിസ്ഥാനത്തിൽ പ്രാർത്ഥന**

പേട്ടർ എന്ന ധാരണപോലെ ദൈവത്തിന്റെ പഴയ നിയമ നാമങ്ങളിലും നാം ഇത്തരം ചിന്താധാരകൾ പ്രാപിക്കുന്നു. പഴയ നിയമത്തിൽ ദൈവത്തെക്കുറിക്കുന്ന പേരുകൾ അവിടുത്തെ അത്വത്തെയും സാന്നിദ്ധ്യത്തെയും പ്രകൃതത്തെയും പ്രതിനിദാനം ചെയ്യുന്നു. ഏൽ, ഏലോഹിം ,ഏലേഹ തുടങ്ങിയ പൊതുവായ നാമങ്ങൾ അല്ലാത്ത ദൈവസ്വഭാവത്തെ വെളിപ്പെടുത്തുന്ന മറ്റു ചില സ്വഭാവങ്ങൾ നമുക്കു നോക്കാം.

**ഏൽ ഷഡായി** . അബ്രഹാമിനെക്കുറിച്ചു പറയുന്ന ഭാഗങ്ങളിൽ ഈ പേര് നമുക്കു കാണുവാൻ കഴിയും(ഉല്പ. 17 1, 28 3, 35 11,45 14, 48 3, 49 25). മുൻ പിതാക്കളുടെ കാലത്ത് ഈ പേരാണ് പൊതുവായി ഉപയോഗിച്ചുകൊണ്ടിരുന്നത്. സർവ്വശക്തിയുള്ള ദൈവം എന്നാണ് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

**പ്രാർത്ഥനയ്ക്കുള്ള ഏകാഗ്രത**. പ്രാർത്ഥിക്കുമ്പോൾ ഈ പേര് വിശ്വാസി തന്റെ തികച്ചും കഠിനമായ അവസ്ഥകളെ സർവശക്തിയുള്ള ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുമാറ് പ്രചോദിക്കപ്പെടേണം. അവിടുന്ന് യിസ്രയേൽ മക്കളെ മിസ്രയീമിൽ നിന്നു വിടുവിച്ചതുപോലെ സർവ സൃഷ്ടിയിലും തന്റെ ഹിതം ചെയ്യെടുക്കുവാൻ .

**ഏൽ ഏലിയോൻ (മഹോന്നതനായ ദൈവം)** എന്നാണ് ഇതിനർത്ഥം *ഏലാ* എന്നതിന് ഉയർത്തപ്പെടുക എന്നർത്ഥം. റാൻ ക്രോണിംഗൽ എന്ന ആൾ ഈ പേരിനെക്കുറിച്ച് ഇപ്രകാരം പറയുന്നു- ജീവിതത്തിന്റെ എല്ലാ അളവുകളിലും ആരാധനയിലും പട്ടാള നടപടികളിലും രാഷ്ട്രീയത്തിലും സാമ്പത്തീക മുന്നേറ്റത്തിലും ദൈവം അതുല്യമായ , ഉയർത്തപ്പെട്ട, സ്രഷ്ടാവായിരുന്നു. അതിന്റെ സൂക്ഷിപ്പുകാരനായിരുന്നു. ജനങ്ങളെയും സകലസാധന സാമഗ്രികളെയും നിയന്ത്രിച്ചു നടത്തുന്നവനായിരിക്കുന്നു.

**പ്രാർത്ഥനയ്ക്കുള്ള ഏകാഗ്രത** - വിശ്വാസികളിൽ മാത്രമല്ല, സകലത്തിന്മേലുമുള്ള ദൈവത്തിന്റെ നിയന്ത്രണം ഇതു നമുക്കു കാട്ടിത്തരുന്നു. മാനുഷിക വീക്ഷണത്തിൽ ജീവിതം അർത്ഥമില്ലാത്തതുപോലെ തോന്നിയാലും ഒന്നും ദൈവത്തിന്റെ നിയന്ത്രണത്തിന് അധീനമല്ല. യാദൃച്ഛികമായ ഒന്നും തന്നെയില്ല. വിധി എന്ന ഒന്നില്ല. ദൈവത്തിന്റെ ഭരണവും നടത്തിപ്പും മാനുഷിക തെരഞ്ഞെടുപ്പുമാത്രമാണ്.

**ഏൽ ഓലാം** ഈ പേര് കാലത്തെ ഉണ്ടാക്കിയ സൃഷ്ടിതാവായി അവിടുത്തെയെ കാണുന്നു. എന്നാൽ അവിടുന്ന് കാലത്തിനും അധീതനാണ്. ഓലാം എന്നത് അനന്തമായ കാലയളവിനെക്കുറിക്കുന്നു ദൈവം വിശ്വസ്തനായിരിക്കുന്നു എന്നതിനെ സംബന്ധിച്ച് പറയുവാൻ ഈ പേര് ഉപയോഗിക്കാറുണ്ട് (സങ്കീ. 117 2).

**പ്രാർത്ഥനയ്ക്കായുള്ള ഏകാഗ്രത** വെളിപാടു പുസ്തകത്തിൽ പിതാവും യേശുവും അൽഫയും ഒമേഗയും ആദിയും അന്തവുമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. (വെളി. 1 8, 21 6, 22 12-16). മനുഷ്യ ചിരത്രത്തിൽ ദൈവത്തിന്റെ ആത്യന്തികവും പൂർണവുമായ നിയന്ത്രണത്തെ ഈ ഭാഗങ്ങളിൽ എടുത്തു പറയപ്പെട്ടിരിക്കുന്നു. തിന്മ പൂർണമായും നീക്കപ്പെടും. വിശ്വാസികൾ നിത്യാനുഗ്രഹം പ്രപിക്കും. വെളിപാടു പുസ്തകം മുഴുവനും വിശ്വാസിക

ൾ നിത്യ ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നതിന് ഉൽബോധിപ്പിക്കപ്പെട്ടിരിക്കുന്നു. (വെളി. 6 9-11 വരെയുള്ള വാക്യങ്ങളിൽ പറയുന്ന രക്തസാക്ഷികളുൾപ്പെടെ അവിടുന്ന് തന്റെ കാലത്തിനൊത്ത് അവരെ നിലനിർത്തി അവിടുത്തെ സ്വന്ത പദ്ധതിയിൻ പ്രകാരം ഭൂമിയിന്മാൽ ന്യായതീർപ്പ് കൊണ്ടുവരും. ദൈവത്തിന്റെ സ്വന്ത വേള അറിയുവാൻ കഴിയാതിരുന്നാലും വിശ്വാസികൾ വളരെ ദീർഘക്ഷമയോടെ അതു സഹിച്ചുകൊള്ളേണമെന്നതാണ് ഇവിടെ ചിന്തനീയമായിരിക്കുന്നത്. ദൈവം ഇടപെടുന്നതിന് നമുക്ക് ഇപ്പോൾ കാണുവാൻ കഴിയുകയില്ലായെങ്കിലും അവിടുന്ന് ഇടപെടുമെന്നുള്ള വിശ്വാസത്തോടെ കാത്തിരിക്കേണം.

**ഏൽറോയി** ഈ പേർ വേദപുസ്തകത്തിൽ ഒരു പ്രാവശ്യം മാത്രമേ ഉപയോഗിക്കപ്പെട്ടിട്ടുള്ളൂ. മരുഭൂമിയിൽ ദൈവം തന്നെ പരിപാലിച്ചു സൂക്ഷിച്ചതിനാൽ ഹാഗാർ ദൈവത്തെ എന്നെ കാണുന്നവൻ എന്നു വിളിച്ചു (ഉല്പ. 16 130. ദൈവം നമ്മെ കാണുന്നു എന്നത് ഇത് സൂചിപ്പിക്കുന്നു. ഈ വെളിപാട് മറ്റെങ്ങും കാണുന്നില്ല എങ്കിലും സങ്കീർത്തനങ്ങളിൽ ദൈവം സകലത്തെയും കാണുന്നവനും അറിയുന്നവനും എന്ന് എഴുതിയിരിക്കുന്നു (സങ്കി. 33 18,139 1).

**പ്രാർത്ഥനയ്ക്കായുള്ള എകാഗ്രത** ഈ നാമം ദൈവം തങ്ങളെ കാത്തുസൂക്ഷിക്കുകയും തങ്ങൾക്കുവേണ്ടി കരുതുകയും ചെയ്യുന്നു എന്നുള്ള വിശ്വാസം നമ്മളിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നു( റോമർ. 8 28) *എന്നാൽ ദൈവത്തെസ്നേഹിക്കുന്നവർക്കുവേണ്ടി ,അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, എല്ലാ കാര്യങ്ങളിലും അവിടുന്ന് നന്മയ്ക്കായി പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.* എല്ലാം നന്മയ്ക്കായി തീർന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പിതാവായ ദൈവം എല്ലാറ്റിനെയും തന്റെ നിയന്ത്രണത്തിൽ വെച്ചിരിക്കുന്നു. കൂടാതെ പരിശുദ്ധാത്മാവിന്റെ സഹായം വിശ്വാസികളുടെ പ്രാർത്ഥനയ്ക്കുണ്ട്. കൂടാതെ യേശുവും വിശ്വാസികൾക്കുവേണ്ടി പക്ഷവാതം ചെയ്യുന്നു. (റോമ. 8 34, എബ്രാ.4 14-16).

**യാഹുവേൽ** . യാഹുവേ എന്നത് ദൈവത്തിന്റെ നാമത്തെക്കുറിക്കുന്ന എബ്രായപദമാണ്. പഴയ നിയമത്തിൽ ഈ പദം 6823 പ്രാവശ്യം വരുന്നു. എപ്പോഴും അത് ദൈവത്തിന്റെ പേരായിതന്നെ കാണപ്പെടുന്നു. ഇതിന്റെ അർത്ഥം വ്യക്തമല്ലായെങ്കിലും ആയിരിക്കുന്നവൻ എന്നാണ് ഇതിന്റെ അർത്ഥം എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അത് ദൈവത്തിന്റെ തനിമയെ കാണിക്കുന്നു. എന്നാലും ഇതിന്റെ അർത്ഥം സ്പഷ്ടമല്ലാത്തതുകൊണ്ട് ചില പരിഭാഷകളിൽ അഢോനായി എന്ന എബ്രായപദത്തിനു മാത്രം യഹോവ എന്ന പരിഭാഷപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ ഈ നാമം എല്ലാനാമത്തിനും മേലായി നാമമായി ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ നാമങ്ങളോടൊപ്പം ഈ പേര് കൂടുതലായി ഉപയോഗിച്ചിരിക്കുന്നു. ഉദാഹരണത്തിനായി യഹോവയീരേ ദൈവം കരുതിക്കൊള്ളും (ഉല്പ. 22 14) യഹോവ നിന്നി (ദൈവം എന്റെ കൊടി) (യെശ. 11 10,59 19). യഹോവ ഷാലോം (ദൈവം നമ്മുടെ സമാധാനം) (ന്യായ. 6 24) യഹോവ ശാബോത്ത (സൈന്യങ്ങളുടെ ദൈവം ) (സംഖ്യ. 10 28,സങ്കീ. 33 6). യെഹോവ രാഫാ (പരിഹാരിയായ ദൈവം അഥവാ സൗഖ്യദായകൻ) (പുറപ്പാ. 15 26,സങ്കീ.103 3).യഹോവ റോഹി (യഹോവ എന്റെ ഇടയനാകുന്നു) (സങ്കീ.23 1).

**പ്രാർത്ഥനയ്ക്കായുള്ള ഏകാഗ്രത** ദൈവത്തിന്റെ മക്കൾ വിശ്വസ്തരായിരിക്കുന്നു എന്നതനിലാല്ല പിന്നയോ ദൈവം വിശ്വസ്തനായിരിക്കുന്നു എന്നതിനാലത്രെ ഉടമ്പടിവാഗ്ദത്തങ്ങളും ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ മക്കൾ പലപ്രാവശ്യം ദൈവമുമ്പാകെ പരാജയമടഞ്ഞു. പുതിയ നിയമത്തിൽ ക്രിസ്തുവിൽ ദൈവവാഗ്ദത്തങ്ങൾ ഉറപ്പിക്കപ്പെടുന്നതായി നമുക്കു കാണാം (2 കൊരിന്തി. 1 20) . യഥാർത്ഥത്തിൽ വിശ്വാസത്തിലേക്ക് അവരെ വലിച്ചുകൊണ്ടു വരുന്നതിന് ദൈവം മുൻകൂട്ടി ക്രിയചെയ്യുന്നതുകൊണ്ടത്രെ അവർക്കു ക്രിസ്തുവിന്മാൽ വിശ്വാസം വയ്ക്കുവാൻ കഴിഞ്ഞത്. (യോഹ. 6 44, 12 32,16 6-11) രക്ഷ എന്നത് തികച്ചും ദൈവത്തിന്റെ കൃപയെയും അവിടുത്തെ വിശ്വസ്തതയെയും ആശ്രയിച്ചിരിക്കുന്നു. പാപത്തിൽ വീണുപോയ മനുഷ്യകുലത്തിന് സുവിശേഷത്തെ അറിയിക്കുന്നതിൽ ക്രിസ്തുവിന്റെ കൊടിയിൻ കീഴിൽ ഒന്നിക്കുവാൻ ഈ നാമം മതിയായതാണ് (റോമ. 10 14-17). നമ്മുടെ ഇടയനായ കർത്താവായ യേശുക്രിസ്തു (എബ്രായർ 13 20 ) എത് പ്രതികൂല സാഹചര്യങ്ങളിലും നമ്മെ കാക്കുന്ന ഇടയനാണ്. ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങളും ക്രിസ്തുവിന്റെ വിശ്വസ്തതയിൽ വിശ്വാസം വെച്ചുകൊണ്ട് നമുക്ക് അവകാശപ്പെടുത്തുവാൻ കഴിയും. (2 കൊരിന്തി. 1 20, ഫിലി. 1 6,എബ്രാ. 4 14-16)



**അവിടുത്തെ മഹത്വം എല്ലാവർക്കും സ്പഷ്ടമാണ്. ദൈവം തന്നെ അവിടുത്തെ മഹത്വത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തും എന്ന വിശ്വാസത്തോടെ ശിഷ്യൻ തന്റെ പ്രാർത്ഥന ആരംഭിക്കുകയാണ്**

## ഉപസംഹാരം

ഈ ലേഖനം ദൈവനാമത്തിൽ പ്രാർത്ഥിക്കുന്നതിനുള്ള പ്രചോദനം മാത്രമാണ് ചെയ്യുന്നത്. ദൈവനാമത്തിന്റെ അടിസ്ഥാനത്തിൽ പ്രാർത്ഥിക്കുമ്പോൾ നാം മനസിലാക്കേണ്ടത് ഈ നാമങ്ങളുടെ എല്ലാ അർത്ഥങ്ങളും അവ സൂചിപ്പിക്കുന്ന എല്ലാ കാര്യങ്ങളും ആത്യന്തികമായി യേശുക്രിസ്തുവിന്റെ രാജ്യത്തെ സംബന്ധിച്ച നിവർത്തീകരണത്തെ പ്രാപ്യമാക്കുന്നു എന്നതാണ്. നമ്മുടെ പിതാവ് തന്റെ ഏകജാതനെ തന്ന് തന്നെ നമുക്കു വെളിപ്പെടുത്തി. അവിടുത്തേക്ക് രാജ്യവും ശക്തിയും മഹത്വവും അവിടുത്തേക്ക് നൽകിയിരിക്കുന്നു.



**ഡഗ് ഓസ്** സ്പ്രിംഗ് ഫീൽഡിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് ബൈബിൾ കോ ളേജ് പ്രോഫസറാണ്.



ഞങ്ങളെ പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതേ:

ജെയിംസ് റ്റി. ബ്രഡ് ഫോർഡ്

# വിശുദ്ധിക്കുവേണ്ടിയുള്ള പ്രാർത്ഥന

**ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതെ എന്ന വാക്യത്തിന്റെ പ്രാധാന്യത്തെ മനസിലാക്കേണമെങ്കിൽ പരീക്ഷകൾ എപ്രകാരമുണ്ടുകുന്നുവെന്ന് നാം മനസിലാക്കേണം. അതായത് ശോധനയുടെ പ്രക്രിയാ രീതി.**

*പത്രാധിപ കുറിപ്പ് :ജയത്തോടെ ജീവിക്കുന്നത് എപ്രകാരം എന്നതിനെക്കുറിച്ച് പ്രസംഗിക്കുമ്പോൾ താഴെ പറയുന്ന ചിന്താധാര സഹായകമായിരിക്കും. ഒരു വിശുദ്ധ ജീവിതം ചെയ്യുന്നതിന് സഭാംഗങ്ങൾ എപ്രകാരം പദ്ധതിയോടും എത്രകൃത്യമായും പ്രാർത്ഥിക്കുവാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ഈ ലേഖനം നമുക്കു പ്രയോജനപ്രദമായ ഒന്നാണ്.*

പ്രലോഭനം ഒഴികെ ബാക്കി എന്തിനെയും എനിക്ക് എതിർത്തു നിൽക്കുവാൻ കഴിയുമെന്ന് ഓസ്കർ വൈൽഡ് ഏറ്റു പറഞ്ഞു. *ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതെ* എന്ന എളിയ പ്രാർത്ഥനയിലൂടെ എല്ലാ മനുഷ്യരും നന്നായി മനസിലാക്കിയ ഒന്നിനെ യേശു നമുക്ക് ഓർമ്മപ്പെടുത്തി. എല്ലായിടങ്ങളിലും ശോധനയും പ്രലോഭനങ്ങളും കാണുന്നു. നാം എല്ലാവരും ബലഹീനതയുള്ളവരാണ്. മിക്കപ്പോഴും എതിർത്തു നിൽക്കുവാൻ ശക്തിയില്ലാത്തവരുമായിത്തീരുന്നു. “പ്രലോഭനം ഒരു പാപമല്ല. അത് യുദ്ധത്തിനുള്ള ഒരു വെല്ലുവിളി മാത്രമാണ് ” എന്ന് എർവിൻ ലക്ചർ പറഞ്ഞിട്ടുണ്ട്.

പ്രലോഭനം എന്നത് ഒരു യുദ്ധമാണ്. എന്തുകൊണ്ടെന്നാൽ പാപം ഒരു ഇരതേടുന്ന ശക്തിയാണ്. ദൈവം കയീനോട് *പാപം നിന്റെ വാതിൽക്കൽ ഉണ്ട്. അതിന്റെ ആശ നിന്നോടാകുന്നു* എന്നു പറഞ്ഞു. ഉല്പ. 4 :7 . നമ്മുടെ ലോകത്തിൽ നാം ജീവിക്കുമ്പോൾ ജഡചിന്തകൾ നമ്മുടെ ആത്മാവിനെ ബാധിക്കുന്നു. അവ നമ്മുടെ താല്പര്യങ്ങളെ വലിച്ചുകൊണ്ടു പോകുന്നു. അതു നമ്മുടെ ചിന്തകളെ വീക്ഷിക്കുന്നു.

എന്നാൽ *ഞങ്ങളെ പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ* എന്ന ആ എളിയ പ്രാർത്ഥന ഈ യുദ്ധത്തിൽ നാം തനിയെ അല്ല എന്നുള്ളത് ഓർമ്മപ്പെടുത്തുന്നു. നാം നമ്മുടെ പരിശുദ്ധപിതാവിനോട് ചേർന്നിരിക്കുന്നവരായിരിക്കേണമെന്ന് യേശു ആഗ്രഹിക്കുന്നു. വ്യക്തി ജീവിതത്തിലെ വിശുദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമൂലം നമുക്ക് പ്രലോഭനങ്ങളെ അതിജീവിക്കുവാൻ കഴിയും. അങ്ങനെ നമുക്ക് ജീവിതത്തിൽ വിശുദ്ധിയിൽ മുന്നേറുവാൻ കഴിയും.

ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതെ എന്നു പ്രാർത്ഥിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ് ?നാം ഇപ്രകാരം പ്രാർത്ഥിക്കാതിരുന്നാൽ ദൈവം നമ്മെ പരീക്ഷിക്കുമോ ? അങ്ങനെയെങ്കിൽ കർത്താവേ എന്നെ നാശത്തിലേക്ക് അയക്കരുതെ എന്നു പ്രാർത്ഥിക്കുവാനാണോ കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്.

യാക്കോബിന്റെ ലേഖനം 1 :13-ൽ ഇപ്രകാരം പറയുന്നു. *പരീക്ഷിക്കപ്പെടുമ്പോൾ ദൈവം എന്നെ പരീക്ഷിക്കുന്നുവെന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിതനാകുന്നില്ല. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല.*ഞങ്ങളെ പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ എന്നതിനെ നാം എപ്രകാരം മനസിലാക്കിയാലും അതിന് ദൈവം പരീക്ഷിക്കുന്നവനെന്ന് അതിനർത്ഥമില്ല.

*പെയ്റാസ്മോസ്* എന്ന യവന പദമാണ് പ്രലോഭനത്തിന് അഥവാ പരീക്ഷയ്ക്ക് യേശുവും യാക്കോബും ഉപയോഗിച്ചിരുന്നത്. എല്ലാ പരീക്ഷയും ശോധനകളല്ല. എന്നാൽ ഓരോ ശോധനയും ഒരു പരീക്ഷയാണ്. നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നതിനും നമ്മുടെ ജീവിതത്തിൽ വിശുദ്ധിയെ ഉണ്ടാക്കുന്നതിനും ദൈവം എല്ലാതരത്തിലുള്ള പരീക്ഷകളെയും അനുവദിക്കുന്നുവെന്ന് നമുക്കറിയാം.

എത്തരത്തിലുള്ള പരീക്ഷയായാലും അതു നമ്മെ ചിന്താക്കുഴപ്പത്തിലാക്കും. നമ്മെ ഫലമുള്ളവരാക്കി മാറുന്നതിനു പകരം അതു നമ്മെ കുടുക്കിൽപ്പെടുത്താം. ദൈവം പാപം ചെയ്യുന്നതിനുവേണ്ടി നമ്മെ പ്രലോഭിപ്പിക്കുകയില്ല എന്നതിനാൽ ഇപ്രകാരം പ്രാർത്ഥിക്കുവാൻ കർത്താവ് നമ്മെ ബോധിപ്പിക്കുന്നു-*ഞങ്ങൾ ബലഹീനപ്പെട്ടുപോകുന്ന പ്രലോപനങ്ങളിൽ ഞങ്ങൾക്കു സംരക്ഷണ തരേണമേ ഞങ്ങളെ കുടുക്കിക്കളയുന്ന പാപങ്ങളിൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ, ഞങ്ങൾ തോറ്റുപോകാതെ ഞങ്ങളെ ബലപ്പെടുത്തേണമേ.* അതായത് ഞങ്ങളെ പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതേ.

ഇത് നമ്മെ സംരക്ഷിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്ന ഒരു പ്രാർത്ഥനയാണ്. നാം നിലനിൽക്കുവാൻ ദൈവത്തിന്റെ ശക്തി നമുക്കാവശ്യമാണ്. തിന്മയെ എതിർത്തു നിൽക്കുന്നതിന് നാം പരിശുദ്ധാത്മാവിന്റെ ശക്തിക്ക് അപേക്ഷിക്കുമ്പോൾ പാപകരമായ ശീലങ്ങളിൽ നിന്ന് നമ്മെ വിടുവിക്കുന്നതിന് ജയത്തിന്റെ അവസ്ഥകളെ നാം മനസിലാക്കി അതിജീവിക്കുവാൻ നമ്മെ ബലപ്പെടുത്തേണമേ എന്ന് നാം പ്രാർത്ഥിക്കുമ്പോഴും നാം ദൈവഹിതപ്രകാരമാണ് പ്രാർത്ഥിക്കുന്നത് എന്നുള്ളത് യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു.

**പ്രലോഭനത്തിന്റെ പ്രവർത്തന രീതി**

യേശുവിന്റെ പ്രാർത്ഥനയുടെ പ്രാധാന്യത്തെ നമുക്ക് മുഴുവനുമായി ബോധ്യപ്പെടേണമെങ്കിൽ പ്രലോഭനം എപ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് നാം ആദ്യംതന്നെ മനസിലാക്കണം. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല എന്നു പറഞ്ഞതിനുശേഷം യാക്കോബ് പ്രലോഭനങ്ങളുടെ പ്രവർത്തന രീതിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങൾ അവനെ ആകർഷിച്ചു വശീകരിക്കുമ്പോഴാണ്. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണവളർച്ചയിൽ എത്തുമ്പോൾ മരണത്തെ ഉളവാക്കുന്നു. സദൃ. 7:6-6 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള മൂഢൻ ല ഈ ആകർഷണ വലയത്തിൽ വരുന്നവനാണ്.

ഈ മോഹം ഇച്ഛയെ പ്രചോദിപ്പിക്കുകയും അവൻ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. പ്രലോഭനത്തെ എതിർത്തു നിൽക്കുവാനുള്ള പ്രതിരോധശക്തി അവന് ഇല്ലാതെയാകുന്നു. അങ്ങനെ പാപം ഉണ്ടാകുന്നു.

സദൃശ്യവാക്യം 7ന്റെ 13-ൽ പാപം എപ്രകാരംനമ്മെ പ്രചോദിപ്പിക്കുവെന്ന് കുറിച്ചിരിക്കുന്നു. *അവൾ അവനെ കടന്നു പിടിച്ചു ചുംബിച്ചു. എന്നിട്ട് ലജ്ജകൂടാതെ പറഞ്ഞു. നിനക്ക് ഇന്ന് സമാധാനയാഗമുണ്ട്. ഞാൻ ഇന്ന് നേർച്ച നിറവേറ്റിയിരിക്കുന്നു.* അവനുവേണ്ടി കാത്തിരിക്കുന്നുവെന്ന് അവൾ പറഞ്ഞപ്പോൾ അവനിൽ മോഹം ഉണ്ടായി. പിന്നീട് പഞ്ചേന്ദ്രിയങ്ങളും അതിൽ ഉൾപ്പെട്ട് അവൻ സ്വന്ത മോഹത്താൽ കുടുക്കപ്പെടുന്നു.( വാക്യം 21) അവൾ പിന്നെയും ഇപ്രകാരം തുടരുന്നു - *ഞാൻ എന്റെ കിടക്ക ഈജിപ്റ്റിലെ വർണപട്ടു വിരിയാൽ മൂടിയിരിക്കുന്നു. എന്റെ കിടക്കയെ മൂരും അകിലും ലവംഗവും കൊണ്ട് സുഗന്ധപൂർണമാക്കിയിരിക്കുന്നു. വരിക, പുലരുവോളം നമുക്കു പ്രേമത്തിൽ ഇരിക്കാം. കാമവിലാസങ്ങളിൽ സുഖിക്കാം.* (സദൃ. 7: 16-18)

ഇപ്പോൾ അവൻ പൂർണമായും വിഴ്ത്തപ്പെട്ടിരിക്കു

കയാണ്. താൻ ചെയ്യരുതാത്ത കാര്യത്തെ ചെയ്യുവാനുള്ള ഒരു മനോനിലമാത്രമാണ് അവന് ഇനിയും ആവശ്യം. അതിന്റെ നിവൃത്തിക്കായി അവൾ ഇപ്രകാരം പറയുന്നു. *ഭർത്താവ് വീട്ടിലില്ല ദൂരയാത്ര പോയിരിക്കുന്നു. അവൻ സഞ്ചി നിറയെ പണവും എടുത്തിട്ടുണ്ട്. പൗർണമിനാളോളം മടങ്ങി എത്തുകയുമില്ല* (വാ. 19,20).

തന്നോടുതന്നെ ഭോഷ്കു പറയാതെ ആർക്കും പാപം ചെയ്യുവാൻ കഴിയുകയില്ല. പ്രലോഭനങ്ങൾ നമ്മെ വഞ്ചിക്കുന്നു. നാം പിടിക്കപ്പെടുകയില്ല എന്നു നാം ചിന്തിക്കുന്നു. പ്രതിരോധിച്ചിട്ട് കാര്യമില്ലായെന്നും ചിന്തിക്കുന്നു. ദൈവം കൊടുത്ത വിവേചനത്തിനും ഉപരിയായി തന്റെ വികാരങ്ങൾ ആധിക്യം പ്രാപിക്കുന്നു. അതിന്റെ മോഹത്തിന് ഇടം കൊടുത്തുകൊണ്ട് അവൾ ഇപ്രകാരം തുടരുന്നു. *ഇത്തരം പ്രലോപനവാക്കുകളാൽ അവൾ അവനെ കീഴടക്കി, മൃദുഭാഷണത്താൽ അവൾ അവനെ വശീകരിച്ചു*( വാ. 21). തുടർന്നുള്ളത് തികച്ചും ശോകപൂർണമായ ഒരു അവസ്ഥയാണ്. *തൽക്ഷണം അറവു ശാലകളിലേക്ക് മാട് എന്നപോലെ കുരുക്കിലേക്ക് ഒരു ഭോഷനെപ്പോലെ, കരളിൽ അസ്ത്രം തളക്കുവോളം കെണിയിലേക്ക് എന്നറിയാതെ പായുന്ന പക്ഷിപോലെ അവളുടെ പിന്നാലെ പോകുന്നു. അത് തന്റെ ജീവനെ അപഹരിക്കുമെന്ന് അറിയുന്നുമില്ല.* (വാക്യം 22,23).

## ആസൂത്രിതമായ പ്രാർത്ഥന

ഇപ്രകാരമുള്ള പോരാട്ടം ഉണ്ടാകുമ്പോൾ സാന്മാർഗിക നിയമങ്ങൾ പറയുന്നതും പല്ലുകടിച്ചുകൊണ്ട് സഹിക്കുന്നതും പ്രയോജനമുള്ള കാര്യമല്ല. പൗലോസ് ഇതിനെക്കുറിച്ച് കൊലോസ്യ ലേഖനം 2: 21,23 വാക്യങ്ങളിൽ മുന്നറിയിപ്പു നൽകുന്നു. *തൊടരുത് ,രുചിക്കരുത്, പിടിക്കരുത് എന്നിങ്ങനെയുള്ള ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നത് എന്തുകൊണ്ട് ? മാനുഷീക കല്പനകളെയും ഉപദേശങ്ങളെയും ആശ്രയിച്ചുള്ള ഇവയെല്ലാം ഉപയോഗത്താൽ നശിച്ചു പോകുന്നവയാണ്. സ്വേച്ഛാരാധന, കപടവിനയം, ശരീരപീഢനം എന്നിവയിൽ രസിക്കുന്നവർക്ക് ജ്ഞാനത്തിന്റെ ബാഹ്യരൂപം മാത്രമുള്ളവയാണ് ഇതെല്ലാം. ജഡാഭിലാഷങ്ങളെ നിയന്ത്രിക്കുന്നതിന് ഇവയൊന്നും ഉപകരിക്കുന്നില്ല* . മനുഷ്യ ഹൃദയത്തിൽ ദുഷ്ടചിന്തകളെ അകറ്റി അതിൽ നല്ല ചിന്തകളെ നിറക്കേണ്ടതിന് നമ്മെക്കാൾ ഉപരിയായ ഒരു ശക്തിയുടെ സഹായം നമുക്കാവശ്യമാണ്. ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുത് എന്നുള്ള പ്രാർത്ഥന അതുകൊണ്ടാണ് നാം പ്രാർത്ഥിക്കേണ്ടത്. ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങൾ നിമിത്തം പ്രാർത്ഥനയിലൂടെ നമുക്കു ലഭിക്കുന്ന ദൈവീക ആധാരങ്ങൾക്കായി ദൈവത്തിനു സ്തോത്രം. ദുഷ്ടചിന്തകളാൽ നാം വലിക്കപ്പെടാതെ ഇരിക്കുന്നതിന് ക്രൂശിൽ തറക്കപ്പെട്ട ജീവന്റെ ആധാരങ്ങളെ നാം പ്രാപിച്ചിരിക്കുന്നു. പ്രലോഭനങ്ങളെ എതിർത്തു നിൽക്കുവാൻ നാം പരിശുദ്ധാത്മാവിന്റെ ഉയിർത്തെഴുന്നേല്പിൻ ശക്തിയെ പ്രാപിക്കുന്നു.

## മോഹങ്ങളിൽ കുടുങ്ങാതിരിക്കുവാനുള്ള പ്രാർത്ഥന

ഒന്നാമതായി, പ്രാർത്ഥനയിൽ ക്രിസ്തുവിന്റെ ക്രൂശിന്മേൽ ഏകാഗ്രതയുള്ളവനായിരിക്കുക. ക്രൂശിൻ നിമിത്തമായി നിങ്ങൾ പാപത്തിനു മരിച്ചവരായിരിക്കുന്നുവെന്ന സത്യത്തെ മുറുകെ പറ്റുക. ക്രിസ്തുവിൽ ഇനിയും നിങ്ങൾ നിങ്ങളെ കുടുക്കുന്ന ദുഷ്ടതയ്ക്ക് അടിമയായിരിക്കുന്നില്ല. അതായത് മരിച്ച ഒരു മനുഷ്യൻ പാപത്തിന്റെ ആകർഷണങ്ങൾക്ക് ഇടം കൊടുക്കാത്തതുപോലെ നിങ്ങൾ ആയിരിക്കുന്നു. *നാം ഇനിയും പാപത്തിന്റെ അടിമകളാകാതിരിക്കുവാനും പാപശരീരം ശക്തിരഹിതമാകേണ്ടത് നമ്മുടെ പഴയ മനുഷ്യൻ അവിടുത്തോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു നാം അറിയുന്നു. ... അതുപോലെ നിങ്ങളും പാപത്തിനു മരിച്ചവരെന്നും ക്രിസ്തുയേശുവിൽ നിങ്ങൾക്കുവേണ്ടി ജീവിക്കുന്നവരെന്നും നിങ്ങളെതന്നെ എണ്ണുക* (റോമ. 6 6-11).



**നിങ്ങൾ നീതിക്ക് ജീവിക്കുന്നവരായിരിക്കുവാനും നിങ്ങളുടെ ബലഹീന ശരീരത്തിൽ ക്രിസ്തുവിനു കീഴ്പെട്ട് ജീവിക്കുവാൻ പരിശുദ്ധാത്മാവ് യേശുവിന്റെ ഉയിർപ്പിന്റെ ശക്തി നിങ്ങൾ ക്ക് നൽകുവാനും പ്രാർത്ഥിക്കുക.**

രണ്ടാമതായി നിങ്ങുളുടെ ജീവിതത്തിന്മേൽ നിയതിക്കപ്പുറമായ വിടുതലും ക്രിസ്തുവിന്റെ സംരക്ഷണവും തേടി അതിൽ വിശ്വാസം വെയ്ക്കുക. സാത്താന്റെ ആയുധങ്ങൾ ക്രൂശിൽ നഷ്ടപ്പെട്ടതാണ്. (കൊലൊസ്യർ 2:15). സാത്താന്റെ തന്ത്രങ്ങൾക്കു വിരോധമായ ജയവും ശക്തിയും ദൈവം നിങ്ങൾക്കു തന്നിട്ടുണ്ട്.

മൂന്നാമതായി , നിങ്ങൾ വ്യക്തിപരമായി ബലഹീനനായിരിക്കുന്ന ജീവിതാവസ്ഥകളിൽ നിന്ന് മാറിനിൽക്കുന്നതിനുള്ള അതിരുകളെ ഉണ്ടാക്കുന്നതിനുള്ള സഹായത്തിന് കർത്താവിനോട് അപേക്ഷിക്കുക. സദൃ. 7-ാം അദ്ധ്യായത്തിൽ ഇരുളിലെ രഹസ്യമായ അവസ്ഥയിൽ ഒരുവൻ അലഞ്ഞു തിരിഞ്ഞതുപോലെ രഹസ്യമായിട്ടുള്ള കാര്യങ്ങളെ ഒഴിവാക്കുവാനുള്ള ആർജവത്തിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക.

നാലാമതായി, ദൈവത്തെ ഭയപ്പെടുന്ന ഭയത്തിനു വേണ്ടി പ്രാർത്ഥിക്കുക. നിങ്ങളെതന്നെ താഴ്ത്തി നിങ്ങളുടെ ഹൃദയത്തെ മാനസാന്തരത്തോടും അനുസരണത്തോ

ടുംകൂടെ കാത്തുകൊള്ളുന്ന ദൈവത്തിന്റെ പരിശുദ്ധവെളി പാടിനായി പ്രാർത്ഥിക്കുക.ഒടുവിലായി ,സദൃശ്യവാക്യങ്ങൾ പ്രാർത്ഥനയോടെ വായിച്ച് ജീവിതത്തിൽ നിങ്ങൾ ചെയ്യു ന്ന കാര്യങ്ങളെ മനസിലാക്കുക. വാക്യങ്ങൾ മെല്ലെ വായി ച്ച് ഒരു പരിശുദ്ധ ജീവിത്തതിനുവേണ്ടി അപേക്ഷിക്കുക.

**വീണു പോകാതിരിക്കുവാൻ പ്രാർത്ഥിക്കുക**

പരിശുദ്ധാത്മാവാൽ നിറയപ്പെടുന്നതിനുവേണ്ടി തുർന്നു പ്രാർഥിക്കുക. അത് നിങ്ങളുടെ മുഖ്യ പ്രാർത്ഥനാവിഷയ മാക്കുക. നിങ്ങൾ നീതിക്ക് ജീവിക്കുന്നവരായിരിക്കുവാനും നിങ്ങളുടെ ബലഹീന ശരീരത്തിൽ ക്രിസ്തുവിനു കീഴ്പെട്ട് ജീവിക്കുവാൻ പരിശുദ്ധാത്മാവ് യേശുവിന്റെ ഉയിർപ്പിന്റെ ശക്തി നിങ്ങൾ ക്ക് നൽകുവാനും പ്രാർത്ഥിക്കുക. പൗലോ സ് ഈ ഉറപ്പ് നിങ്ങൾക്കു തരുന്നുണ്ട്. അദ്ദേഹം ഇപ്രകാരം പറയുന്നു- *യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർത്തവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ , ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചവൻ, നിങ്ങളിൽ വസിക്കു ന്നവന്റെ ആത്മാവിനാൽ നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.* ( റോമ. 8 11). പാപകരമായ അവസ്ഥയുടെ വഞ്ചനകൾ മനസിലാകുമ്പോൾ ദൈവത്തോടു പ്രാർ ത്ഥിക്കുക. ദൈവത്തെക്കുറിച്ചും, നിങ്ങളെക്കുറിച്ചും, നിങ്ങ ളെചുറ്റിപ്പറ്റിയുള്ളവരെക്കുറിച്ചും, പാപത്തിന്റെ ഭവിഷ്യത്തു കളെക്കുറിച്ചും നിങ്ങൾ എപ്രകാരമുള്ള ഭോഷ്കുകളാണ് പറഞ്ഞു കൊണ്ടിരിക്കുന്നത് ?

നിങ്ങളുടെ പ്രാർത്ഥനാസമയം വെറും അപേക്ഷ യുടെ സമയം മാത്രമായിരിക്കരുത്. 2 കൊരി. 13: 14-ൽ പൗ ലോസ് അപ്പൊസ്തൊലൻ പറയുന്ന ആത്മാവിന്റെ ഐക്യ ത്തിൽ ജീവിക്കുന്നത് എപ്രകാരമെന്ന് പരിശീലിച്ച് മനസി ലാക്കുക.

**പുതിയ താല്പര്യങ്ങൾ**

പ്രാർത്ഥനയിൽ നമ്മുടെ വീക്ഷണത്തിന് ക്രിസ്തുവിന്റെ മര ണം പുനരുത്ഥാനം എന്നിവയിൽ ഏകാഗ്രപ്പെടുത്തുന്നത് നമ്മുടെ താല്പര്യങ്ങളെ കേന്ദ്രീകരിക്കുന്നതിന് ഉതകുന്നു. **നമ്മുടെ വിഗ്രഹാരാധനകൾ:** പാപകരമായ രീതികൾ എന്നിവയ്ക്കു മധ്യെ ദുഷ്ടചിന്തയും ഇടം കൊള്ളുന്നു (യാക്കോ. 1:14). *ലോകത്തെയോ ലോകത്തിലുള്ള യാതൊ ന്നിനെയോ സ്നേഹിക്കരുത്. ഒരാൾ ലോകത്തെ സ്നേഹിക്കു ന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അയാളിലില്ല* (1 യോഹ. 2 :15). പലവർഷങ്ങൾക്കു മുമ്പ് എന്റെ വളരെ ഉറ്റ സുഹൃ ത്തായ ജോൺ എന്നവർ ലോസ് ആഞ്ചലിസിലുള്ള ഫയ ർഫോഴ്സിൽ നിന്ന് വിരുത് വാങ്ങുവാനിടയായി. ബലശാ ലിയായ അദ്ദേഹം യേശുവിനെ വളരെ താല്പര്യത്തോടെ പിൻപറ്റി വരുന്നു. അനേക ബലശാലികളെ അദ്ദേഹം ക്രിസ്തുവിലേക്ക് നയിച്ചിട്ടുണ്ട്. തനിക്ക് അറിവ് പകർന്നു കൊടുത്തവൻ രാവിലെ എഴുന്നേറ്റ് ഇപ്രകാരം പ്രാർത്ഥി ക്കുവാൻ പഠിപ്പിച്ചതായി അദ്ദേഹം പറഞ്ഞു.- “കർത്താവേ നീ സ്നേഹിക്കുന്ന കാര്യങ്ങൾ ഞാൻ സ്നേഹിക്കുവാനും നീ വെറുക്കുന്ന കാര്യങ്ങളെ വെറുക്കുവാനും എന്നെ പഠിപ്പി ക്കേണമേ !”

ഇത് നമ്മുടെ വെറുപ്പുകളുടെയും താല്പര്യങ്ങളുടെ യും നിലവാരത്തിൽ നമ്മെ രൂപപ്പെടുത്തി എടുക്കുന്ന ഒരു പ്രാർത്ഥനയാണ്. *നീ നീതിയെ ഇഷ്ടപ്പെടുകയും അക്രമ ത്തെ വെറുക്കുകയും ചെയ്യുന്നു* എന്ന് േ യശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു (എബ്രായ 1 9). *ഞങ്ങളെ പരീക്ഷയിലേ ക്കു പ്രവേശിപ്പിക്കരുതെ* എന്ന് പ്രാർത്ഥിക്കുന്നത് നമ്മുടെ വെറുപ്പുകളും താല്പര്യങ്ങളും അവിടുത്തെ വെറുപ്പുകൾക്കും താല്പര്യങ്ങൾക്കും ഒത്തതായിരിക്കണം എന്നു പറയുന്നതി നോടു സമം.

സ്കോട്ടിഷ് പ്രസംഗകനും എഴുത്തുകാരനുമായ തോമസ് ചാംസ് (1780-1847) ചെയ്ത പ്രസംഗത്തിൽ ദൈവ ത്തിനുവേണ്ടി ഉള്ള വാഞ്ചയുടെ പ്രചോദനശക്തി നമ്മു ടെ ഹൃദയത്തെ ഭരിച്ച് മോഹം, അത്യാഗ്രഹം, ഡംഭം, ഇവക ൾക്ക് വഴിമരുന്നിടുന്ന ഭോഷ്കിന്റെ ലൗകിക ആശകളെ നാം പുറത്തു തള്ളിക്കളയണം എന്ന് ഉത്ബോധിപ്പിച്ചു. നാം എന്ത് ആഗ്രഹിക്കുന്നു എന്നുള്ളത് ഇവിടെ ചോദ്യമായി നിലകൊള്ളുന്നു. എന്തായാലും തോമസ് പ്രാർത്ഥിക്കുന്ന തുപോലെ നമുക്കും പ്രാർത്ഥിക്കാം. ശൂന്യതയിൽ നിന്നും ചിന്താക്കുഴപ്പത്തിൽ നിന്നും ശോഭയേറിയതും ക്രമീകൃത വുമായ ലോകത്തെ ഉണ്ടാക്കിയ അവിടുത്തെ പരിശുദ്ധാ ത്മാവ് അതുപോലെ എന്റെ ഇരുണ്ട , കുഴപ്പത്തിലായിത്തീ ർന്ന, നാശയോഗ്യമായി തീർന്ന ആത്മാവിലും ക്രിയചെയ്യു മാറാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. അഥവാ യേശു പഠിപ്പിക്കുന്നതുപോലെ പരീക്ഷയിൽ ഞങ്ങളെ പ്രവേശിപ്പി ക്കരുത് എന്നു പ്രാർത്ഥിക്കാം.

### പ്രലോഭനങ്ങളെ ജയിക്കുന്നതിന് സദൃശ്യവാക്യം 7-ാം അദ്ധ്യായത്തിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ

**മോഹങ്ങളിൽ കുടുങ്ങി പോകുന്നതിന് ഒഴിവാക്കുക**

1- അതിർത്തികൾ സൃഷ്ടിക്കുക
2- രഹസ്യമായി ചെയ്യപ്പെടുന്നതിനെ ഒഴിവാക്കുക(7 9).
3-ബോധമുള്ളവരായി ഇരിപ്പീൻ ( 7 10 -11)

**ബാധിക്കപ്പെട്ട് വീഴുന്നതിൽ നിന്നും രക്ഷപ്പെടുക**

1-ബോധപൂർവമുള്ള ആത്മീക വളർച്ച തേടുക (7 13,24)
2- ആശ നിറവേറ്റുന്നത് താമസപ്പെടുത്തുവാൻ പഠിക്കുക (7 16-18).
3- വിവേചനത്തിന്റെ ഇടത്തിൽ സത്യത്തെ കൊണ്ടുവരി ക ( 7 19,20).

**മരണത്തെ എതിർത്തു നില്ക്കുക (7 22,23)**

1-മറ്റൊരു മരണത്തെ ഏറ്റുകൊള്ളുക- യേശുവിനോടുകൂ ടെ ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ജീവിതരീതി.

**വിശ്വാസിത്തിന്റെ വാക്കുകൾ**

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്. ഇപ്പോൾ ഞാൻ ശരീരത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹി ച്ച് എനിക്കുവേണ്ടി തന്നത്താൻ ഏല്പിച്ചുകൊടുത്ത ദൈവ പുത്രനിലുള്ള വിശ്വാസത്താലാണ്( ഗലാ. 2 21) .

നമ്മെ നശിപ്പിക്കുവാൻക്കവണ്ണം പിശാച് നമ്മെ പ്രലോപിക്കുമ്പോൾ നമുക്കു കിരീടം നല്കുവാൻവേണ്ടി ദൈവം നമ്മെ പരീക്ഷിക്കുന്നു- സെന്റ് ആംബ്രോസ്

**ജെയിംസ് റ്റി. ബ്രഡ് ഫോർഡ്**



**ജെയിംസ് റ്റി. ബ്രഡ് ഫോർഡ്** സ്പ്രിംഗ് മിസോ റി ഫീൽഡിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സെക്രട്ടറിയാണ്.

# ആത്മാവിൽ പ്രാർഥിക്കുന്നതും അന്യഭാഷാ വരവും

ജോസഫ് എൽ കാസിൽബറി

*പത്രാധിപരുടെ കുറിപ്പ് പരിശുദ്ധാത്മാവിന്റെ വരങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ ഈ ലേഖനം പ്രയോജനപ്രദമായിരിക്കും*

ആരും യഥാർത്ഥ ലോകത്തിൽ ജീവിക്കുന്നില്ല. നിന്നെക്കൊണ്ട് ഒന്നിനും പ്രയോജനമില്ല എന്ന് അവന്റെ അപ്പൻ അവനെ കുറ്റം ചാർത്തി. നിന്റെ സഹോദരി പാടുന്നതുപോലെ നതിവന്നെക്കൊണ്ട് പാടുവാൻ കഴിയുന്നില്ല എന്ന് അവന്റെ അമമ്മ അവനെ താഴ്ത്തി പറഞ്ഞു. ഞങ്ങൾ ചെയ്യതുപോലെ ചെയ്യില്ലെങ്കിൽ നിനക്ക് അത് ചെയ്യെടുക്കുവാൻ കഴിയുകയതില്ല. ബലഹീനരായ ആളുകൾ മാത്രമാണ് ദൈവത്തെ വിശ്വസിക്കുന്നത്.



എല്ലാം ഭോഷ്ക്കുകൾ ആണ് ഭോഷ്കുകൾ തന്നെ. വേദപുസ്തകം പറയുന്നു. എല്ലാമനുഷ്യരും വ്യാജം പറയുന്നവനാണെങ്കിലും ദൈവം സത്യവാനായിരിക്കട്ടെ. അങ്ങനെയെങ്കിൽ മനുഷ്യന്റെ ഭോഷ്കുകൾക്കപ്പുറമായി ദൈവത്തിന്റെ സത്യത്തെ നമുക്ക് എങ്ങനെ കണ്ടുപിടിക്കുവാൻ കഴിയും. എങ്ങനെ കണ്ടുപിടിക്കുവാൻ കഴിയും ? ഇത് ജീവിതം മുഴുവനുള്ള അന്വേഷണമായിരിക്കും. ദൈവം മനുഷ്യരെ കാര്യങ്ങൾ മനസിലാക്കത്തക്കവരായി സൃഷ്ടിച്ചുവെങ്കിലും മിക്കവരും എപ്പോഴും പഠിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാത്തവരായി തീരുന്നു (2 തിമൊ. 3: 7) ആരും സത്യത്തിന്റെ പൂർണ്ണ പരിജ്ഞാനത്തിൽ എത്താത്തതുകൊണ്ട് യഥാർത്ഥ ലോകത്തിൽ ആരും തന്നെ പൂർണമായും ജീവിക്കുന്നില്ല.

ഒരു തരത്തിൽ നോക്കിയാൽ , നമ്മുടെ ശരീരങ്ങൾ ഈ ലോകത്തിൽ ജീവിക്കുന്നതുകൊണ്ട് നാം യഥാർത്ഥ ലോകത്തിൽ ജീവിക്കുന്നുവെന്നു പറയാം. എന്നാൽ നമ്മുടെ ശരീരങ്ങളിൽ നാം ആയിരിക്കുമ്പോൾ അതായത് നമ്മുടെ ബുദ്ധിക്കനുസൃതമായി നാം ജീവിക്കുമ്പോൾ ലോകത്തിൽ നാം അനുഭവിക്കുന്ന എന്തിനെയും ലോകത്തെ സംബന്ധിച്ച് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നാം അരിച്ചെടുക്കുന്നു. നാം ലോകത്തെ എങ്ങനെ മനസിലാക്കുന്നു എന്നുള്ളത് നമ്മുടെ കാര്യപരിപാടിയിൽ നിന്നും നാം മനസിലാക്കുന്നു. നാം നമ്മുടെ ബുദ്ധിയിൽ ചില ചിന്തകളെ പഠിപ്പിക്കുമ്പോൾ ദൈവത്തിന്റെ സുന്ദരമായ ഭൂമിയിലെ യാത്ര നമുക്കു നരകയാത്രപോലെയായിത്തീരാം. ചില ആളുകൾ ലോകത്തെ അവസരങ്ങളുടെ സുന്ദരഭൂമിയായി കാണുമ്പോൾ ചിലർ അതിനെ വാതിലുകൾ ഇല്ലാത്ത ഒരു കാരാഗൃഹംപോലെ കാണുന്നു. ചില ആളുകൾ ലോകത്തെ മറ്റുള്ളവരെക്കാൾ സ്പഷ്ടമായി കാണുന്നു. എന്നാൽ നാം എല്ലാവരും മറ്റുള്ളവർ നമ്മുടെമേൽ സമ്മർദ്ദം ചെലുത്തുന്ന ഒരു മനോനിലയിലുള്ള ലോകത്തിൽ ജീവിക്കുന്നു. നമ്മുടെ മാതാപിതാക്കൾ, ഗുരുക്കന്മാർ, സുഹൃത്തുക്കൾ , നമ്മുടെ ശത്രുക്കൾ, മാദ്ധ്യമങ്ങൾ, സർക്കാർ നാം വളർന്നു വന്ന മതവിശ്വാസങ്ങൾ തുടങ്ങിയ ലോകം എന്താണെന്നും ജീവിതം എന്താണെന്നും നാം ആരാണെന്നും നമുക്ക് എന്തുചെയ്യുവാൻ കഴിയുമെന്നും തുടർച്ചയായി നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നു. എല്ലാം തന്നെ മാനുഷീക പോരാട്ടത്തിന്റെ തുടർച്ചയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള വ്യാഖ്യാനങ്ങളാണ്.

**ജീവിതത്തിന്റെ എഴുത്ത്**

ഇക്കാലത്തെ തത്വചിന്ത, ജനങ്ങൾ എപ്രകാരം ലോകത്തെക്കുറിച്ചുള്ള വ്യാഖ്യാനം നിമിത്തം മറ്റുള്ളവരെ നിയ



ന്ത്രിക്കുവാൻ തുനിയുന്നു എന്നതിൽ അധികമായ ശ്രദ്ധ ചെലുത്തിയിരിക്കുന്നു. ചില തത്വജ്ഞാനികൾ ഈ വ്യാഖ്യാനങ്ങളെ *അധികാര സംവാദം* എന്നു പറയും. 20-ാം നൂറ്റാണ്ടിലെ ഒരു വലിയ തത്വജ്ഞാനിയായ ജീൻ പോൾ സാർട്രെ *നോ എക്സിറ്റ്* (പുറത്തുപോകുവാൻ വഴിയില്ല) എന്നു പറയുന്ന ഒരു നാടകം എഴുതിയിട്ടുണ്ട്.

അതിൽ മൂന്ന് കഥാപാത്രങ്ങൾ മാത്രമേയുള്ളൂ. ഈ നാടകം നരകത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയിട്ടുള്ളതാണ്. സംഭാഷണത്തിലൂടെ മൂന്നു കഥാപാത്രങ്ങളും പുറത്തു പോകുവാനുള്ള ശ്രമം നടത്തുകയാണ്. എന്നാൽ ഈ മൂന്നുപേരുടെയും സ്വഭാവം ആർക്കും പുറത്തുപോകുവാൻ കഴിയാത്ത അവസ്ഥയിൽ അവരെ ആക്കിതീർക്കുന്നു. ഒടുവിൽ അവരിൽ ഒരു കഥാപാത്രം ഇങ്ങനെ പറയുന്നു *മറ്റുള്ളവരാണ് നരകം*. മറ്റുള്ളവരിലേക്ക് തങ്ങളുടെ ഹിതം ചെലുത്തുന്ന വിഷയത്തെ ജീൻ പോൾ വളരെ പ്രത്യാശ രഹിതനായി ഈ നാടകത്തിൽ എഴുതിയിരിക്കുന്നു.

തങ്ങൾ പഠിച്ച സംഭാഷണത്തെ ഉരുവിടുന്ന അഭിനേതാക്കളെപ്പോലെ സമൂഹം അവർക്കുവേണ്ടി എഴുതിവെച്ചിരിക്കുന്നതിനനുസരിച്ച് ജീവിക്കുവാൻ ആളുകൾ തുനിയുന്നു.

## എഴുത്തിനെ പരാജയപ്പെടുത്തുന്നത്

ഈ എഴുത്തിനെ പരാജയപ്പെടുത്തുവാൻ ഒരു വഴിയുണ്ട്. അന്യഭാഷയിൽ സംസാരിക്കുക എന്നുള്ളതാണ്അത്. ഈ ആത്മീക പ്രതിഭാസത്തെക്കുറിച്ച് പുതിയ നിയമത്തിൽ വളരെ പ്രാധാന്യത്തോടെ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് ലോകത്തിലെങ്ങും കോടിക്കണക്കിനാളുകൾ ഈ പ്രതിഭാസത്തെ പ്രയോജനപ്പെടുത്തി വരുന്നു. അന്യഭാഷ സംസാരിക്കാത്ത ചിലർ ചരിത്രസത്യമായ അന്യഭാഷ സംസാരിക്കുന്നവരെ കുറ്റം ചാർത്തുന്നതും പതിവാണ്. എന്നാൽ അടുത്ത കാലത്ത് അമേരിക്കയിൽ നടത്തപ്പെട്ട കണക്കെടുപ്പിൽ 23 ശതമാനം ആളുകൾ അന്യഭാഷയിൽ സംസാരിക്കുന്നു എന്നറിയുവാൻ കഴിഞ്ഞു.

അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ച് വളരെ മോശമായി സംസാരിക്കുന്നവരും ഉണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണർവ് ഉണ്ടായ കാലത്ത് പലരും അന്യഭാഷയിൽ സംസാരിച്ചു. അതു ഇഷ്ടപ്പെടാത്ത മറ്റു ചിലർ അതു പൈശാചികം എന്നു പഠിപ്പിച്ചു. അന്യഭാഷയിൽ സംസാരിക്കുന്നത് പൈശാചികം എന്ന് വേദപുസ്തകം ഒരിക്കലും പറയുന്നില്ല. അതു ദൈവത്തിൽ നിന്ന് പ്രാപിക്കുന്ന ഒരു അത്ഭുതദാനമാണ്. എന്നാൽ േ വേദപുസ്തകം വിശ്വസിക്കുന്ന പലരും അന്യഭാഷാവരത്തെക്കുറിച്ച് വേദപുസ്തകം പറയുന്നതിനെ വിശ്വസിക്കാതെ അതിനു വിരുദ്ധമായി സംസാരിക്കുന്നു.

അന്യഭാഷയിൽ സംസാരിക്കുന്നവരെക്കുറിച്ച് വേദപുസ്തകം പറയുന്നത് എന്താണ്? *അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല, ദൈവത്തോടത്രെ സംസാരികക്കുന്നത്. അയാൾ പറയുന്നത് ആരും ഗ്രഹിക്കുന്നില്ല. അയാൾ ആത്മാവിൽ മർമ്മങ്ങൾ സംസാരിക്കുന്നു.* (1 കൊരി. 14: 2). അദ്ദേഹം പിന്നെയും ഇപ്രകാരം തുടരുന്നു. *ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു എന്റെ ബുദ്ധി അഫലമായിരിക്കുന്നു.* ഒ തുവൻ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു നേരിട്ടു സംസാരിക്കുന്നു. താൻ സംസാരിക്കുന്നത് എന്തെന്ന് അയാൾക്കു മനസിലായില്ലായെങ്കിലും തന്റെ ആത്മാവ് ദൈവത്തെ നോക്കി വിളിക്കുകയാണ്. മനസിന് മസിലാകാത്ത കാര്യങ്ങളെയാണ് അവൻ സംസാരിക്കുന്നത്. മറ്റൊരു സ്ഥലത്ത് പൗലോസ് ഇപ്രകാരം പറയുന്നു. *അതുപോലെതന്നെ ആത്മാവ് നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു. വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ട് എങ്ങനെയെന്ന് നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ ആത്മാവു തന്നെ വാക്കുകളിലൂടെ വ്യക്തമാക്കാനാവാത്ത ഞരക്കങ്ങ്ഹളാൽ നമുക്കുവേണ്ടി മദ്ധ്യസ്ഥതചെയ്യുന്നു. ആത്മാവ് വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം മദ്ധ്യസ്ഥത ചെയ്യുന്നു. ആത്മാവിന്റെ ചിന്ത എന്തെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവനറിയുന്നു.* റോമ. 8: 26,27).



**നാം അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ ദൈവഹിതപ്രാരം പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുന്നു. നമ്മുടെ മനസ്സിനെ വകതിരിച്ചറിയുവാൻ കഴിയാത്ത കാര്യങ്ങളെ നാം അവിടെ സംസാരിക്കുന്നു.**

അവിടുത്തെ രാജ്യം വരേണമേ , അവിടുത്തെ ഹിതം ഭൂമിയിൽ നിവർത്തിയാകണമേ എന്ന് കർത്താവിന്റെ പ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കുന്നു. പലപ്പോഴും ദൈവഹിതം നടപ്പാകണമേ എന്നു നാം പ്രാർത്ഥിക്കുമ്പോൾ നാം അന്ധമായാണ് പ്രാർത്ഥിക്കുന്നത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഹിതം എന്തെന്ന് നാം മനസിലാക്കുന്നില്ല.

## ദൈവത്തിന്റെ ഹിതമറിയുവാൻ തക്കവണ്ണമുള്ള പ്രാർത്ഥന

നാം അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ ദൈവഹിതപ്രാരം പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുന്നു. നമ്മുടെ മനസ്സിനെ വകതിരിച്ചറിയുവാൻ കഴിയാത്ത കാര്യങ്ങളെ നാം അവിടെ സംസാരിക്കുന്നു. ഇതാണ് അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതിന്റെ ഭംഗി. ഇത് അത്യധികം വിടുതൽ നൽകുന്ന പ്രർത്ഥനയായിരിക്കും. മറ്റൊരാൾ നമുക്കുവേണ്ടിവേണ്ടി എഴുതി വെച്ചിരിക്കുന്ന എഴുത്തിൽ നിന്ന് അതു നമ്മെ വിടുവിക്കും. നമ്മുടെ പരിമിതിവും പാപപങ്കിലവുമായ വീക്ഷണങ്ങ്ഹളിൽ നിന്ന് ഇതു നമ്മെ വിടുവിക്കുന്നു.

## ദൈവത്തിന്റെ ശക്തി പ്രാപിക്കുന്നത്

പരിശുദ്ധാത്മാവ് നിങ്ങളിൽ വരുമ്പോൾ നങ്ങൾ ശക്തിപ്രാപിക്കുമെന്ന് യേശു തന്റെ ശിക്ഷ്യന്മാർക്കു വാഗ്ദത്തം ചെയ്തു. കർ

*ത്താവേ അവിടുന്ന് യിസ്രായേലിനെ ഇക്കാലത്താണോ രാജ്യം സ്ഥാപിച്ചു കൊടുക്കുന്നത്* എന്നു ശിഷ്യന്മാർ ചോദിച്ചതിനു ശേഷമാണ് യേശു ഇപ്രകാരം പറഞ്ഞത്. അവർ എന്താണ് പറയുന്നത് എന്ന് യേശുവിന് കൃത്യമായി അറിയാമായിരുന്നു. അതിനു മുമ്പായി യേശു അവരോട് അവർ യഹൂദ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കുമെന്നു പറഞ്ഞിരുന്നു. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ അവരുടെ സ്വപ്നങ്ങൾ തകർന്നടിയുകയായിരുന്നു. എന്നാൽ യേശുവിന്റെ അതിശക്തമായ ഉയിർത്തെഴുന്നേല്പിനുശേഷം അവർ മറ്റുള്ളവരുടെമേൽ അധികാരം പ്രാപിച്ച് യേശുവിന്റെ ഭരണത്തിൽ സഹായികളായിത്തീർന്നു.

യേശുക്രിസ്തുവിന്റെ ഉത്തരം - *പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചിട്ടുള്ള സമയങ്ങളും കാലങ്ങളും നിങ്ങൾ അറിയേണ്ടതില്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കുകയും യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അതിരുകൾവരെയും എന്റെ സാക്ഷികൾ ആയിത്തീരും.* മറ്റൊരു തരത്തിൽ പറഞ്ഞാൽ മറ്റുള്ളവരിൽ അധികാരം നടത്തുന്നതിനെക്കുറിച്ച് നിങ്ങൾ മറന്നു കളക എന്നാണ് യേശു പറഞ്ഞത്. പിതാവായ ദൈവത്തിന്റെ അധികാരത്തിൽ കൈകടത്തുക എന്നുള്ളത് നിങ്ങളുടെ കാര്യമല്ല. എന്നാൽ നിങ്ങൾ ശക്തിപ്രാപിക്കും. അത് മനുഷ്യരുടെമേലുള്ള ഒരു അധികാരമല്ല, പിന്നയോ ദൈവത്തെ സേവിക്കുന്നതിനും ദൈവത്തിന്റെ ശക്തിയെക്കുറിച്ച് മറ്റുള്ളവരോടു സാക്ഷിക്കുന്നതിനുമാണത്. സകല ലോകത്തിലും ദൈവത്തിന്റെ ജയത്തിൽ പങ്കാളികളാകാൻ ഈ ശക്തിയാണ് നിങ്ങളെ സഹായിക്കുന്നത്.

ശിഷ്യന്മാർ പരിശുദ്ധാത്മാവിനെയും പരിശുദ്ധാത്മശക്തിയെയും പ്രാപിച്ചു. ആ ശക്തിയോടുകൂടെ അവർ അന്യഭാഷാവരവും പ്രാപിച്ചു. പെട്ടനന് കൊടുങ്കാറ്റിന്റെ ഇരമ്പൽപോലെ ആകാശത്തു നിന്ന് ഒരു ശബ്ദമുണ്ടായി. അത് അവർ ഇരുന്ന വീടു മുഴുവനും നിറഞ്ഞു. അവരെല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായ ആത്മാവ് അവർക്ക് ഉച്ചരിക്കുവാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി(അപ്പൊ. 2 : 2,4). ഓരോ ക്രിസ്ത്യാനിയും ഓരോ ക്രിസ്ത്യാനിയും താൻ വീണ്ടും ജനിക്കുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. യേശുവിന്റെ ശിഷ്യന്മാർ ദൈവത്തിന്റെ രക്ഷയെയും ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെയും തങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞു. എന്നാൽ പെന്തക്കൊസ്തു നാളിൽ വിശ്വാസികൾ തങ്ങളുടെ ജീവിതത്തെ മുറ്റുമായും പ രിശുദ്ധാത്മാവിനു തുറന്നു കൊടുത്തപ്പോൾ, വലിയ ശക്തിയുടെ നിറവിലവരായിത്തീർന്നു. ആ ശക്തിയോടെ അന്യഭാഷാവരവും അവർ ഒരിക്കലും അറിയാത്ത വിടുതലും അവർ പ്രാപിച്ചു. ഇന്നും എല്ലാവർക്കും ഈ അന്യഭാഷാവരും പ്രാപ്യമാണ്.

## നമ്മുടെ ആത്മാവിനെ കെട്ടിപ്പടുക്കുന്നത്

പൗലോസ് പറയുന്നതുപോലെ ഇപ്രകാരം പ്രാർത്ഥിക്കുന്നത് നമ്മുടെ ആത്മാവിനെ കെട്ടിപ്പടുക്കുന്നതാണ്. *അന്യഭാഷയിൽ സംസാരിക്കുന്ന ആൾ തനിക്കുതന്നെ ആത്മീക വർധന വരുത്തുന്നു* (1 കൊരി. 14: 4). നാം അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആത്മാവ് വളർച്ച പ്രാപിച്ച് ബലപ്പെടുന്നു. ചില സമയങ്ങളിൽ നാം നമ്മുടെ ആത്മാവിൽ മനസിലാക്കുന്നത് നമ്മുടെ ചിന്തയിലാക്ക് കടന്നു വരുന്നു. അന്യഭാഷാവരം നിമിത്തം ആത്മാവിൽ പ്രാർത്ഥിക്കുന്നത് നമ്മുടെ മനസ്സ് ദൈവഹിതത്തെ അറിയുന്നതിനു മുമ്പ് ദൈവം നമ്മോടു സംസാരിക്കുന്ന ഒരു മാർഗമാണ്.

## പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നതെങ്ങനെ ?

സത്യത്തോടും വിശ്വാസത്തോടും ദൈവസന്നിധിയിലേക്കു വരിക.പാടുന്നത് ദൈവത്തോടെ നിങ്ങളെ അടുപ്പിക്കുമെങ്കിൽ പാട്ടോടുകൂടെ ദൈവസന്നിധിയിലേക്കു വരിക. ദൈവത്തെ ആരാധിച്ച് അവിടുത്തെ നന്മയെ പ്രഘോഷിക്കുക. എന്നിട്ട് ഇപ്രകാരം പ്രാർത്ഥിക്കുക - പരിശുദ്ധപിതാവേ ഞാൻ നിന്റെ പൈതൽ .നിന്റെ പുത്രനിലുള്ള വിശ്വാസം നിമിത്തം ഞാൻ വീണ്ടും ജനിക്കുവാൻ അവിടുത്തെ പരിശുദ്ധാത്മാവു നിമിത്തം എനിക്കിടയാക്കിയല്ലോ. അതേ വിശ്വാസത്തോടുകൂടെ അവിടുത്തെ വാഗ്ദത്തം പ്രാപിക്കുന്നതിന് അവിടുത്തെ സന്നിധിയിലേക്കു വരുന്നു. അന്യഭാഷ വരത്തെ പ്രാപിക്കുന്നതിന് എന്നെ സഹായിക്കേണമേ . നന്ദി പിതാവേ.

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുമ്പോൾ ദൈവസാന്നിദ്ധ്യം നിങ്ങൾക്ക് അറിയുവാൻ കഴിയും. അന്യഭാഷയിൽ സംസാരിക്കുംവിധം അവിടുന്ന് നിങ്ങളെ ബലപ്പെടുത്തും. കർത്താവ് ഉച്ചരിക്കാൻ നൽകുന്നതുപോലെ സംസാരിച്ചു തുടങ്ങുക. തുടർന്നും ആത്മാവിൽ നിറഞ്ഞു പ്രാർത്ഥിക്കുക.

**ജോസഫ് എൽ. കാസൽബെറി**

## ദൈവദാനം പ്രാപിക്കുക

ഇപ്പോൾതന്നെ നിങ്ങൾക്ക് ഈ അത്ഭുതദാനം ആവശ്യമാണ്. അന്യഭാഷാവരത്തെ വിശ്വാസിക്കുന്നതാണ് അതു പ്രാപിക്കുന്നതിനുള്ള ആദ്യത്തെ പടി. ദൈവം നിങ്ങളെ തന്റെ പരിശുദ്ധാത്മാവിനാലും ശക്തിയാലും നിറക്കുവാൻ ആഗ്രഹിക്കക്കുന്നു എന്ന് വിശ്വസിക്കുക എന്നുള്ളതും ഇതിൽ അടങ്ങിയിരിക്കുന്നു. യേശു ആത്മാവിന്റെ ഈ വരത്തെ പിതാവിന്റെ വാഗ്ദത്തം എന്നാണു പറഞ്ഞത് (അപ്പൊ .പ്ര. 1 :5). പെന്തക്കൊസ്തു നാളിൽ വിശ്വാസികൾ പ്രാപിച്ചതുപോലെ നിങ്ങൾക്കും അന്യഭാഷാവരം പ്രാപിക്കുവാൻ കഴിയും. *അവരെല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ സംസാരിപ്പാൻ തുടങ്ങി* എന്നു നാം വായിക്കുന്നു. ആരാണു സംസാരിച്ചത് ? അവരാണ് സംസാരിച്ചത്. അതിനു ബലപ്പെടുത്തിയത് ആര് ? പരിശുദ്ധാത്മാവാണ് അതിനു ബലപ്പെടുത്തിയത്. അവർക്കുവേണ്ടി ദൈവം സംസാരിച്ചില്ല. അവർതന്നെ തങ്ങളുടെ വായ് തുറന്നു സംസാരിച്ചു. അതേ സമയം അവർ അന്യഭാഷയിൽ സംസാരിക്കുവാൻ പരിശുദ്ധാത്മാവു സഹായിച്ചു. അവർ ആദ്യം വചനം കേട്ട് പിന്നീട് അതു സംസാരിച്ചു എന്ന ല്ല എഴുതിയിരിക്കുന്നത് . നമ്മുടെ അന്നന്നുള്ള സംസാരങ്ങളിൽപോലും നേരത്തെ പഠിച്ചുവെച്ചവകളല്ല നാം പറയാറുള്ളത്. പരിശുദ്ധാത്മാവ് നാം സംസാരിക്കേണ്ടവകളെ സംസാരിക്കുമ്പോൾ ന മ്മുടെ സ്വരവും നാവും ഒക്കെ തന്നെ അതതിന്റെ പങ്ക് ചെയ്യുന്നു. ആത്മാവിന്റെ വരം നിങ്ങൾക്കുള്ളതാണ് എന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ എന്തുകൊണ്ട് അന്യഭാഷാവരത്തിനുവേണ്ടി പ്രാർത്ഥിച്ചുകൂടാ ?



**ജോസഫ് എൽ. കാസൽബെറി** കിർക്ക്‌ലാന്റിലെ നോർത്ത് വെസ്റ്റ് യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റാണ് . *ഡ്രീം ലീഡേഴ്സ്* എന്ന പുസ്തകം ഇദ്ദേഹം എഴുതിയതാണ്.



# അവിടെ മുകളിൽ
# ഇവിടെ താഴെ
# നമുക്കു നടുവിൽ
# എനിക്കുള്ളിൽ

കർത്താവിന്റെ പ്രാർത്ഥന ദൈവത്തെക്കുറിച്ചുള്ളതും മറ്റുള്ളവരെക്കുറിച്ചുള്ളതുമായ നമ്മുടെ വാഞ്ഛകളെക്രമീകരിക്കുന്നു. മാത്രമല്ല, അത് നമുക്കുള്ളിലുള്ള തികവിനെയും നേരിനെയും സംബന്ധിച്ച അറിവിനെയും ക്രമീകരിക്കുന്നു.

ജോർജ്ജ് പോൾ വുസ്റ്റ്

ʻഎന്റെ പ്രാർത്ഥനകൾപോലെതന്നെ നിങ്ങളുടെ പ്രാർത്ഥനയും ആയിരിക്കന്നുവെങ്കിൽ മിക്കതും സ്വയകേന്ദ്രീകൃതമായിരിക്കും. എന്റെ മിക്ക പ്രാർത്ഥനയും ദൈവത്തിന് ഒരു പട്ടിക സമർപ്പിക്കുന്ന പ്രാർത്ഥനയാണ്. മറ്റുക്രിസ്യാനികൾക്കു ഇടയിൽ പോയി പ്രാർത്ഥിക്കുമ്പോഴും അവരുടെ പ്രാർത്ഥനയും സ്വാർത്ഥമായതാണെന്ന് മനസിലാക്കുവാൻ കഴിയും.

ദൈവം നിങ്ങളുടെ ആവശ്യങ്ങളെ മാനിക്കേണമെന്നു പ്രാർത്ഥിക്കുന്നതിൽ തെറ്റില്ല. ക്ഷമിക്കേണമേ കരയേണമേ എന്നു പ്രാർത്ഥിക്കേണ്ടതിന് യേശു നമ്മെ പഠിപ്പിച്ചു. (മത്തി. 6 :11-13)ഇതോടുകൂടെ നിങ്ങൾക്ക് എല്ലാം ലഭിക്കും എന്നുള്ള വാഗ്ദത്തവും അവിടുന്നു തന്നിട്ടുണ്ട്( 6 :30 ). യേശു പറഞ്ഞതുപോലെ നമുക്കു നൽകാമെന്നു പറഞ്ഞ വാഗ്ദത്തങ്ഹൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ യാതൊരു പിശകുമില്ല.

എന്നാൽ നാം അവകളെ എത്രത്തോളം നേരുള്ളതും പ്രാധാന്യമുള്ളതായിരുന്നാലും നമ്മെക്കുറിച്ചുള്ള കാര്യങ്ഹളെയും നമ്മുടെ ആവശ്യങ്ങളെയും നാം ക്രമീകരിക്കുവാൻ പരാജയപ്പെട്ടാൽ അത് തെറ്റാണ്. ആദ്യം ദൈവം പിന്നെ നാം എന്നാണ് ക്രമം. അവിടുത്തെ രാജ്യം. അവിടുത്തെ നാമം. അവിടുത്തെ ഹിതം. ഇതാണ് ആദ്യം വരുന്നത്. 6: 9,10) പിന്നാട് ഞങ്ങൾ തരേണമേ, ഞങ്ങളോടു ക്ഷമിക്കേണമേ, ഞളെ കാത്തുകൊള്ളേണേ എന്നിത്യാദികൾ വരുന്നു( 6 :11-13) . ദൈവം നമ്മുടെ ആവശ്യങ്ങളെ മാനിക്കും എന്നുള്ളത് യേശുവിന്റെ വാഗ്ദത്തത്തിന്റെ അടിസ്ഥാ

നമായ മുമ്പ് അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക എന്നതിന് അനുസതമായിരിക്കും (6 :33). പ്രാർത്ഥനയുടെ ശരിയായ ക്രമീകരണവും നമ്മുടെ വിശ്വാസത്തിന്റെ പ്രതീക്ഷയും നിമിത്തം അവിടുത്തെ രാജ്യം വരേണമേ അവിടുത്തെ ഇഷ്ടം സ്വർഗത്തിലെപോലെ ഭൂമിയിലും ആകേണമേ എന്നു പ്രാർത്ഥിക്കാം.

### ബന്ധത്തിൽ ജയം

ഒന്നാമതായി നാം അഹങ്കാരമില്ലാതെ പ്രാർത്ഥിക്കുവാൻ പഠിക്കണം. ഞാൻ എന്ന വാക്കിന് കർത്താവിൻ പ്രാർത്ഥനയിൽ ഇടം ഇല്ല. എനിക്ക് , എന്റേത് എന്നിത്യാദി പദങ്ങൾ കർത്താവിന്റെ പ്രാർത്ഥനയിൽ ഇല്ല. ഞങ്ങളുടേത് അല്ലെങ്കിൽ ഞങ്ങൾക്ക് എന്നിങ്ങനെയുള്ള പദങ്ങളാണ് അതിൽ കാണുന്നത്.

ഈ ധാരണ ആത്മീയമാണ്. കർത്താവിന്റെ പ്രാർത്ഥനയിൽ ഞാൻ എന്ന പദം ഇല്ലങ്കിലും വ്യക്തി അതിൽ നിന്നും മാറി നിൽക്കുന്നില്ല. ദൈവരാജ്യത്തെ തേടുന്നത് വ്യക്തിയാണല്ലോ. ദൈവരാജ്യം വരുന്നതിനും ദൈവഹിതം നിറവേറേണ്ടതിനും വ്യക്തിയാണു പ്രാർത്ഥിക്കേണ്ടത് അഥവാ ഞാനാണു പ്രാർത്ഥിക്കേണ്ടത്. ആ വിഷയത്തിൽ വേറൊരുവൻ നമുക്കുവേണ്ടി പ്രാർത്ഥിക്കാനാവില്ല.

ഞാൻ പ്രാർത്ഥിക്കുമ്പോൾ എന്നെക്കുറിച്ച് ഞാൻ എപ്രകാരം ചിന്തിക്കേണം. ഞാൻ ഏകനായ ഒരുവനോ ? മിക്ക ക്രിസ്ത്യാനികളും തങ്ങളുടെ പ്രാർത്ഥനയിൽ തങ്ങളെക്കുറിച്ച് ഇപ്രകാരമാണ് ചിന്തിക്കുന്നത് . എന്നാൽ കർത്താവിന്റെ പ്രാർത്ഥനയിൽ യേശു ബഹുവചനം ഉപയോഗിച്ചുകൊണ്ട് ഞാൻ തനിച്ചിരിക്കുന്നവൻ അല്ല എന്നു കാട്ടുന്നു. എന്റെ പിതാവേ എന്നല്ല, ഞങ്ങളുടെ പിതാവേ എന്നാണു പ്രാർത്ഥിക്കുന്നത്. നമ്മുടെ പ്രാർത്ഥനയിലും നാം ഇത്തരം ഇരട്ട ബന്ധത്തെ കൊണ്ടുവരുന്നു. നാം കർത്താവിന്റെ ആത്മാവിലൂടെ അവിടുത്തെ *അബ്ബാ പിതാവേ* എന്നു വിളിക്കുന്നു. അതിനായി കർത്താവ് നമ്മെ ഒരുക്കിയിരിക്കുന്നു (ഗലാ. 6 :4). പ്രാർത്ഥനയിൽ നാം നാമായിരിക്കാത്തതുകൊണ്ട് നാം തനിയെയല്ല. ദൈവവുമായുള്ള ബന്ധം നിമിത്തം നാം മറ്റുള്ളവർക്ക ു സ്വന്തമായിരിക്കുന്നു.

പിന്നെയും നാം ആരോടു പ്രാർത്ഥിക്കുന്നുവോ ആ ദൈവം തനിച്ചിരിക്കുന്ന ദൈവം അല്ല. അവിടുന്ന് കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവമാണ്. വിശ്വാസികൾ പ്രാർത്ഥിക്കുമ്പോൾ അവർ രണ്ടു പേരും ചേർന്ന് വിശ്വാസികളുടെമേൽ ആത്മാവിനെ ഊറ്റുന്നു (ലൂക്കൊ. 24 : 49, അപ്പൊ.പ്ര. 2: 33). എന്തായാലും പ്രാർത്ഥന തനിയെ ഇരിക്കുന്നവരുടെ അ ടുത്തേക്ക് തനിയെ ഇരിക്കുന്നവർ ചെയ്യുന്ന ഒരു യാത്രയല്ല . അത് പരിശുദ്ധ ത്രീയേകത്വത്തെ നോക്കി ക്രിസ്ത്യാനി ചെയ്യുന്ന തീർഥയാത്രയാണ്. ക്രിസ്ത്യാനികൾ പ്രാർത്ഥനയിൽ തങ്ങളെക്കുറിച്ച് എപ്രകാരം ചിന്തിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി ര ണ്ടുകാര്യങ്ങൾ ഉരുത്തിരിയുന്നു. ഒന്നാമതായി, ഞാൻ മറ്റുള്ളവരോടു ചേർന്നു പ്രാർത്ഥിക്കേണം. യേശു പഠിപ്പിക്കുകയും പ്രവർത്തിച്ചുകാണിക്കുകയും ചെയ്തതുപോലെ (മത്താ. 6: 6; 4: 2) ഏകാന്തതയിൽ പ്രാർത്ഥിക്കുന്നത് പ്രാധാന്യമുള്ളതാണ്. എന്നാൽ തനിച്ചുള്ള പ്രാർത്ഥനപോലെതന്നെ ഒരുമിച്ചുചേർന്നുള്ള പ്രാർത്ഥനയും ജീവിതത്തിൽ നാം ആചരിക്കേണം. അപ്പൊ. പ്രവർത്തികളുടെ പുസ്തകം മുഴുവനും നാം വായിച്ചു നോക്കുമ്പോൾ വിശ്വാസികൾ ഒരുമിച്ചു കൂടിവന്ന ഇടങ്ങളിലൊക്കെയും പരിശുദ്ധാത്മസാന്നിദ്ധ്യം ഇറങ്ങിവന്നതായി നാം കാണുന്നു (2: 1-4; 8: 14-17; 10 :44-46; 13 :1-3;19: 1-7).

രണ്ടാമതായി, ഞാൻ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കേണം. ഞാനും എന്റേതും എന്ന ചിന്താഗതിയോടെയുള്ള സ്വാർത്ഥമായ പ്രാർത്ഥന സുവിശേഷത്തിന് യോജ്യമായതല്ല. ദൈവത്തെ സ്നേഹിക്ക എന്നുള്ളതും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്നതും കല്പനയുടെ രത്നചുരുക്കമാണ്. (മത്താ. 22: 37-40) എനിക്കുവേണ്ടിയും എന്റെ ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാതെ എന്നോട് എനിക്ക് സ്നേഹം കാട്ടാനാവില്ല. എന്നാൽ ബന്ധത്തിലായിരിക്കുന്ന ഒരു വ്യക്തിയായി ഞാൻ ദൈവത്തിന്റെ മുൻഗണനയ്ക്കുവേണ്ടിയും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു.

### പ്രാർത്ഥനയും വാഞ്ഛയും

പ്രാർത്ഥന എന്നത് നമ്മുടെ വാഞ്ഛയെ വെളിപ്പെടുത്തുന്നതാണ്.നാം ആഹാരത്തെ വാഞ്ഛിക്കുന്നതുകൊണ്ട് ദൈവം നമ്മെ പോഷിപ്പിക്കേണം എന്നു നാം പ്രാർത്ഥിക്കുന്നു. നാം നിരപ്പു പ്രാപിക്കേണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ട് ദൈവം നമ്മോടു ക്ഷമിക്കുവാൻ നാം പ്രാർത്ഥിക്കുന്നു. നാം വഴികാട്ടൽ ആഗ്രഹിക്കുന്നതുകൊണ്ട് ദൈവം നമ്മെ വഴിനടത്തി വിടുവിക്കുവാൻ നാം പ്രാർത്ഥിക്കുന്നു.

നാം നമ്മുടെ വാഞ്ഛകളെ ക്രമീകരിക്കുന്നുവോ എന്നുള്ളതാണ് മുഖ്യമായ ചോദ്യം. കർത്താവിന്റെ പ്രാർത്ഥനയുടെ ക്രമീകരണത്തിൽ വെളിപ്പെട്ടതുപോലെ നമ്മുടെ പ്രഥമമായ വാഞ്ഛ ദൈവത്തിന്റെ നാമത്തെ വിശുദ്ധീകരിച്ച് അവിടുത്തെ രാജ്യം വരുന്നതിനായി വാഞ്ഛിച്ച് അവിടുത്തെ ഹിതം ചെയ്യേടുക്കുന്നതിന് ദാഹമായിരിക്കുന്നതാണ്. (മത്താ. 6 :9,10) . അങ്ങനെ ദൈവവരാജ്യം വരുമ്പോൾ അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടും. ദൈവഹിതം നിറവേറപ്പെടുമ്പോൾ അവിടുത്തെ രാജ്യം വരും. ആഹാരം ,ക്ഷമ, വഴിനത്തൽ തുടങ്ങി നമുക്കും അയൽക്കാർക്കും ആവശ്യമായതിനെ നാം പിന്നീട് വാഞ്ഛിക്കേണം(6: 11-13) . ഇങ്ങനെ കർത്താവിന്റെ പ്രാർത്ഥന ദൈവത്തെയും അയൽക്കാരെയും നമ്മെയും കുറിച്ചുള്ള വാഞ്ഛകളെ ക്രമീകരിക്കുന്നു.

നിന്റെ രാജ്യം വരേണമേ നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്നു നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ക്രമീകരിക്കപ്പെട്ട തികഞ്ഞ വാഞ്ഛകളെ നിറവേറ്റുവാൻ ദൈവത്തോട് അപേക്ഷിക്കുകയാണ്. വാനത്തിനും ഭൂമിയ്ക്കും ഇടയിലുള്ള അകലം കുറക്കുവാനുള്ള അപേക്ഷയാണത്. അപ്പോൾ നീതിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുന്നു 2 പത്രൊ. 3 :13). തന്റെ ഇഹലോക ശുശ്രൂഷയുടെ തുടക്കത്തിൽ തന്നെ യേശു നമ്മുടെ സ കല വാഞ്ഛകളുടെയും നിറവേറലിന് അഥവാ തികവിനെ വിളിച്ചറിയിക്കുന്നു. ,*കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ* എന്ന് യേശു ഉൽബോധിപ്പിച്ചു.

രാജ്യത്തിനും സുവിശേഷത്തിനും ഇടയിലുള്ള ബന്ധം 52: 7-ൽ നാം വായിക്കുന്നു. *സുവാർത്ത ഘോഷിച്ചുകൊണ്ട് സമാധാനം വിളമ്പരം ചെയ്യുകയും ശുഭകരമായ സുവാർത്ത ഘോഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോട് നിന്റെ ദൈവം വാഴുന്നു എന്നു പറയുന്നവന്റെ കാൽ പർവതങ്ങളിൽ എത്ര മനോഹരം !*

യെശയ്യാവും യേശുവും, ദൈവത്തിന്റെ സമാധാനം , രക്ഷ,ഭരണം ഇവകളെ വിശാലമായ രീതിയിൽ മനസിലാ

ക്കിയിരുന്നു. യെശയ്യാവിന്റെ 1മുതൽ 16 വരെയുള്ള വാക്യങ്ങൾ ആത്മാവിനാൽ ബലപ്പെടുത്തപ്പെട്ട മശിഹാ (1-3) സാമുദായിക ബന്ധങ്ങളിൽ നീതിയെ പുനഃസ്ഥാപിക്കുന്നതിനെയും (3-5), ദൈവത്തിന്റെ എല്ലാ സൃഷ്ടികൾക്കിടയിലും സമാധാനം ഉണ്ടാക്കുന്നതിനെയും (6-9), വിജാതിയരായാലും യഹൂദരായാലും എല്ലാവരെയും രക്ഷിച്ച് ഒരുമിപ്പിക്കുന്നതിനെയും (10-16) കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. യെശ. 61: 1,2 വാക്യങ്ങളിൽ ആത്മാവിനാൽ ബലപ്പെടുത്തപ്പെട്ട മശിഹാ ദരിദ്രർക്ക് സഹായമാകുന്നതിനെയും രോഗികൾക്കു സൗഖ്യം നൽകുന്നതിനെയും ബന്ധനസ്ഥർക്ക് വിടുതൽ നൽകുന്നതിനെയുംകുറിച്ച് വിളിച്ചറിയിക്കുന്നു. യേശു നസ്രേത്തിൽ കൊടുത്ത തന്റെ പ്രഥമ സന്ദേശത്തിൽ മേൽപ്പറയപ്പെട്ട പ്രവചനത്തെക്കുറിച്ച് പരാമർശിച്ചു (ലൂക്കൊ. 4 16-21). താൻ മശിഹാ തന്നെയോ എന്ന് യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരോട് സംശയം ചോദിച്ചപ്പോഴും യേശു ഇതേ മറുപടി തന്നെയാണ് നൽകിയത് (7 :18-23) .

ദൈവരാജ്യം നമ്മുടെ സകല വാഞ്ഛകളിലും ഉപരിയായിത്തീരുമ്പോൾ നാം അതിനെ എല്ലാറ്റിലും ഉപരിയായി വാഞ്ഛിക്കുന്നു. അഥവാ ഇനിയും അധികമായി വാഞ്ഛിക്കേണം. കൂടാതെ നാം വലിയ പ്രതീക്ഷയോടുകൂടെ നാം അതിനെ വാഞ്ഛിക്കേണം. ദൈവരാജ്യം യേശുക്രിസ്തുവിൽ ഇവിടെത്തന്നെയുണ്ട്. നാം രക്ഷയും ദൈവഭരണവും ദൈവസമാധാനവും ഇവിടെ അനുഭവിക്കുന്നു. ദൈവം നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്യുവാൻ ശക്തിയുള്ളവനാണ് (എഫെ. 3 : 20) എന്ന പ്രതീക്ഷയോടെ നാം പ്രാർത്ഥിക്കുമോ ? അതോ ഇരുമനസ്സുള്ളവരായി പ്രാർത്ഥനയ്ക്കു മറുപടി കിട്ടാതെ വിഷമിക്കുന്നുവോ? (യാക്കൊ.1: 7,8)

## പ്രാർത്ഥനയിൽ പോരാട്ടം

എന്നിരുന്നാലും ദൈവരാജ്യത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്ന പലപ്രാർത്ഥനയ്ക്കും മറുപടി ഇല്ലാതിരിക്കുന്നു. നിങ്ങൾക്ക് ഇത്തരം അനുഭവം ഉണ്ടായിരിക്കാം. പ്രാർത്ഥനയ്ക്കു മമറുപടി ലഭിക്കാതിരിക്കുന്നത് അതിനെ ഒരു പോരാട്ടമാക്കിതീർക്കുന്നു.

ഇന്ന് രാജ്യം എന്നു പറയുന്നത് ഇളകാത്ത ഒരിടത്തെ അഥവാ ഭരണത്തെ കുറിക്കുന്നു. എന്നാൽ വേദപുസ്തകത്തിൽ രാജ്യമെന്നത് ഭരിക്കുവാനുള്ള ഒരു വ്യക്തിയുടെ അധികാരത്തെയും ( ലൂക്കൊ. 19: 12) ആ അധികാരത്തെ ഉറപ്പിക്കുന്നതിന് ആ വ്യക്തിയെടുക്കുന്ന നടപടികളെയും കുറിക്കുന്നു. മേൽപ്പറയപ്പെട്ട മൂന്ന് അംശങ്ങളെയും ഒന്നായിച്ചേർത്തു നോക്കുമ്പോൾ രാജ്യം എന്നത് ദൈവത്തിന്റെ ശക്തിയുള്ള പ്രവർത്തികളാൽ അഥവാ നടപിടികളാൽ ഉറപ്പിക്കപ്പെടുന്ന ദൈവത്തിന്റെ അധികാരപൂർവമായ ഭരണമത്രെ. ഇത് മാനസാന്തരത്തോടും വിശ്വാസത്തോടും ഏറ്റുകൊള്ളുന്നവർക്ക് സമാധാനവും രക്ഷയും പ്രാപിക്കുവാൻ കഴിയുന്നു( മർക്കൊ 1: 15) . സൃഷ്ടി ദൈവത്തിന്റെ ഭരണത്തിനു വിരോധമായിത്തീർന്ന് അവിടുത്തെ അധികാരത്തെ എതിർത്ത് അവിടുത്തേക്കു വിരോധമായി യുദ്ധം ചെയ്യുന്നതുകൊണ്ട് പ്രാർത്ഥന ഒരു പോരാട്ടമായി തീരുന്നു.

വെളിപാടു പുസ്തകം 6 :9-11 വരെയുള്ള വാക്യങ്ങളിൽ ദൈവകുഞ്ഞാട് 5-ാമത്തെ മുദ്ര പൊട്ടിക്കുന്നതിനെക്കുറിച്ച് നാം വായിക്കുന്നു. അവിടെ , *ദൈവവചനവും തങ്ങളുടെ സാക്ഷ്യവും നിമിത്തം അറുക്കപ്പെട്ടവരുടെ ആത്മാക്കളെ യാഗപീഠത്തിന്റെ കീഴിൽ ഞാൻ കണ്ടു* എന്ന് യോഹന്നാൻ പറയുന്നു. *വിശുദ്ധനും സത്യവാനുമായ പരമനാഥാ അവിടുന്ന് എത്ര നാൾ ഭൂവാസികളെ വിധിക്കാതെയും ഞങ്ങളുടെ രക്തത്തിന്റെ പ്രതികാരം നടത്താതെയും എന്ന് അവർ ഉച്ചത്തിൽ നിലവിളിച്ചു. അവരുടെ നിലവിളിക്ക് മറുപടിയായി ഓരോരുത്തനും ഓരോ വെള്ളനിലയങ്കി കൊടുത്തു. തങ്ങളെപ്പോലെ കൊല്ലപ്പെടുവാൻ പോകുന്ന സഹഭൃത്യരുടെയും സഹോദരരുടെയും സംഖ്യ തികയുന്നതുവരെ അല്പകാലംകൂടെ സ്വസ്ഥമായിരിക്കേണമെന്ന് അവരോടു കല്പിച്ചു.* ഇതിൽ ഒരു വലിയ ആശയം അടങ്ങിയിട്ടുണ്ട്. ദൈവം ഇന്നും സൃഷ്ടിക്ക് രക്ഷ നൽകുന്നതുകൊണ്ട് ന്യായതീർപ്പ് താമസിപ്പിക്കുന്നു. *ചിലർ താമസം എന്നു ചിന്തിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദാനം നിറവേറ്റുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരത്തിലേക്കു വരണമെന്നു ആഗ്രഹിച്ചുകൊണ്ട് അവിടുന്ന് നിങ്ങളോട് ദീർഘക്ഷമകാണിക്കുകയാണ്* (2 പത്രൊ. 3: 9). തുടർന്നു പ്രാർത്ഥിക്കുക. രാജ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് ഇപ്പോൾ മറുപടി ലഭിക്കാതിരുന്നാലും ദൈവത്തിന്റെ സമയത്ത് അതിനു മറുപടി ലഭിക്കും (ലൂക്കൊ. 18 : 7).

## അനുസരണത്തിനുവേണ്ടിയുള്ള പ്രാർത്ഥന

താൻ ക്രൂശിൽ തറക്കപ്പെടുന്നതിനു മുമ്പ് യേശു എപ്രകാരം പ്രാർത്ഥിച്ചുവെന്ന് ലൂക്കൊ. 26 :39-46 നമുക്കു കാണുവാൻ കഴിയുന്നു. *പിതാവേ തിരുവിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ, എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടംതന്നെ ആകട്ടെ* (22 :42). യേശു ക്രൂശ് ഒഴിഞ്ഞു പോകുവാൻ ആഗ്രഹിച്ചു. അവിടുത്തെ ക്ലേശം അത്യധികം ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ രക്തതുള്ളികൾപോലെയായി( 22: 44) . എന്നാലും ദൈവം തന്റെ അനുസരണത്തെ ആഗ്രഹിക്കുന്നു എന്നു മനസിലാക്കി. യേശു ദൈവഹിതത്തിന് തന്നെത്തന്നെ സമർപ്പിച്ചു കൊടുത്തു.

ദൈവത്തിന്റെ രാജ്യത്തിനുവേണ്ടിയും ദൈവഹിതത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നത് അന്തരംഗവും ബഹിരംഗവുമായ കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. യേശു വേദന ഒഴിവാക്കപ്പെടുവാൻ പ്രാർത്ഥിച്ചുവെങ്കിലും ദൈവഹിതത്തിന് തന്നെത്തന്നെ അർപ്പിച്ചുകൊടുക്കുന്നതിനുവേണ്ടിയും പ്രാർത്ഥിച്ചു. നാം പ്രാർത്ഥിക്കുമ്പോൾ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയും സൗഖ്യത്തിനുവേണ്ടിയും നീതിക്കുവേണ്ടിയും സമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നു. എന്നാൽ ആദ്യമായി ഇത് നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും സഭയിലും കാണപ്പെടേണമെന്ന് നാം പ്രാർത്ഥിക്കേണം. നാം പ്രാർത്ഥിച്ചാലും പ്രാർത്ഥിക്കാതിരുന്നാലും ദൈവം തന്റെ ഹിതം നിറവേറ്റും അവിടുന്ന് അപ്രകാരം ചെയ്യുമ്പോൾ നാം അവന്റെ രാജ്യത്തിനുള്ളിലോ അതോ വെളിയിലോ ? യേശുവിനെപ്പോലെ പിതാവേ എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിവേറണമെന്ന് നമുക്കും പ്രാർത്ഥിക്കാം. ഞങ്ങളുടെ പിതാവ് മുകളിൽ അവിടെ, താഴെ ഇവിടെ, ഞങ്ങൾക്കു നടുവിൽ ,പ്രത്യേകിച്ച് ഞങ്ങൾക്കുള്ളിൽ ആ ചിന്തയെ ഉരുവാക്കേണമേ !



**ജോർജ്ജ് പോരം വുഡ്സ്** , സ്പ്രിംഗ് ഫീൽഡിൽ റിച്ച്മെന്റ് ജേർണലിന്റെ പത്രാധിപരും ജോഗറിപ്പിക്കൽ ഡിപ്പാർട്ടുമെന്റിൽ സംഘാടകനും ആയിരിക്കുന്നു.